‘കർഷകൻെറ ആളുകൾ ചെന്ന് അവനോടു പറഞ്ഞു: യജമാനനേ, നല്ല വിത്തല്ലേ നീ നിൻെറ വയലിൽ വിതച്ചതു്? പിന്നെ എങ്ങിനെയാണ് അതിൽ കളകളുണ്ടായതു്? അപ്പോൾ അവൻ മറുപടി പറഞ്ഞു: ശത്രുവാണതു ചെയ്തതു്. അവർ ചോദിച്ചു: ഞങ്ങൾ പോയി അവയെ പറിച്ചുകൂട്ടട്ടേ? അവൻ പറഞ്ഞു: വേണ്ട, നിങ്ങൾ കളകൾ പറിച്ചുകൂട്ടുമ്പോൾ അതോടുകൂടി കോതമ്പും പറിച്ചുകളയുവാൻ ഇടയുണ്ടു്.’’ —മത്തായി XIII:27-30

# സത്യദീപം

‘‘സത്യത്തെയാണ് വചോവിലാസത്തെയല്ല, വേദപുസ്തകത്തിൽ നാം തിരയേണ്ടതു്. വേദപുസ്തകം മുഴുവനും അതു് എഴുതിയ മനോഭാവത്തോടുകൂടിത്തന്നെ വായിക്കണം. ഭാഷയുടെ ചാതുര്യത്തെക്കാൾ പ്രയോജനമാണ് നാം വേദപുസ്തകത്തിൽ അന്വേഷിക്കേണ്ടതു്. നാം ഭക്തിപാവും ലാളിത്യവുമായ പുസ്തകങ്ങളെ ഉൽകൃഷ്ടവും പ്രൗഢവുമായവയെപ്പോലെ സന്തോഷപൂർവ്വം വായിക്കണം.’’ —ക്രിസ്ത്വാനുകരണം

“ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല.”

Reg. No. M. 2293. | 1956 നവംബർ 7—ബുധനാഴ്ച | Vol. 30, No. 13

## ലജ്ജിതരാകാതിരിക്കണമെങ്കിൽ!

(ജോസഫ്, ചോഴംപടം)

നിത്യവിധിയാളനായ മിശിഹാരാജൻെറ നീതിസിംഹാസനത്തുങ്കൽ നാം നിറുത്തപ്പെടുമ്പോൾ ലജ്ജിതരായി മുഖം തിരിക്കാതിരിക്കണമെങ്കിൽ, ഇഹത്തിലായിരിക്കുമ്പോൾ കരുതലോടെ ജീവിക്കേണ്ടതുണ്ടു്. ഈ ലോകം നമ്മുടെ സ്ഥിരവാസസ്ഥലമല്ലെന്നും നാം ഇഹത്തിൽ യാത്രക്കാരാണെന്നുമുള്ള സത്യത്തെ ഒരിക്കലും വിസ്മരിക്കാവതല്ല. നിത്യതത്തിൽനിന്നും പുറപ്പെട്ട നമ്മുടെ യാത്ര ഇഹത്തിൽക്കൂടി ചുററി വീണ്ടും നിത്യതത്തിൽ ചെന്നവസാനിക്കണം. അതു സൃഷ്ടികത്താവിൻെറ നിഷേധിക്കാൻ പാടില്ലാത്ത ഒരാജ്ഞയാണു്. എന്നാൽ നമ്മുടെ യാത്രയ്ക്കു ദൈർഘ്യവ്യത്യാസമുണ്ടു്. ചിലർ കൂടുതൽ സഞ്ചരിക്കുന്നു. മററു ചിലരാകട്ടെ ഹ്രസ്വസഞ്ചാരികളാണു്. ഇഹത്തിൽക്കൂടിയുള്ള മാനവൻെറ യാത്ര മരണമെന്നപടിവാതുക്കലെത്തുമ്പോൾ അവസാനിക്കുന്നു. മരണമാകുന്ന പടിവാതിൽ കടക്കാതെ ഒരുത്തനും നിത്യതത്തിൽ പ്രവേശിക്കയില്ല. അവതീർണ്ണനായ ഈശസുതൻപോലും മരണത്തിനുവിധേയനായി. എന്നാൽ മരണമാകുന്ന ആ പടിവാതിൽ നമ്മോടു് എത്രത്തോളം അടുത്താണു സ്ഥിതിചെയ്യുന്നതെന്നുള്ള വസ്തുത സൃഷ്ടികത്താവു നമ്മിൽനിന്നും മറച്ചുവച്ചിരിക്കയാണു്. മനുഷ്യൻ എത്രതന്നെ പുരോഗമിച്ചാലും, നൂതനങ്ങളായ നിരവധി കണ്ടുപിടുത്തങ്ങൾ കണ്ടുപിടിച്ചാലും ശരി ഒരുവൻ ഇന്നപ്പോൾ ഇന്നസ്ഥലത്തുവച്ചു് ഇന്നപ്രകാരത്തിൽ മരിക്കുമെന്നു കണ്ടുപിടിക്കുവാൻ ആർക്കും കഴിയുന്നതല്ല. ഒന്നു തീർച്ചയാണു്. ഒരുവൻ ജനിക്കുന്ന നാഴിക മുതൽ ഓരോ വിനാഴികകൾ കടന്നുപോകുംതോറും മരണത്തോടു കൂടുതൽ കൂടുതൽ സമീപിച്ചുകൊണ്ടാണിരിക്കുന്നതു്. എങ്കിലും, ആധുനികമാനവൻെറ ജീവിതരീതി പരിശോധിച്ചുനോക്കുന്നതായാൽ മരണമെന്നൊന്നില്ലാത്തവിധത്തിലുള്ള പ്രവൃത്തികളാണു് ഉടനീളം കാണുവാൻ കഴിയുന്നതു്. സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള അഭേദ്യബന്ധത്തെ വിച്ഛേദിച്ചുകളയുവാൻ വെമ്പൽകൊള്ളുന്ന ഒരു ജനതതിയാണിന്നു ലോകത്തിലെങ്ങുമുള്ളതു്. പരസ്പരം അടുക്കേണ്ടവർ തമ്മിൽ അകന്നു ജീവിക്കുന്നു. മരണത്തെപ്പററിയും മരണാനന്തരജീവിതത്തെപ്പററിയും അല്പമൊന്നു ചിന്തിച്ചു പ്രവത്തിച്ചിരുന്നെങ്കിൽ ഇന്നു ലോകത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒച്ചപ്പാടുകളും, ക്രമരഹിതമായ ജീവിതരീതികളും, അവകാശവാദകോലാഹലങ്ങളും മനുഷ്യർ പാടേ വെറുക്കുമായിരുന്നു; സമാധാനപൂർണ്ണമായ ഒരന്തരീക്ഷം സൃഷ്ടിക്കുവാൻ കഴിയുമായിരുന്നു.

ലോകസമാധാനത്തിനുവേണ്ടി കിണഞ്ഞുപരിശ്രമിക്കുന്ന ഒരുകാലമാണിതു്. ഒരു നല്ല നാളെയെ പടുത്തുയത്തുവാൻവേണ്ടി ലോകശക്തികൾ വെമ്പൽകൊള്ളുകയാണു്. പക്ഷേ അനുഭവമോ? ഓരോ ദിവസം ചെല്ലുംതോറും അസമാധാനവും അസംതൃപ്തിയുമാണു് കളിയാടുന്നതു്. ഇതിൻെറയെല്ലാം കാരണമെന്താണു്? മററൊന്നുമല്ല. മനുഷ്യൻ മനുഷ്യനായി ജീവിക്കുന്നില്ല. വിവേകബുദ്ധിയുള്ള മനുഷ്യൻ, വിവേകബുദ്ധിയില്ലാത്ത മൃഗങ്ങളിൽനിന്നും ഒരു പടികൂടി താഴ്ന്നാണു ജീവിക്കുന്നതു്. മുൻപറഞ്ഞപോലെ സൃഷ്ടി സ്രഷ്ടാവിൽനിന്നും അകലുവാൻ തുടങ്ങി. സ്രഷ്ടാവിനെക്കൂടാതെ ജീവിക്കുവാനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിച്ചുവെന്നാണു് അവൻെറ ധാരണ. സയൻസ്സു് സംബന്ധമായി കുറെയൊക്കെ മനുഷ്യൻ ഉയന്നു. അപ്പോൾ അവൻ ഭാവിക്കുകയാണു്, ജീവിക്കുവാൻ പ്രകൃതിമാത്രം മതി; പ്രകൃതിനാഥൻ വേണ്ടപോലും! ശാസ്ത്രീയമായി എത്രതന്നെ ഉയന്നാലും ശരി; ആസ്തിക്യബോധം നശിച്ചാൽ മനുഷ്യൻ സഞ്ചരിക്കുന്നതു് നേരായമാർഗ്ഗത്തിൽക്കൂടിയായിരിക്കുകയില്ല. ആധുനികലോകം “വറചട്ടിയിൽനിന്നും എരിതീയിലേക്കു” നിപതിച്ചിരിക്കുകയാണു്. ലോകത്തിൽ എവിടെ തിരഞ്ഞുനോക്കിയാലും വിശ്വാസത്തിൻെറ ഒരു കണികപോലും കാണുവാൻ കഴിയുന്നില്ല. അപ്പനു മകനെ, ഭാര്യയ്ക്കു ഭർത്താവിനെ, അമ്മയ്ക്കു മകളെ, സഹോദരനു സഹോദരനെ വിശ്വസിക്കുവാൻ കഴിയാത്ത ഒരു നിലയിൽ എത്തിയിരിക്കുന്നു. പരസ്പരവിശ്വാസത്തിൽ അധിഷ്ഠിതമല്ലാത്തതൊന്നും നിലനില്ക്കുവാൻ പോകുന്നില്ല എന്ന തത്വം പാടെ മറന്നിരിക്കുന്നു. ഇങ്ങനെ പരസ്പരവിശ്വാസമില്ലാത്ത ലോകശക്തികളാണു് ഒന്നിച്ചുചേർന്നു ലോകസമാധാനം സ്ഥാപിക്കുവാൻ മുറവിളികൂട്ടുന്നതു്. ഇത്തരുണത്തിൽ പ്രായോഗികമായിട്ടുള്ളതു് ഒരേ ഒരു മാർഗ്ഗം മാത്രമാണു്. സ്വയം വ്യക്തികൾ നന്നാവുക. വാക്കുകൾമാത്രം നന്നായാൽ പോരാ; തങ്ങളുടെ പ്രവൃത്തികളിൽ തങ്ങൾ നല്ലവരാണെന്നു മററുള്ളവരെ മനസ്സിലാക്കുകകൂടി വേണം. മനുഷ്യസമുദായമെന്നതു്, രാഷ്ട്രങ്ങളെക്കൊണ്ടും, ഉപരാഷ്ട്രങ്ങളെക്കൊണ്ടും കരകൾകൊണ്ടും, കുടുംബങ്ങൾകൊണ്ടും വ്യക്തികളെക്കൊണ്ടും കെട്ടിപ്പടുത്തിട്ടുള്ള ഒന്നാണല്ലോ. ലോകസമാധാനത്തിനു ഈ ഘടകങ്ങളെല്ലാം ഒററക്കെട്ടായിനിന്നു പ്രവത്തിച്ചേ മതിയാവൂ. ആയതിനാൽ ഒന്നാമതായി വ്യക്തികൾ നന്നാവുക. വ്യക്തികളാണല്ലോ സമുദായത്തിൻെറ ആണിക്കല്ലുകൾ. വ്യക്തികൾ നന്നായാൽ കുടുംബവും, കുടുംബം നന്നായാൽ കരയും കരകൾ നന്നായാൽ രാജ്യവും ഒടുവിൽ ലോകവും നന്നാവും. അപ്പോൾ ലോകസമാധാനം കൈവരികതന്നെ ചെയ്യും. എന്നാൽ വ്യക്തികളിൽ ഇപ്രകാരമൊരു പരിവത്തനമുണ്ടാകണമെങ്കിൽ അവർ സൽപന്ഥാവിൽക്കൂടി ചരിക്കണം. സ്രഷ്ടാവിങ്കലേക്കടുക്കണം. “പഴയ മനുഷ്യനെ പാടെ പരിത്യജിച്ചിട്ടു പുതിയ മനുഷ്യനെ സ്വീകരിക്കണം.” അസൂയയും, വഞ്ചനയും, വിദ്വേഷവും, പകരംവീട്ടലും, കലാപപ്രിയവും നിറഞ്ഞതാണിന്നത്തെ ലോകം. ചുരുക്കത്തിൽ പറഞ്ഞാൽ മാനവർ തങ്ങളുടെ ദുഷിച്ച മനസ്ഥിതിയെ ഉപേക്ഷിച്ചിട്ടു് ഒരു ആത്മശുദ്ധീകരണംതന്നെ നടത്തണം. വേറെ വാക്കുകളിൽ പറഞ്ഞാൽ ലോകം ക്രിസ്തുവിലേക്കാകർഷിക്കപ്പെടണം. ക്രിസ്തുവിൽക്കൂടിയല്ലാതെ ലോകത്തിനു സമാധാനം കൈവരുവാൻ പോകുന്നില്ല. അവിടുന്നാണു് സാക്ഷാൽ സമാധാനത്തിൻെറ രാജാവു്. ക്രിസ്തുവിൻെറ പ്രബോധനങ്ങളെ അനുസരിച്ചു ജീവിക്കുന്നവർക്കു മാത്രമേ, അപ്പനെ അപ്പനായും, അമ്മയെ അമ്മയായും, സഹോദരനെ സഹോദരനായും, രാഷ്ട്രാധികാരികളെ മേലധികാരികളായും, പ്രജകളെ പ്രജകളായും ദർശിക്കുവാൻ കഴിയുകയുള്ളൂ. ഇപ്രകാരം ഏതു നിലയിലുള്ളവരേയും അവരവരുടെ സ്ഥാനങ്ങളിൽക്കൂടി വീക്ഷിക്കുമ്പോൾ നമുക്കു കാണുവാൻകഴിയും ഇതിൻെറയെല്ലാം പിന്നിലുള്ള ആ മഹാശക്തിയെ, എല്ലാററിൻേറയും കാരണഭൂതനെ—ഉടയവനെ. അവിടുത്തെ ആജ്ഞാനുവത്തികളായി ജീവിച്ചെങ്കിൽ മാത്രമേ നാം നമ്മുടെ ജന്മസാഫല്യം നേടുകയുള്ളൂ. അപ്പോൾ നമുക്കു് അറിയുവാൻ കഴിയും നാമീലോകത്തിൽക്കൂടിയുള്ള യാത്രക്കാരാണെന്നുള്ള പരമാർത്ഥം. എന്നാൽ നാം വെറും അലസരായ യാത്രക്കാരല്ല. നമ്മുടെ യാത്രയ്ക്കൊരു ലക്ഷ്യമുണ്ടു്. ആ ലക്ഷ്യത്തെ മുൻനിറുത്തിവേണം നമ്മുടെ യാത്ര തുടരുവാൻ. “സ്വർഗ്ഗപ്രാപ്തി” അതാണു് നമ്മുടെ യാത്രയുടെ സർവ്വപ്രധാനലക്ഷ്യം. നമ്മുടെ ലോകയാത്രയിൽ പരിപാവനമായ ഒരനർഘനിധിയെ കേടുകൂടാതെ കാത്തുസൂക്ഷിച്ചുകൊണ്ടുവേണം മുന്നോട്ടുനീങ്ങുവാൻ. ദൈവാംശമാകുന്ന ആത്മീയജീവനെന്ന പവിത്രവസ്തുവിനു ഹാനിവരുത്തി നമ്മെ നാശക്കുപത്തിൽ നിപതിപ്പിക്കുവാൻ ശത്രുക്കൾ പതിയിരുപ്പുണ്ടു്. ലോകം, പിശാചു്, ശരീരം ഇവയുടെ വ്യാമോഹങ്ങൾ ആത്മാവിൻെറ ശത്രുക്കളാണു്. ശരീരമെന്ന ശത്രുവിനാൽ പൊതിയപ്പെട്ട ആത്മാവു് ലോകമെന്ന ശത്രുവിൽക്കൂടി യാത്രചെയ്യുമ്പോൾ, പിശാചെന്ന മഹാശത്രു തക്കംനോക്കി ശരീരത്തെ ലോകൈശ്വര്യങ്ങളുടേയും സന്തോഷങ്ങളുടേയും പിറകേ തിരിച്ചുവിടുവാൻ ശ്രമിക്കുന്നു. അപ്രകാരം ലോകസന്തോഷങ്ങളെമാത്രം കാംക്ഷിച്ചു് സാത്താൻെറ വലയിൽ അകപ്പെടുന്നവർ ദൈവത്തേയും ദൈവപ്രമാണങ്ങളേയും തങ്ങളിൽ കുടികൊള്ളുന്ന പാവനമായ ആത്മാവിനെത്തന്നേയും കാര്യമായി ഗണിക്കാതെ ജീവിക്കുന്നു. തൻമൂലം ക്ഷയമില്ലാത്ത ആത്മാവിൻെറ പവിത്രത നഷ്ടീഭവിക്കുകയും ശോഭ മങ്ങുകയുംചെയ്തു് ദൈവേഷ്ടപ്രസാദം ആത്മാവിൽ ഇല്ലാതായി ഭവിക്കുന്നു. പവിത്രമായ ആത്മാവിനെ കാത്തുകൊണ്ടുള്ള നമ്മുടെ ഈലോകജീവിതയാത്ര കല്ലും മുള്ളും കുണ്ടും കുഴിയും കുന്നും മലയും കയററവും ഇറക്കവും നിറഞ്ഞതാണെങ്കിലും മരണമെന്ന പടിവാതുക്കൽ എത്തുമ്പോൾ അവയെല്ലാം അവസാനിക്കുകയും നിത്യതത്തിലേക്കു നാം പ്രവേശിക്കുകയും ചെയ്യുന്നു. അപ്പോൾ സകലത്തിൻേറയും ഉടയവനും നിത്യവിധിയാളനുമായ മിശിഹാരാജൻ അവിടുത്തെ നീതിയുടെ സിംഹാസനത്തിൽ എഴുന്നള്ളിയിരുപ്പുണ്ടു്. എന്തിനു്? നമ്മുടെ ലോകയാത്രയുടെ കണക്കുകേൾക്കു

(ശേഷം 3-ാംപേജിൽ)



വിശുദ്ധ സ്താനിസ്ലാവോസ് കോസ്ത്ക്കാ

(തിരുനാൾ—നവംബർ 13)

ലഘുപ്രഹസനം

# അന്തിമവിജയം

(മാത്യു പുളിക്കൽ എസ്. ജെ.)

രംഗം 3

(വിസ്താരമുള്ള ഒരു മുറി. ചെറുവള്ളിലച്ചൻ ഒരു കസേരയിൽ ഇരിക്കുന്നു. ചെറുവള്ളിലച്ചൻ ചാക്കോച്ചേട്ടൻെറ ഏക സഹോദരനാണ്. സമീപേ ചാക്കോച്ചേട്ടനും മറിയാമ്മയും നില്ക്കുന്നു. കർട്ടനുയരുന്നു)

മറിയാ:- അച്ചൻ ഇത്ര പെട്ടെന്നു ഇവിടെ വരുമെന്ന് ഞങ്ങൾ വിചാരിച്ചില്ല.

അച്ചൻ:- അതിനൊരു പ്രത്യേകകാരണമുണ്ട്. അതു പിന്നീടു പറയാം.

ചാക്കോ:- ഞങ്ങളുടെ സെലീനാമ്മയുടെ കാര്യത്തെപ്പററി അച്ചനെന്തുപറയുന്നു.

അച്ചൻ:- നിങ്ങളിരുവരുടേയും അഭിപ്രായം എനിക്കറിയാം. പക്ഷെ ദൈവഹിതം എന്തെന്നറിയാതെ യാതൊന്നും ചെയ്യുവാൻ പാടില്ല. സെലീനു മഠത്തിൽ ചേരണമെന്നാണാഗ്രഹമെങ്കിൽ അതിനു നാമെന്തിനാണു തടസ്സം പറയുന്നതു്? ദൈവം തന്നതിനെ ദൈവം ചോദിക്കുമ്പോൾ കൊടുക്കേണ്ടതു് നമ്മുടെ കടമയല്ലേ?

ചാക്കോ:- എൻെറ അച്ചാ! അതവളുടെ ആഗ്രഹമല്ല. ആ മഠത്തിലമ്മമാരു കുശുകുശുത്തതാ. ഇൗ പെണ്ണിനെയങ്ങു തട്ടിയെടുത്താൽ കുറെ പണവുംകിട്ടും. അവളാണെങ്കിൽ നല്ല സ്വഭാവമുള്ളവളും.

അച്ചൻ:- പക്ഷേ! അവൾ കമ്മലീത്താമഠത്തിലാണോ ചേരാനാഗ്രഹിക്കുന്നതു്?

ചാക്കോ:- അതിനു സംശയമുണ്ടോ? അല്ലെങ്കിൽ ആ അമ്മമാർക്കെന്താണു കാര്യം?

അച്ചൻ:- അവരുടെ ജീവിതരീതിയെപ്പററിയും മററും അവൾക്കറിയാമോ?

മറിയാ:- കൊള്ളാം. അവരുടെ കൂടെനിന്നു പഠിച്ചല്ലേ അവളു മററിംഗ്ലീഷു പാസായതു്.

അച്ചൻ:- ആരാണ് മഠത്തിൽ ചേരുന്നതിനെപ്പററി അവളോടു പറഞ്ഞതു്?

മറി: അതാ ശ്രേഷ്ഠത്തിയമ്മയാണെന്നാ തോന്നുന്നേ! അതല്ലേ അവൾക്കിത്ര വാശി.

ചാക്കോ:- എൻറച്ചാ എത്രയെത്ര അപ്പന്മാരുടെ പ്ലാനുകൾക്കാ ഇൗ അമ്മമാരു കോടാലിവയ്ക്കുന്നതു്.

അച്ചൻ:- പക്ഷേ, മററുള്ളവർ പറയുന്നതുകൊണ്ടുമാത്രം ലഭിക്കുന്ന ഒന്നല്ല ദൈവവിളി. ആട്ടെ എത്ര നാളായി അവൾ ഇതിനെപ്പററി ചിന്തിക്കാൻ തുടങ്ങിയിട്ടു്.

മറി:- വെറും ഒരാഴ്ചമുൻപല്ലേ ഇതു തുടങ്ങിയതു്.

അച്ചൻ:- അങ്ങനെയാണെങ്കിൽ അത്ര പെട്ടെന്നു എടുത്തുചാടുവാൻ പാടില്ല.

ചാക്കോ:- അതല്ലേ ഞാനും പറേന്നതു്. ഇൗ കൊച്ചുങ്ങൾക്കൊന്നും അറിഞ്ഞുകൂടാ. ചങ്ങനാശ്ശേരിക്കാരൻ മത്തായിയുടെ മകനുവേണ്ടി അവൾക്കു കല്യാണം പറഞ്ഞിരിക്കുവാ. നാളെ മനസ്സുചോദ്യത്തിനു അവരിവിടെ വരും. അച്ചൻ അവളോടൊന്നു പറയണം.

അച്ചൻ:- അവളെ ഇങ്ങോട്ടു വിളിക്കൂ.

(മറിയാമ്മ അകത്തേക്കു പോകുന്നു)

അച്ചൻ:- ചാക്കോച്ചേട്ടാ, നിങ്ങൾ പറഞ്ഞതു മുഴുവൻ ശരിയാണെങ്കിൽ നിങ്ങളുടെ ഉദ്ദേശം സാധിച്ചേക്കും.

ചാക്കോ:- പക്ഷേ, ഇന്നലെ മുഴുവൻ അവളു കരയുകയായിരുന്നച്ചാ. അവളുടെ കാര്യസാദ്ധ്യത്തിനായി അൽഫോൻസാമ്മയ്ക്കു നേർച്ചയും മററും നേന്നിട്ടുണ്ടെന്നു ഞാനറിഞ്ഞു.

(മറിയാമ്മയും സെലീനും പ്രവേശിക്കുന്നു)

സെലീൻ:- ഇൗശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ.

അച്ചൻ:- എപ്പോഴും ......... സ്തുതിയായിരിക്കട്ടെ. ഞാൻ വന്നതു് സെലീൻ അറിഞ്ഞില്ല, അല്ലേ?

സെലി:- ഇല്ല. അച്ചനു ഞാനയച്ച എഴുത്തുകിട്ടിയോ?

അച്ചൻ:- കിട്ടി. സെലീൻ, നീ സിക്സ്ത്തു പാസായിട്ട് എത്ര വർഷമായി?

സെലി:- ഒന്നരവർഷം.

അച്ചൻ:- ഇപ്പോൾ നീ എന്തിനാണു മഠത്തിൽ ചേരുന്നതു്?

സെലി:- ദൈവത്തിനുവേണ്ടി എന്നെത്തന്നെ സമപ്പിക്കുവാൻ.

അച്ച:- ഇത്ര പെട്ടെന്നിങ്ങനെ ഒരാഗ്രഹംവരാൻ കാരണമെന്താണ്?

സെലി:- ഇൗ ആഗ്രഹം പെട്ടെന്നുണ്ടായതല്ലച്ചാ.

അച്ച:- പിന്നെ?

സെലി:- ഞങ്ങളുടെ പരീക്ഷയ്ക്കുശേഷം നടത്തിയ ഏകാന്തധ്യാനത്തിൽവച്ചാണ് ഞാനിതു തീരുമാനിച്ചതു്.

അച്ചൻ:- മറിയാമ്മയല്ലേ പറഞ്ഞതു് ഒരാഴ്ചയേ ആയുള്ളുവെന്നു്.

മറി:- അതെ, അച്ചാ. കഴിഞ്ഞ ആഴ്ചയിലാ അവളിതെന്നോടു പറഞ്ഞതു്.

അച്ചൻ:- ആകട്ടെ. സെലീൻ, ഇൗ വിവരം മുൻപു ആരോടെങ്കിലും പറഞ്ഞോ?

സെലി:- പറഞ്ഞു; ധ്യാനഗുരുവിനോടും, നമ്മുടെ മഠത്തിലെ മദറിനോടും......

മറിയാ:- ഞാൻ പറഞ്ഞില്ലേ ആ മദറിൻെറ കാര്യം.

ചാക്കോ:- ഇപ്പോൾ അച്ചനു കാര്യങ്ങൾ ശരിയായി മനസ്സിലാകും.

അച്ചൻ:- അവരെന്തുപറഞ്ഞു?

സെലി:- ജീവിതാന്തസ്സു തിരഞ്ഞെടുക്കുന്നതു് വളരെ ഗൗരവമേറിയ ഒരു സംഗതിയാണെന്നും, അതിനാൽ പ്രാർത്ഥനയിലും പരിത്യാഗപ്രവൃത്തികളിലുംകൂടി ദൈവഹിതം ആരായണമെന്നും, അതിനുശേഷം മാത്രമേ ഒരു തീരുമാനത്തിലെത്തിച്ചേരാവൂ എന്നും ധ്യാനഗുരു എന്നോടു പറഞ്ഞു.

ചാക്കോ:- ആ മദറെന്തു പറഞ്ഞെടീ?

അച്ചൻ:- നീ അതുപോലെ ചെയ്തോ?

സെലി:- ഉവ്വ്. കഴിഞ്ഞ ഒന്നരവർഷം അതിനെപ്പററി നന്നായി ചിന്തിച്ചതിൻെറ ഫലമായി ഞാൻ കന്യാസ്ത്രീയാകണമെന്നു തീരുമാനിച്ചു.

അച്ചൻ:- മദറെന്താണു പറഞ്ഞതു്?

സെലി:- എൻെറ ആഗ്രഹം നല്ലതാണെന്നും എനിക്കുവേണ്ടി പ്രത്യേകം പ്രാത്ഥിക്കുന്നതാണെന്നും പറഞ്ഞു.

അച്ചൻ: മറെറാന്നും പറഞ്ഞില്ലേ?

സെലി:- ഇല്ല.

അച്ചൻ:- പിന്നെങ്ങനെയാണ് നീ കമ്മലീത്താമഠത്തിൽ ചേരണമെന്നു തീരുമാനിച്ചതു്?

സെലി:- ഞാൻ കമ്മലീത്താമഠത്തിൽ ചേരണമെന്നാഗ്രഹിക്കുന്നില്ല.

അച്ച:- ചാക്കോച്ചേട്ടനല്ലേ പറഞ്ഞതു് അതാണു നിൻെറ ആഗ്രഹമെന്നു്.

സെലി:- അല്ല. ഞാൻ ആരാധനാമഠത്തിൽ ചേരുവാനാണു പോകുന്നതു്.

അച്ചൻ:- ചാക്കോച്ചേട്ടാ, മറിയാമ്മേ, വെറും തെററിദ്ധാരണകളാൽ വഞ്ചിക്കപ്പെട്ടാണ് നിങ്ങൾ ഇതുവരേയും സംസാരിച്ചതു്. മനുഷ്യരക്ഷയ്ക്കുവേണ്ടി മനുഷ്യനായി പിറന്ന മിശിഹായോടുള്ള സ്നേഹത്തെപ്രതി വീടും നാടും ഉപേക്ഷിച്ച് ദൈവസേവനം നടത്തുന്നവരെപ്പററി പലരും പലതും പറഞ്ഞുപരത്താറുണ്ട്. അതൊന്നും വാസ്തവമല്ലെന്നു ഇപ്പോൾ നിങ്ങളിരുവർക്കും മനസ്സിലായിക്കാണുമെന്നു വിശ്വസിക്കുന്നു. അവൾ തിരഞ്ഞെടുത്തവഴി പരിശുദ്ധമാണ്. ദൈവനിശ്ചിതമാണ്. അവളെ അതിനനുവദിക്കുക.

ചാക്കോ:- പക്ഷേ, നാളെ അവർ മനസ്സുചോദ്യത്തിനു വരുമല്ലോ!

അച്ച:- അവരെ എൻെറ പക്കലേക്കയക്കുക.

(ഒരു ശിപായി എഴുത്തുമായി പ്രവേശിക്കുന്നു)

ശിപായി:- ചെറുവള്ളിൽ ചാക്കോച്ചേട്ടൻ ഇവിടെ ഉണ്ടോ?

ചാക്കോ:- ഉവ്വ് ഞാൻതന്നെ.

(പ്യൂൺ എഴുത്തുകൊടുക്കുന്നു. ചാക്കോച്ചേട്ടൻ എഴുത്തെടുത്തു ഉറക്കെ വായിക്കുന്നു)

പ്രിയ ചാക്കോച്ചേട്ടാ,

അവിചാരിതമായ കാരണങ്ങളാൽ ഞങ്ങൾക്കു നാളെ വരുവാൻ സാധിക്കുകയില്ല. കൂടാതെ കല്യാണം അനിശ്ചിതകാലത്തേക്കു നീട്ടിവയ്ക്കേണ്ടതായിട്ടാണിരിക്കുന്നതു്. ശേഷം മുഖദാവിൽ.

എന്നു്
സ്വന്തം മത്തായി,
(ഒപ്പ്)

മറി:- എൻെറ കത്താവേ! ഇതെന്താണിങ്ങനെ വരാൻ.

(ചാക്കോച്ചേട്ടൻ കണ്ണുമിഴിച്ചു നില്ക്കുന്നു)

അച്ചൻ:- സെലീൻ, നിൻെറ ആഗ്രഹം പരിശുദ്ധമാണ്. ദൈവഹിതം നീ ക്രൂശിതനായ യേശുവിൻെറ മണവാട്ടിയാകണമെന്നതാണ്. ഹൃദയമറിയുന്ന ദൈവം നിന്നെ ഇന്നു് വിജയശ്രീലാളിതയാക്കിത്തീർത്തിരിക്കുന്നു. ചാക്കോച്ചേട്ടാ ഇന്നലെ എനിക്കൊരെഴുത്തുകിട്ടി. ആ എഴുത്താണ് ഇന്നു് എന്നെ ഇവിടേക്കു കൊണ്ടുവന്നതു്. പത്തുവർഷംമുൻപു് നിങ്ങൾക്കു നഷ്ടപ്പെട്ട നിങ്ങളുടെ പുത്രൻ ശ്രീമാൻ സി. സി ജോർജ്ജ് ഇന്നിവിടെ വരുന്നതാണ്. അവൻ ഇൻഡ്യൻ നാവികസേനാവകുപ്പിലെ ഒരു ഉയന്ന ഉദ്യോഗസ്ഥനാണ്. ഒരു മകളെ ദൈവത്തിനു ദാനംചെയ്യുമ്പോൾ ഒരു മകനെ നിങ്ങൾക്കു ലഭിക്കും. ദൈവത്തിൻെറ പ്രവൃത്തികൾ അന്യാദൃശങ്ങളാണ്. അവിടുന്നു കാരുണ്യവാനാണ്. (വാതിലിലേക്കു നോക്കിക്കൊണ്ടു്) അല്ല! അവൻ എത്തിക്കഴിഞ്ഞല്ലോ.

(വെള്ളസ്യൂട്ടുധരിച്ച് സുമുഖനായ ഒരു യുവാവു പ്രത്യക്ഷപ്പെടുന്നു)

ജോർജ്ജ്:- ഇൗശോമിശിഹായ്ക്കും സ്തുതിയായിരിക്കട്ടെ.

അച്ചൻ:- എപ്പോഴും...... ...

മറിയാ:- എൻെറ മോനേ(ജോർജ്ജിനോടടുക്കുന്നു)

സെലീൻ:- കൊച്ചായാ (സെലീൻ ജോർജ്ജിൻെറ കരവലയങ്ങൾക്കുള്ളിലേക്കു വീഴുന്നു)

ചാക്കോ:- അച്ചാ, സന്തോഷം കൊണ്ടു എനിക്കു മിണ്ടുവാൻകൂടി സാധിക്കുന്നില്ല.

അച്ചൻ:- ഹാ! ഇൗ രംഗംകണ്ടു് ആനന്ദമടയുവാൻ എനിക്കിടയാക്കിയ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ!

ചാക്കോ:- മകളേ, കഠിനഹൃദയനായ ഇൗ പിതാവിനോടു നീ ക്ഷമിക്കുമോ?

സെലി:- അപ്പച്ചാ! എല്ലാം ദൈവമഹത്വത്തിനുവേണ്ടി.

അച്ച:- സെലീൻ, ദൈവപരിപാലനയുടെ അദൃശ്യകരങ്ങളാണ് നമ്മെ നയിക്കുന്നതെന്നു നീ മറക്കരുതു്.

ജോർജ്ജ്:- അച്ചാ, അവിടുന്നു ഞങ്ങളെ അനുഗ്രഹിക്കൂ.

(എല്ലാവരും മുട്ടുകുത്തുന്നു. അച്ചൻ ആശീർവ്വദിക്കുന്നു)

(കർട്ടൻ)

# സായിപ്പ്

(തോമസ് സെബാസ്റ്റ്യൻ ബി. ഏ. എൽ. ററി.)

സായിപ്പിനെ മറക്കാൻ ശ്രമിച്ചു. സായിപ്പു നമ്മുടെ ശത്രു നമ്പർ വൺ ആണെന്നു കേട്ടിട്ടുണ്ട്. അതുകൊണ്ടാണ് മറക്കാൻ വട്ടം കൂട്ടിയതു്. പക്ഷേ എന്തു ഗ്രഹപ്പിഴയോ, സായിപ്പിനെ മറക്കാൻ ശ്രമിക്കുന്തോറും സായിപ്പ്, സായിപ്പ്, സായിപ്പ്—സായിപ്പിൻെറ ഒരു കൂതന്നെ എൻെറ മുൻപിൽ സത്യാഗ്രഹമാണ്. കുത്തിയിരിപ്പല്ല, നില്പാണ്. മറക്കാൻ ശ്രമിക്കുന്തോറും ഓമ്മയിൽ സ്ഥിരവാസമുറപ്പിക്കുന്ന ഒരു പിന്തിരിപ്പനാണ് സായിപ്പ്.

സായിപ്പിനെ മറക്കാൻശ്രമിച്ചതു് എന്തിനാണെന്നല്ലേ? അയാൾ ദ്രോഹിയാണ്. സ്വന്തം കാര്യം സിന്താബാദാണയാളുടെ നയം. സായിപ്പിൻെറ നന്മയെക്കരുതി ചെയ്തതിൻെറ എച്ചിലേ നമുക്കു കിട്ടിയിട്ടുള്ളു. നമ്മെ നേരിട്ടു ഗുണപ്പെടുത്താൻ ഒന്നും ചെയ്തില്ല. സായിപ്പിനു യാത്രചെയ്യാൻ റോഡും റെയിൽവേയുമുണ്ടാക്കി. നമ്മളും അതിൽ യാത്രചെയ്യുന്നു. പൈസാകൊടുത്തിട്ടാണ്. അപ്പോൾ ഗുണം സായിപ്പെടുത്തു. വൈസ്രോയിസായിപ്പും, ഗവണ്ണർസായിപ്പും, റസിഡൻറ്സായിപ്പും തമ്മിൽ പെട്ടെന്നു ആശയവിനിമയംചെയ്യാൻ കമ്പി ഏപ്പെടുത്തി. നമ്മളും അതിലടിച്ച് കാര്യംകാണുന്നുണ്ടെങ്കിലും പൈസാകിട്ടിയതു് സായിപ്പിനാണ്. പത്തുമുന്നൂറു കൊല്ലം നമ്മുടെ മാതൃരാജ്യത്തെ കടിച്ചീമ്പിക്കുടിച്ച് കൊഴുത്തുതടിച്ച് അവർ പോയി. ചപ്പുചവറാണ് നമ്മുടെ അഭിവന്ദ്യനേതാക്കന്മാക്കു കിട്ടിയതു്. അവർ കടിച്ചീമ്പിനോക്കിയിട്ട് അതിൽനിന്നൊന്നും "നമുക്കു" കിട്ടാനില്ല. ഇൻക്വിലാബ് സിന്താബാദ്!

സായിപ്പു ഇവിടെനിന്നും പോയി. ഇങ്ങിനിവരാത്തവണ്ണം പോയി. പക്ഷേ പടിഞ്ഞാറൻസായിപ്പാണ് പോയതു്. കിഴക്കൻസായിപ്പ് കടക്കണ്ണുകൊണ്ടു് നോട്ടമിട്ടിട്ടുണ്ട്.. എൻെറ പദപ്രയോഗം തെററിപ്പോയെന്നുതോന്നുന്നു. ഇൻഡ്യയുടെ കിഴക്കു മലയാ. മലയായുടെ കിഴക്കു ആസ്ത്രേലിയാ. ആസ്ത്രേലിയായുടെ കിഴക്കു അമേരിക്കാ. അമേരിക്കായുടെ കിഴക്ക് യൂറോപ്പും ആഫ്റിക്കായും. അതിനുകിഴക്കു ഇൻഡ്യാ. പിന്നേതാണാവോ പടിഞ്ഞാറു്? ഇൻഡ്യയുടെ പടിഞ്ഞാറു് യൂറോപ്പും ആഫ്റിക്കായും. അതിനു പടിഞ്ഞാറു് അമേരിക്കാ. അതിനു പടിഞ്ഞാറു് ആസ്ത്രേലിയാ. അതിനു പടിഞ്ഞാറു മലയാ. അതിനു പടിഞ്ഞാറു് ഇൻഡ്യാ. പിന്നേതാണാവോ കിഴക്ക്? കിഴക്കിൻെറയോ പടിഞ്ഞാറിൻെറയോ പ്രവാചകന്മാർ അതു വ്യക്തമാക്കിയാൽ കൊള്ളാം.

സായിപ്പ് ഇവിടെനിന്നു പോയി. പോയപ്പോൾ അയാൾ വളരെയധികം ഇവിടെനിന്നും കൊണ്ടുപൊയ്ക്കളഞ്ഞു. നമ്മുടെ സ്വഭാവംപോലും കൊണ്ടുപൊയ്ക്കളഞ്ഞു. ദ്രോഹി! പക്ഷേ അത്ഭുതത്തിനു അതിൽ വകയില്ല. കോൺഗ്രസ് ഭരണത്തിലിരിക്കുന്ന മദ്രാസ് അതിൻെറ ഒരു ഭാഗമായ മലബാറിനെ, കോൺഗ്രസ്ഭരണത്തിലിരിക്കുന്ന തിരുക്കൊച്ചിയിലേക്ക് വിട്ടുകൊടുക്കുന്നതിൻെറ പ്രാരംഭമായി മലബാറിൽ മൂപ്പിറക്കുന്നതുപോലെ സായിപ്പു ചെയ്തതായി പരാതിയുണ്ടായിട്ടില്ലെന്നു തോന്നുന്നു. പക്ഷേ ചരിത്രം മാറിയെഴുതിക്കൊണ്ടിരിക്കുകയാണ്. ഭാവിയിൽ വല്ലതും കണ്ടുപിടിച്ചെന്നു വരാം.

നമ്മുടെ സ്വഭാവം തട്ടിക്കൊണ്ടുപൊയ്ക്കളഞ്ഞതാണ് കഷ്ടാൽ കഷ്ടതരമായിപ്പോയതു്. മലബാ

(ശേഷം 4-ാംപേജിൽ)


നിത്യമായ സന്തോഷത്തിനു്

പണമാണ് മനുഷ്യനെ
സന്തോഷവാനും ദുഃഖിതനുമാക്കു
ന്നതു്. ജീവിതത്തിലെ ഓരോ പ്രധാന
സന്ദർഭത്തിലും പണം അപരിത്യാജ്യമായ ഒരു വസ്തുവാണ്
എല്ലാ മാസത്തിലും നിങ്ങളുടെ വരുമാനത്തിൽ ഒരു ക്ലിപ്തമായ
അംശം ബാങ്കിൽ നിക്ഷേപിക്കുക. അങ്ങനെ ആ തുക വർദ്ധിച്ച്
ചുരുങ്ങിയ ഒരു കാലയളവിനുള്ളിൽ അതു നിങ്ങൾക്ക് ധൈ
ര്യവും പ്രചോദനവും തരുവാൻ തക്കവണ്ണം മതിയായ
ഒരു സംഖ്യയായി രൂപാന്തരപ്പെടും. നിങ്ങളുടെ
നിക്ഷേപങ്ങൾക്ക്.

ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇൻഡ്യാ ക്ലിപ്തം
ഹെഡ് ആഫീസ്. ചങ്ങനാശ്ശേരി

ബ്രാഞ്ചുകൾ
ആലപ്പുഴ — അതിരമ്പുഴ — കോഴിക്കോട്
ചങ്ങനാശ്ശേരി — എടത്വാ — കോട്ടയം
മണിമല — തിരുവനന്തപുരം
കാഞ്ഞിരപ്പള്ളി

# പുതിയ കേരളസംസ്ഥാനം






കേരളഗവർണ്ണറായി നിയമിതനായിരിക്കുന്ന ശ്രീ രാമകൃഷ്ണറാവു

## കേരളത്തിനു ഭാവുകം



എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ സന്ദേശം:-

"ഇന്ത്യൻ റിപ്പബ്ളിക്കിലെ ഭാഷാപരവും സംസ്കാരപരവുമായ ഒരു പ്രത്യേകഘടകത്തെ ഉള്ളടക്കിക്കൊണ്ടുള്ള ഐക്യകേരളത്തെപ്പററിയുള്ള നമ്മുടെ ചിരവാഞ്ഛിതമായ സ്വപ്നം ഒരു യാഥാർത്ഥ്യമായിത്തീരുന്ന ചരിത്രപ്രാധാന്യമർഹിക്കുന്ന ഈ സുദിനത്തിൽ നമ്മുടെ ജനങ്ങളുടെ സന്തോഷങ്ങളിൽ നാം ആത്മാർത്ഥമായി ഭാഗഭാക്കാകുകയും, അവർക്കു ഭാവുകമാശംസിക്കുകയും ചെയ്യുന്നു. കേരളത്തിനു മഹനീയമായ ഒരു ഭൂതകാലമാണുള്ളത്. അന്നു് അതു പൗരസ്ത്യദേശത്തെ, അന്താരാഷ്ട്രീയവ്യാപാരത്തിന്റെ ഏററവും പ്രവൃദ്ധമായ കേന്ദ്രങ്ങളിലൊന്നായിരുന്നു. ഇന്ത്യയിൽ ക്രിസ്തുമതത്തിന്റെ പിള്ളത്തൊട്ടിലായ അതു പ്രാചീനമതങ്ങളുടെയും സംസ്കാരങ്ങളുടേയും സമ്മേളനരംഗമായിരുന്നു. ഈ പുതിയ സ്റ്റേറ്റു് വിപുലങ്ങളായ പ്രകൃതിവിഭവങ്ങളാലും, വിദ്യാഭ്യാസത്തിന്റെയും സംസ്കാരത്തിന്റെയും ഉന്നതമാനദണ്ഡത്താൽ ഇന്ത്യയിലെ പൊതുജനജീവിതത്തിൽ പ്രശസ്തിയാർജ്ജിച്ചിട്ടുള്ള ധിഷണാശാലികളും കഠിനപ്രയത്നശീലരുമായ ഒരു ജനതയാലും അനുഗൃഹീതമാകുന്നു. കേരളത്തിലെ വിവിധസമുദായങ്ങൾ, സൗഭാഗ്യകരവും അഭിവൃദ്ധികരവുമായ ഒരു സംസ്ഥാനം കെട്ടിപ്പടുക്കുന്നതിനുള്ള ഉത്തരവാദിത്വങ്ങൾ, പരസ്പരനീതിയുടെയും സ്നേഹത്തിന്റെയും ചൈതന്യത്തോടെ, സഹോദരന്മാരെന്നനിലയിൽ, ഏറെറടുക്കുമെന്നാണു എന്റെ ആത്മാർത്ഥമായ പ്രത്യാശ. ദൈവം നമ്മുടെ പ്രിയപ്പെട്ട കേരളത്തെ അനുഗ്രഹിക്കട്ടെ."

## ചില സ്ഥിതിവിവരക്കണക്കുകൾ

| | |
|---|---|
| കൂടിയ നീളം | 400 മൈൽ |
| കൂടിയ വീതി | 80 " |
| വിസ്തീർണ്ണം | 14980 ച. മൈ. |
| ജനസംഖ്യ | 136 ലക്ഷം |
| ജനസാന്ദ്രത | 908 |
| ഹിന്ദുക്കൾ | 82 ലക്ഷം |
| ക്രിസ്ത്യാനികൾ | 33 ലക്ഷം |
| മുസ്ലീമിങ്ങൾ | 21 ലക്ഷം |
| ഉയർന്ന കൊടുമുടി- | ആനമുടി |
| വലിയ നദി- | ഭാരതപ്പുഴ |
| വ. അതിർത്തി- | തലപ്പാടിപുഴ |
| തെ. അതിർത്തി- | കളിക്കവിള |
| മുതലെടുപ്പു്- | 2528.31 ലക്ഷം |
| ഹൈസ്കൂളുകൾ- | 731 |
| മിഡിൽ-പ്രൈ. സ്കൂൾ- | 9109 |
| ട്രെയിനിംഗ് സ്കൂൾ- | 90 |
| കോളെജുകൾ- | 56 |
| (ആകെ സ്കൂൾ- | 10450) |
| ദിനപത്രങ്ങൾ- | 21 |
| പ്രസ്സുകൾ- | 452 |
| വലിയ വ്യവസായങ്ങൾ- | 160 |
| ഫാക്ടറികൾ- | 1400 |
| ആശുപത്രികൾ- | 72 |
| ഡിസ്പെൻസറികൾ- | 192 |

(1-ാംപേജു് തുടർച്ച)

വാൻ. അവിടുത്തെ സന്നിധിയിൽ നാം അഞ്ജലീബദ്ധരായിനിന്നുകൊണ്ടു് നമ്മുടെ യാത്രയിലെ സകല കണക്കുകളും കേൾപ്പിക്കണം. പാപമാലിന്യമില്ലാത്ത ആത്മാവോടുകൂടിയാണു് നാം അവിടുത്തെ സന്നിധിയിൽ നില്ക്കുന്നതെങ്കിൽ മഹാ ഭാഗ്യവാന്മാർതന്നെ. അല്ലെങ്കിൽ ദുർഭഗർ. നിത്യവിധിയാളനായ മിശിഹാരാജന്റെ തിരുസന്നിധിയിൽ നാം നിറുത്തപ്പെടുമ്പോൾ, നമ്മുടെ ജീവിതയാത്രയിലെ സകല കണക്കുകളും കേൾപ്പിക്കുമ്പോൾ, അവിടുത്തെ പ്രകാശമിയലുന്ന സന്നിധിയിൽനിന്നും ലജ്ജിതരായി മുഖംതിരിയാതിരിക്കണമെങ്കിൽ ഈ ലോകത്തിലായിരിക്കുമ്പോൾ തക്കകരുതലോടുകൂടി നാം നടന്നുകൊള്ളണം.

—o—

(2-ാംപേജ് തുടർച്ച;

റിൽനിന്നു് ഒന്നും കൊണ്ടുപോകുന്നില്ലെന്നു മദ്രാസ്കോൺഗ്രസ്സും "അപ്പിടി" കൊണ്ടുപോകുന്നെന്നു് മലബാർകോൺഗ്രസ്സും തട്ടിമൂളിക്കുന്നു. രണ്ടും ശരിയായിരിക്കുകയില്ല. ഒന്നു ശരിയും മറേറതു് തെററുമായിരിക്കും. വിരുദ്ധങ്ങളായ പ്രസ്താവനകൾ രണ്ടും ശരിയാക്കാനും അവർ ശ്രമിക്കാതിരിക്കുകയില്ല. ഏതായാലും പച്ചക്കള്ളം പറയാനുള്ള കഴിവു സായിപ്പങ്ങു കൊണ്ടുപോയില്ലല്ലോ. ദ്രോഹി! അതു നമുക്കു വിട്ടിരിക്കുകയാണു്.

ഭാരതത്തിൽ സംസ്ഥാനങ്ങൾ തമ്മിലും വർഗ്ഗങ്ങൾ തമ്മിലും മതങ്ങൾ തമ്മിലും ഭാഷകൾ തമ്മിലും വലിയ തല്ലുപിടുത്തമൊന്നുമില്ലാതെ കഴിഞ്ഞു. സായിപ്പങ്ങു പോയി. തല്ലുപിടുത്തവും തുടങ്ങി. ഹിന്ദുമുസ്ലീം വഴക്കാദ്യം. ഹിന്ദുക്രിസ്ത്യൻ വഴക്കു പുറകെ. ഭാഷയെച്ചൊല്ലി കൂട്ടക്കൊലവരെയായില്ലേ? നമ്മുടെ നേതാക്കന്മാർ ലോകപര്യടനംനടത്തി പഞ്ചശീലതത്വം ലോകത്തിനുപദേശിക്കുകയാണു്. ഇവിടെ അതില്ലാഞ്ഞിട്ടു വെടിയും പടയും. നമുക്കു പഞ്ചശീലവുംവേണ്ടാ, ചതുർശീലവും വേണ്ടാ. ഒരൊററശീലംമതി—"നല്ലശീലം". അതു സായിപ്പങ്ങു കൊണ്ടുപൊയ്ക്കളഞ്ഞു.

ഭാരതത്തിൽ കുറച്ചു കൃത്യനിഷ്ഠ ഉണ്ടായിരുന്നു. അതാവശ്യത്തിനു തികയുന്നില്ലെന്നുപറഞ്ഞു് സായിപ്പു് കുറേക്കൂടി സപ്ലൈചെയ്തു. പക്ഷെ ദ്രോഹി പോയപ്പോൾ മുൻപു കുറച്ചുണ്ടായിരുന്നതുകൂടെ കൊണ്ടുപൊയ്ക്കളഞ്ഞു. 4 മണിക്കു് ആരംഭിക്കേണ്ട യോഗത്തിനു അനേകായിരം ജനങ്ങൾ ക്ഷമയററു കാത്തിരുന്നു്, അഞ്ചഞ്ചരയാകുമ്പോൾ വന്നുകയറി ആദ്ധ്യക്ഷംവഹിക്കാൻ ഒരു നാടൻമന്ത്രിക്കുപോലും ഒരു കൂസലുമില്ല. അനേകായിരംപേരെ മണിക്കൂറുകൾ കാത്തിരുത്തിയതു് അദ്ദേഹത്തിന്റെ മേന്മ വർദ്ധിപ്പിച്ചതേയുള്ളു. 15--ാം തീയതി ഡിപ്പാർട്ടുമെൻറു മേധാവിക്കു കിട്ടേണ്ട സ്റ്റേററുമെൻറിനു് 18-ാം തീയതിവച്ചു് ആവശ്യപ്പെടുന്നതും അതു കീഴ്ഘടകത്തിനു് 21-ാം തീയതി കിട്ടുന്നതും മൂക്കും തലയും വിയത്തു മടങ്ങുന്ന പോസ്റ്റിൽ അതയക്കുന്നതും താമസിച്ചതിനു് സമാധാനവും ക്ഷമാപണവും കീഴ്ഘടകത്തെക്കൊണ്ടു് എഴുതിക്കുന്നതുമെല്ലാം നമ്മുടെ ഉദ്യോഗസ്ഥന്മാരുടെ മഹിമപ്രതാപത്തെ വർദ്ധിപ്പിക്കുന്നതേയുള്ളു. വരുന്ന കത്തിനു് മറുപടി മടങ്ങുന്ന പോസ്റ്റിൽ അയച്ചില്ലെങ്കിൽ ധിക്കാരം. പോകുന്ന കത്തിനു് മൂന്നുമാസം കഴിഞ്ഞും മറുപടികാണാതെ ഒരു റിമൈൻഡർ അയച്ചാലും ധിക്കാരം. എന്റെ പൊന്നുസായിപ്പേ, നിങ്ങളെന്തു "കൂടോത്ര"മാണിവിടെ ചെയ്തിട്ടു പോയിരിക്കുന്നതു്?

നമ്മുടെ തീവണ്ടിയും ബസ്സും കാറുമൊക്കെ സായിപ്പു പോയകാര്യം അറിഞ്ഞതാണിതിലൊക്കെ അത്ഭുതം. പണ്ടൊക്കെ വ്യക്തികൾ കയത്തിൽ ചാടിച്ചാകാറുണ്ടായിരുന്നു. ഇന്നു് തീവണ്ടിയും ബസ്സുമൊക്കെയാണു് പുഴയിൽചാടി ആത്മഹത്യചെയ്യുന്നതു്. ആത്മഹത്യ മാത്രമാണെങ്കിൽ തരക്കേടില്ലായിരുന്നു. മരിക്കാൻ മനസ്സില്ലാത്തവരെ കൂട്ടത്തോടെ കൊല്ലുന്ന പണിയാണവർ സ്വീകരിച്ചിരിക്കുന്നതു്.

സായിപ്പിനു സമയത്തെ വലിയ ഭയമായിരുന്നുവെന്നു തോന്നുന്നു. മിനിററുതെററിയാൽ സായിപ്പിന്റെ മൂക്കുവിയക്കും. നമുക്കു് മിനിററും മണിക്കൂറും പുല്ലാണു്. ഇന്നലെ നാലുമണിക്കു വരേണ്ട വണ്ടി ഇന്നു മൂന്നരമണിക്കു വന്നെത്തിയാൽ അരമണിക്കൂർ നേരത്തെ വന്നുവെന്നു പറയാൻ നാം തയാറാണു്. പത്തുമണിക്കു സ്കൂൾ പരിശോധനയ്ക്കു വരുമെന്നു പറഞ്ഞ ഇൻസ്പെക്ടർ സ്വാമി പതിനൊന്നരയ്ക്കു വന്നുകയറിയതും, 9-45 മുതൽ 10-15 വരെ ഇൻസ്പെക്ടറെ സ്വീകരിക്കാൻ പൂമുഖത്തു കാത്തിരുന്ന മാനേജർസായിപ്പു് ഇൻസ്പെക്ടർ വന്നപ്പോൾ സന്ദർശനാനുവാദം കൊടുക്കാതിരുന്നതുമായ ഒരു സംഭവം എനിക്കറിയാം. മാസംതോറും ഒന്നാമത്തെ സ്വാദ്ധ്യായദിവസം ഉച്ചകഴിഞ്ഞു് 4 നും 4-30 നും മദ്ധ്യേ ശമ്പളം വാങ്ങിക്കൊള്ളണമെന്ന മാനേജർസായിപ്പിന്റെ റൂളിങ്ങിനെ ലംഘിച്ച നാടൻഉപാദ്ധ്യായൻ ഒരു മാസംകൂടി ശമ്പളത്തിനു കാത്തിരിക്കേണ്ടിവന്നതും എനിക്കറിയാം. ആവശ്യപ്പെട്ട പുസ്തകം കമ്പനിസ്റ്റോക്കിൽ ഇല്ലാഞ്ഞിട്ടു്, സ്റ്റോക്കുണ്ടായിരുന്ന പുസ്തകം വി. പി. അയച്ചതു് പൊട്ടിച്ചുകണ്ടപ്പോൾ മനസ്സിലായി, ഇൻഡ്യയിലെ ഓക്സ്ഫോർഡ് യൂണിവേഴ്സിററിപ്രസ്സ് സായിപ്പിന്റെ പിടിയിൽനിന്നു വിട്ടുപോയി എന്നു്.




നമ്മുടെ കമ്പിത്തപാലിനൊക്കെ എന്തു പററിയാവോ? കുറെ ഇംഗ്ലീഷ്പുസ്തകത്തിനു് ഓർഡർ കൊടുത്തിട്ടു് കിട്ടിയ കെട്ടഴിച്ചു നോക്കിയപ്പോൾ മലബാറിൽ നാലാംക്ലാസ്സിലെ മലയാളം പാഠപുസ്തകത്തിന്റെ നൂറുകോപ്പികൾ അതിൽ ഒളിച്ചിരുന്നു എന്നെ നോക്കി പല്ലിളിക്കുന്നു. നാട്ടിൽനിന്നയക്കുന്ന കത്തു് പിറേറദിവസം കിട്ടാറുണ്ടെങ്കിലും ഒരിക്കൽ കമ്പി അടിച്ചപ്പോൾ നാലാംദിവസമാണു കിട്ടിയതു്. കടത്തുകാശില്ലാഞ്ഞു് അമാന്തംവന്നതാണു് കാരണം. സായിപ്പിന്റെ കാലത്തു് പട്ടാളത്തിൽ പട്ടാളച്ചിട്ടയുണ്ടായിരുന്നു. ഫാമിലി അലോട്ടുമെൻറു് ഒന്നാംതീയതി കൃത്യമായി അയച്ചിരുന്നതു് ഇന്നു് 15-ാം തീയതിവരെ പോസ്റ്റാഫീസ്തിണ്ണയിൽ കുത്തിയിരുന്നു് അന്വേഷിച്ചുകൊള്ളണമെന്നായിട്ടുണ്ടു്. സ്കൂൾ തുറക്കുമ്പോൾമുതൽ ഉപയോഗത്തിലിരിക്കേണ്ട ഒരണവിലയുള്ള വിദ്യാഭ്യാസകലണ്ടർ ഓണത്തിനും ക്രിസ്തുമസ്സിനും മദ്ധ്യേയെങ്കിലും കിട്ടണമെങ്കിൽ ഒരു രണ്ടുരൂപയെങ്കിലും പുറംചെലവുകൂടി വേണ്ടിവരും.

അയ്യയ്യയ്യോ!! എനിക്കു ചിന്തിക്കാൻവയ്യാ. തല പുകയുന്നു. തല പുളക്കുന്നു. ജനങ്ങളുടെ കാശുകൊണ്ടു് പറന്നുനടക്കുന്നവർ ആരെങ്കിലും, എവിടെനിന്നെങ്കിലും കുറെ കാര്യക്ഷമതയുടേയും കൃത്യനിഷ്ഠയുടേയും വിത്തു കൊണ്ടുവന്നു് നമ്മുടെ നാട്ടിൽ വിതച്ചാൽകൊള്ളാം. അതിനു വേണ്ടിവരുന്ന ചെലവുനികത്താൻ ഒരു സൂപ്പർടാക്സ് ഏർപ്പെടുത്തിയാലും വേണ്ടില്ല. അല്ലെങ്കിൽ ഒരു പന്ത്രണ്ടു ബ്രിട്ടീഷ് സായിപ്പന്മാരെ വരുത്തി ഭരണവകുപ്പുകളിൽ അവരെ ഏർപ്പെടുത്തുന്നതിനെങ്കിലും ഭരണചക്രത്തിന്റെ ചുക്കാൻപിടിക്കുന്നവർക്കു കരുണയുണ്ടായാൽ കൊള്ളാം.




## "തകർന്ന ജീവിതം"

[ശാന്ത, എറണാകുളം]

വെള്ളിമേഘങ്ങൾക്കിടയിലൂടെ പൂർണ്ണചന്ദ്രൻ ഓടിക്കളിച്ചുകൊണ്ടിരുന്നു. കണ്ണിനു് കുളർമ്മയും മനസ്സിനു് ആനന്ദവും നൽകുന്ന പൂനിലാവു്! മണി പതിനൊന്നു കഴിഞ്ഞു. വിദൂരതയിൽനിന്നും ഒരു ഓടക്കുഴൽവായനയുടെ ശ്രുതിമധുരമായ കുളുകുളാശബ്ദം പൊന്തിവന്നു. ഒരനുഗൃഹീതകലാകാരന്റെ കലാപാടവം ഒരു മുഴം ഈററയിൽനിന്നും ലോകരെ വിളിച്ചറിയിക്കുകയാണു്. അതു് ആരു വായിക്കുന്നുവെന്നോ എവിടെനിന്നുത്ഭവിക്കുന്നുവെന്നോ ആർക്കും ഒരു എത്തുംപിടിയും ഇല്ല. ആ താളത്തിനൊത്തു് വൃക്ഷങ്ങളുടെ ചില്ലകൾ ഇലകളനക്കി ചിരി പൊഴിച്ചു.

ഞാൻ എന്റെ മുറിയുടെ അധിപയായിട്ടു് രണ്ടു് നീണ്ട വഷങ്ങൾ കഴിഞ്ഞു. മൂന്നാം വർഷത്തിൽ പഴയ "റൂംമെയിററ്സി"ൽ രണ്ടുപേരും വിദ്യാഭ്യാസത്തോടു് യാത്രപറഞ്ഞു. ലൂസി ഒരു കന്യാസ്ത്രീയും മോളി വിവാഹിതയും ആയി. അവശേഷിച്ചിരിക്കുന്നതു് ഞാനും തങ്കവും ആണു്.

ഒരു ചരിത്രവിദ്യാർത്ഥിനിയായ ഞാൻ കഴിഞ്ഞുപോയ ലോകമഹാ യുദ്ധങ്ങളെക്കുറിച്ചാലോചിക്കുകയാണു്. "ഹിസ്റ്ററി ലക്ചററുടെ" ഇടവിടാതെയുള്ള ലക്ചർ എന്റെ ഇളം മസ്തിഷ്കത്തെ ഇളക്കി മറിച്ചതുപോലെ! യൂറോപ്പാസകലം പിടിച്ചു കുലുക്കിയ നെപ്പോളിയനും, നാസി നേതാവായ ഹിററ്ലരും, ഫാസിസ്റ്റ് നേതാവായ മുസോളിനിയും, അധികാരപ്രമത്തനായ സ്റ്റാലിനും ബോൾഷെവിക് വിപ്ലവനേതാവായ ലെനിനും, വേണമെങ്കിൽ ലോകമാസകലം പുകച്ചുകളയാമെന്ന അഹംഭാവത്തോടെ ചുരുട്ടും വലിച്ചു് ചിന്താമഗ്നനായിരിക്കുന്ന വിൻസ്റ്റൺചർച്ചിലും വെള്ളിത്തിരയിലെന്നോണം കടന്നുപോകുന്നതു് ഞാൻ കാണുകയാണു്. തുടന്നു് ആയുധധാരികളായ ഒരു പററം പടയാളികൾ! ആകാശവിമാനം ഭീകരമായ ശബ്ദത്തോടെ പറന്നു് ബോമ്പുകൾ വർഷിക്കുന്നു. ടാങ്കുകൾ വനാന്തരത്തിലൂടെ ചീറിപ്പാഞ്ഞു് ഊക്കൻ വൃക്ഷങ്ങളേയും നിലംപതിപ്പിച്ചു് മുന്നോട്ടു കുതിക്കുന്നു. ഭക്ഷണവും വസ്ത്രവും ഇല്ലാതെ ജീവനെ രക്ഷിക്കുവാൻ വെപ്രാളം കാണിക്കുന്ന ഒരു കൂട്ടം ജനങ്ങൾ! മരണവേദന അനുഭവിക്കുന്ന അംഗഹീനരായവർ! അവശരായി നിലംപതിച്ചു് കിടക്കുന്ന പടയാളികൾ! ഇവയ്ക്കു പിന്നിലോ അട്ടഹാസവും പൊട്ടിച്ചിരിയും! നെടുവീർപ്പും രോദനവും! ഇരുട്ടും വെളിച്ചവും! ജനങ്ങൾ നിർജ്ജീവരായി, രാജ്യം രാജ്യത്തോടെതിർത്തു. കടലിലും കരയിലും, മുകളിലും താഴെയും നടന്ന ആഗോളയുദ്ധം!!

മസ്തിഷ്കം തിളച്ചുമറിഞ്ഞു് തലയോടു പൊട്ടിത്തെറിക്കുന്നപോലെ! ഞാൻ കണ്ണുതുറന്നു. നീലിമകലന്ന ചന്ദ്രപ്രകാശം ജനാലയിലൂടെ മുറിക്കകത്തേക്കു് ഊന്നിറങ്ങുന്നുണ്ടു്. ജനൽ വിരി ഉയത്തി ഞാൻ പുറത്തേക്കു നോക്കി. ആ പട്ടണമാകെ സുഖനിദ്രയിൽ പ്രവേശിച്ചുകഴിഞ്ഞു. മാർബിൾ വിരിച്ച തറപോലെ കായലിലെ വെള്ളം ചലനമററു് ചന്ദ്രപ്രകാശത്തിൽ വെട്ടിത്തിളങ്ങുന്നു. നിലാവിൽ കുളിച്ചുനില്ക്കുന്ന വൃക്ഷലതാദികൾ ശ്വാസംവിടുകയെന്നോണം ശീതളവായുവിൽ ചലിച്ചുകൊണ്ടിരുന്നു. കവികൾക്കു് കവിതയെഴുതുവാൻ പററിയ പ്രകൃതീസൗന്ദര്യം! എത്രയെത്ര കവികളും കഥാകൃത്തുക്കളും ഈ പ്രകൃതിസൗന്ദര്യം കാന്മതിന്നു് ഉറക്കമിളച്ചു് ഇരുപ്പുണ്ടാകും? ഞാൻമാത്രം യാതൊരാവശ്യവും ഇല്ലാതെ ചുററും ഭീതിപൂണ്ടു തുറിച്ചുനോക്കുന്നു. ഞാനൊരു കവിയല്ല; കഥാകൃത്തും അല്ല; തോൽവിയോടു മല്ലിടുന്ന ഒരു വിദ്യാർത്ഥിനി!

പെട്ടെന്നാണു് ഒരു ചുമ കേട്ടതു്. അതു് ആ പരിസരമാകമാനം മാറെറാലികൊള്ളിച്ചു. ഞാൻ താഴേക്കു നോക്കി. ആ തോടിന്റെ ഭിത്തിയോടുചേന്നു് ഒരാൾ ചുരുണ്ടുകൂടി കിടക്കുന്നു. പാവം! ഒരന്തിയുറങ്ങാൻ വീടില്ലാതെ പെരുവഴിയിൽ കഴിഞ്ഞുകൂടുന്നു. കുത്തുമൂത്ത കല്ലുകൾക്കുമീതെ കീററുണിയുംവിരിച്ചു് ആ സാധു ഉറങ്ങുവാൻ ശ്രമിക്കുകയാണു്. പട്ടും പരവതാനിയും വിരിച്ച കട്ടിൽ അയാൾക്കില്ല. ഇടത്തേക്കും വലത്തേക്കും ചരിയുമ്പോൾ കരയുന്ന സ്പ്രിങ്ങ് ഘടിപ്പിച്ച കട്ടിൽ അയാൾക്കില്ല. വൈദ്യുതഫാൻ അയാളുടെ തലയ്ക്കുമീതെ കറങ്ങുന്നില്ല. നക്ഷത്രങ്ങൾ മിന്നിമിന്നി പ്രകാശിച്ചു. ആ മനുഷ്യന്റെ ഇടയ്ക്കിടയ്ക്കുള്ള ചുമയും എന്റെ കാതിൽ പെരുമ്പറയടിച്ചു.




ആ ഭിക്ഷക്കാരൻ സകലർക്കും സുപരിചിതനാണു്. സദാസമയവും തിരക്കുള്ള ബോട്ടുജട്ടിയാണു് അയാളുടെ പ്രവത്തനസ്ഥലം. വലുപ്പചെറുപ്പ ഭേദമെന്യേ അയാൾ ഭിക്ഷ യാചിക്കും. ചിലർ പൂർണ്ണമനസ്സോടെ എന്തെങ്കിലുംകൊടുക്കും. ചിലർ അയാളെ തുറിച്ചുനോക്കി കടന്നുപോകും. മററു ചിലർ അപശബ്ദങ്ങൾ പുറപ്പെടുവിച്ചു് ആട്ടിയോടിക്കും.

വിയർപ്പിൽ കുതിന്നുനില്ക്കുന്ന ചളിമുററിയ ദേഹവും ജടപിടിച്ചു ചെമ്പിച്ച മുടിയും നരച്ച താടിമീശയും പൊടിപററിയ കുറുമുണ്ടും അയാളുടെ ഭിക്ഷാടനത്തിനു് അനുയോജ്യമായ വേഷമാണു്. ഒരു തകരപ്പാട്ടയും ഊന്നുവടിയും അയാളുടെ മികച്ച സമ്പാദ്യങ്ങളാണു്.

വൈകുന്നേരം അഞ്ചു മണി കഴിഞ്ഞാൽ പാക്കിലേക്കു ക്രോസ് ചെയ്യുന്ന ഞങ്ങളുടെ മുന്നിൽ അയാൾ പ്രത്യക്ഷപ്പെടും. ഉടനെ ഒരു യന്ത്രത്തെപ്പോലെ അയാളുടെ ഭിക്ഷാപാത്രം ഞങ്ങളുടെ മുന്നിലേക്കു് നീട്ടപ്പെടും. എന്റെ കൂട്ടുകാരിൽ പലരും അതു കണ്ടിട്ടും കാണാത്തഭാവേന മാറിപ്പോകും. ഉൽക്കണ്ഠയോടെ നിൽക്കുന്ന ആ മനുഷ്യരൂപത്തെ കാണുമ്പോൾ എന്റെ മനസ്സു് പലപ്പോഴും പതറിപ്പോയിട്ടുണ്ടു്.

"ഹേ! മനുഷ്യാ, കാലത്തിന്റെ തിരിച്ചിലിൽ സുഭിക്ഷതയിൽ മദിച്ചുനടക്കുന്ന നിനക്കും ഈ പിച്ചപ്പാളതന്നെയായിരിക്കാം വച്ചിരിക്കുന്നതു്...... ഏററു വങ്ങുക!" എന്നു് അവ്യക്തമായ ഭാഷയിൽ ആരോ ഗർജ്ജിക്കുന്നതുപോലെ എനിക്കു് തോന്നിയിട്ടുണ്ടു്. ആ പാത്രത്തിലേക്കു് കാലണ വീഴുന്നതു് ആ മനുഷ്യജീവിക്കു് ഒരു നിധിയാണു്. പണത്തിന്റെ ശക്തിയേറിയ തള്ളലിൽ ചിരിച്ചട്ടഹസിച്ചു് മദിച്ചു നടക്കുന്ന മനുഷ്യനുണ്ടോ ആ സാധുവിന്റെ അന്തർഗതം മനസ്സിലാകുന്നു?

ഉയർച്ചയും താഴ്ചയും ഉണ്ടെങ്കിൽ അതു് മനുഷ്യജീവിതത്തിൽ നിക്ഷിപ്തമാണു്. കനത്ത കൂരിരുട്ടിനുശേഷം വെളിച്ചമുണ്ടെങ്കിൽ, സുഖത്തിനുശേഷം ദുഃഖവും, മറിച്ചു് ദുഃഖത്തിനുശേഷം സുഖവും മനുഷ്യജീവിതത്തിലുണ്ടു്.

ജീവിതം ആ മനുഷ്യന്റെ മുന്നിൽ ഉരുക്കുകോട്ടപോലെ ഉയന്നുനില്ക്കുകയാണു്. അതിനെ തല്ലിത്തകക്കുവാൻ അയാൾക്കു് ശക്തിയില്ല. ജീവിതത്തെ വെറുത്തു് മരണത്തെ കെട്ടിപ്പുണരുവാൻ അയാൾ ആഗ്രഹിക്കുകയാണു്. എങ്കിലും ആ ജീവിതത്തിനും ഒരുദ്ദേശമുണ്ടു്. ഇന്നത്തെ ലോകനാടകത്തിൽ അയാൾ ഒരു കഥാപാത്രം അല്ലാതില്ല. ഉയർന്നുവരുന്ന ഇളംതലമുറയ്ക്കു് ആ നടനിൽനിന്നും പലതും ഹൃദിസ്ഥമാക്കേണ്ടതുണ്ടു്.

പതിവുപോലെ അന്നും അയാൾ ഞങ്ങളെ കാത്തു് ഗേററിൽ നില്പുണ്ടായിരുന്നു. എന്റെ കൈയിൽ കാലണപോലും ആ പാട്ടയിലേക്കു് ഇടുവാൻ ഉണ്ടായിരുന്നില്ല. ഞാൻ പുഞ്ചിരിച്ചുകൊണ്ടു് പറഞ്ഞു:

"ഒന്നും ഇല്ലല്ലോ..."

എന്റെ സംസാരംകേട്ടു് കൂട്ടുകാരികൾ പൊട്ടിച്ചിരിച്ചു. യാതൊരു ഉത്തരവും പറയാതെ നിശ്ചലനായി വടിയുമൂന്നി നീട്ടപ്പെട്ട ഭിക്ഷാപാത്രവുമായി അയാൾ നിന്നതേയുള്ളു. കൂട്ടുകാരികളുടെ പരിഹാസച്ചിരിയും, വൃദ്ധന്റെ വിഷാദംകലർന്ന മുഖഭാവവും എന്നെയൊരു കുററവാളിയാക്കി രൂപാന്തരപ്പെടുത്തിയതുപോലെ. അന്നു് ഞാൻ അയാളുമായി കൂടുതൽ അടുത്തു. പരിചയപ്പെടുന്നതിനു മുമ്പേ ഞാൻ ചോദിച്ചു:

"പേരെന്താ ...?"

സ്വല്പം ആലോചിച്ചതിനുശേഷം വൃദ്ധൻ മറുപടി നൽകി:

"ഔസേപ്പു്..."

ആദ്യമായിട്ടാണു് ഞാൻ അയാളുടെ ശബ്ദം ശ്രവിച്ചതു്. നല്ല ഇമ്പമാർന്ന ശബ്ദം. വീണക്കമ്പിയിൽനിന്നും പുറപ്പെടുന്ന ശ്രുതിമധുരമായ നാദത്തെപ്പോലെ ആ നരച്ച വെള്ളിക്കമ്പിപോലുള്ള താടിമീശകൾക്കിടയിൽ നിന്നും പുഞ്ചിരികലന്ന ആ ശബ്ദം പുറപ്പെട്ടു. ഞാൻ വീണ്ടും ചോദ്യം എടുത്തിട്ടു:

"വീടെവിടെയാണു്?"

"വീടു്! എന്തിനു കുഞ്ഞേ വീടു്... വീടും നാടും ഇല്ലാത്ത ഒരു തെണ്ടിയല്ലേ ഞാൻ...?"

"ആഹാരം എവിടെനിന്നാണു കഴിക്കുന്നതു്?"

"വിശന്നുതളന്നു് എരിപൊരികൊള്ളുന്ന ഒട്ടിയ വയറോടെ ചില വീടിന്റെ മുമ്പിൽ ചെന്നു നില്ക്കും. വിശപ്പെന്തെന്നു് അറിയാത്ത ഗൃഹനായികമാർ. "നായ ഉണ്ടു്, കടികൊള്ളാതെ പോക്കൂ" എന്ന അട്ടഹാസമാണു് അവരിൽനിന്നും എനിക്കു കിട്ടുന്ന ആഹാരം. ചിലപ്പോൾ ഹോട്ടലുകളുടെ മുന്നിൽചെന്നു നില്ക്കും. അവിടെനിന്നും വീഴുന്ന എച്ചിലിലകൾക്കു് അവകാശികൾ തെണ്ടിപ്പട്ടികളും അവയോടു് മല്ലിടുന്ന കുളിപിള്ളേരുമാണു്. പിന്നെ കണ്ണിൽ ചോരയുള്ളവർ ആരെങ്കിലും കാലണ, അരയണ വീതം ത

(ശേഷം 9-ാംപേജിൽ)

## ഇടവകവാർത്തകൾ

**മാനന്തവാടി:** സ്ഥലം സെൻറ് ജോസഫ്, സെൻറ് മേരീസ് എന്നീ പള്ളിഇടവകക്കാർ ഏകോപിച്ച് രാജത്വത്തിരുനാൾ വളരെ ആഘോഷപൂർവ്വം കൊണ്ടാടിയിരിക്കുന്നു. രാവിലെ പത്തുമണിക്ക് സെൻറ് ജോസഫ് ദേവാലയാങ്കണത്തിൽ മനോഹരമായി അലംകരിച്ച പന്തലിൽവച്ച് ആഘോഷമായ പാട്ടുകുർബാനയും തുടന്ന് പൊതുയോഗവും നടന്നു. യോഗത്തിൽ മലബാർ ഡിസ്ട്രിക്ട് ഫോറസ്റ്റാഫീസർ ആദ്ധ്യക്ഷംവഹിക്കുകയും കോഴിക്കോട്ട് ദേവഗിരികോളേജ് പ്രിൻസിപ്പാൾ ഫാദർ തിയോഡേഷ്യസ് എം എ പ്രസംഗിക്കുകയുംചെയ്തു. തുടന്ന് ആനപ്പുറത്തു ക്രിസ്തുരാജൻെറ പ്രതിമയും വഹിച്ചുകൊണ്ടുള്ള ഘോഷയാത്ര ടൗൺചുററി സെൻറ മേരീസ് ദേവാലയത്തിൽ എത്തിച്ചേരുകയും വി. കുർബാനയുടെ ആശീർവ്വാദത്തോടുകൂടി ചടങ്ങുകൾ പര്യവസാനിക്കുകയുംചെയ്തു. പയ്യമ്പിള്ളി, ചെറുകാട്ടൂർ, കെല്ലൂർ എന്നീ ഇടവകകളിൽനിന്നും ധാരാളം ജനങ്ങൾ പരിപാടികളിൽ സംബന്ധിച്ചിരുന്നു.

**ചെങ്കൽപള്ളി:** ഈ ഇടവകയിൽനിന്നും മിഷൻവേലയ്ക്കായി ബാംഗളൂരിലേക്ക് പോകുന്ന കുമാരി അന്നമ്മ മാത്യു മുണ്ടയ്ക്കൽ, കുമാരി സിസിലി കുര്യൻ ചെമ്പകശ്ശേരിയിൽ എന്നിവർക്ക സ്ഥലത്തെ മിഷൻലീഗിൻെറ ആഭിമുഖ്യത്തിൽ കൂടിയ സമ്മേളനത്തിൽവച്ച് സമുചിതമായ ഒരു യാത്രയയപ്പ് നൽകുകയുണ്ടായി. റവ ഫാദർ ജോസഫ് വെട്ടത്തിൻെറ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ശ്രീമതി അന്നമ്മ ജോസഫ് പുല്ലാട്ട്; ശ്രീമാന്മാർ തോമസ് പൂമംഗലം, ജോസഫ് കുവത്തോട്ട്, തോമസ് ചെമ്പകശ്ശേരി, മാത്യു ചെമ്പകശ്ശേരി എന്നിവർ പ്രസംഗിച്ചു. ശ്രീ കെ വി വക്കി ഒരു യാത്രാവന്ദനഗാനം പാടി. ബാലികമാരിരുവരും സമുചിതമായ മറുപടി പറഞ്ഞു.

**കടുത്തുരുത്തി:** സ്ഥലം താഴത്തുപള്ളിയിൽ ക്രിസ്തുരാജൻെറ തിരുനാൾ അത്യാഡംബരപൂർവ്വം കൊണ്ടാടുകയുണ്ടായി. വിവിധ കരകളിൽനിന്നും ജാഥാ കടുത്തുരുത്തി കരിതുപള്ളിക്കവലയിൽ അതിമനോഹരമായ മൂന്നുനില പൂപ്പന്തലിൽ എത്തിച്ചേർന്നു. ജോൺ മഠത്തിൽ ബി എ ബി എൽ അവർകൾ പ്രസംഗിച്ചു. തുടന്നു ഘോഷയാത്ര മുട്ടുചിറ ആശുപത്രിമൈതാനത്തു എത്തിച്ചേരുകയും അവിടെവച്ച് ഡോക്ടർ എൽ ജെ ചിറയൂർ ഒരു പ്രസംഗം ചെയ്യുകയുംചെയ്തു. പരിശുദ്ധ കുർബാനയുടെ വാഴ്‌വിനുശേഷം പരിപാടികൾ സമാപിച്ചു.

**ഒപ്പങ്ങളം:** സ്ഥലം ചെറുപുഷ്പമിഷൻലീഗിൻെറ ആഭിമുഖ്യത്തിൽ മിഷൻഞായർപ്രമാണിച്ച് ഒരു പൊതുയോഗം റവ ഫാദർ വെള്ളിരിങ്ങാട്ട് അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. കെ ടി അഗസ്റ്റിൻ ബി എസ്സ്സി പ്രസംഗിച്ചു. യോഗത്തിൽനിയോഗിക്കമ്മററി റിപ്പോർട്ടിനെ പ്രതിഷേധിച്ച് ഒരു പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കി. ലീഗംഗങ്ങൾ "ഭൃത്യങ്ങൾ" എന്ന ഏകാങ്കനാടകം തന്മയത്വത്തോടെ അഭിനയിച്ചു.

**കോക്കമംഗലം:** കോക്കമംഗലം, തണ്ണീർമുക്കം എന്നീ പള്ളികൾ ഏകോപിച്ച് ക്രിസ്തുവിൻെറ രാജത്വത്തിരുനാൾ ആഘോഷപൂർവ്വം കൊണ്ടാടിയിരിക്കുന്നു. 3-30 ന് വി. കുർബാനയുടെ വാഴ്‌വിനുശേഷം ആരംഭിച്ച ഘോഷയാത്രയ്ക്കുശേഷം സെൻറ് ആൻറണീസ് സ്കൂൾഹാളിൽ പൊതുയോഗംകൂടി. ഫാദർ മാത്യു പഴേമഠം അദ്ധ്യക്ഷതവഹിക്കുകയും ശ്രീ ആൻറണി ചേന്നോത്തും ടി ചാക്കോ കരാച്ചിറയും പ്രസംഗിക്കുകയുംചെയ്തു.

**നീറിക്കോട്:** രാജത്വത്തിരുനാൾപ്രമാണിച്ച് നരിവേലിപ്പള്ളിയിൽനിന്നും ഘോഷയാത്രയായി അയക്കുന്നംകപ്പേളയിൽവന്നു ലസീഞ്ഞ്, പ്രസംഗം മുതലായവ നടത്തിയിരിക്കുന്നു. പ്രാസംഗികൻ റവ ഫാദർ തോമസ് തൊട്ടിയിൽ അവർകളായിരുന്നു. ഘോഷയാത്ര വീണ്ടും നരിവേലിപ്പള്ളിയിൽചെന്നു സമാപിച്ചു.

**മരട്:** ഒമ്പതിൽപ്പരംവർഷം മരട്-മൂത്തേടംഇടവകവികാരിയെന്ന നിലയിൽ സ്തുത്യർഹമായ സേവനം നിർവ്വഹിച്ചുകൊണ്ടിരിക്കെ ദിവംഗതനായ ബ: ജോർജ്ജ് വാകയിലച്ചൻെറ 25-ാം ചരമവാർഷികം ആചരിക്കുന്നതിനു നവമ്പർ 8-ാംനു മുതൽ 12-ാംനു വരെ അഞ്ചുദിവസത്തേക്കു ദീർഘിക്കുന്ന പരിപാടികൾ തയാറാക്കി പ്രവർത്തനമാരംഭിച്ചിരിക്കുന്നു.

**ഉഴവൂർ:** മാടമ്പിസ്ഥാനം ലഭിച്ചിരിക്കുന്ന കോട്ടയം ബി സി എം കോളെജ് പ്രിൻസിപ്പാൾ

### കൃതജ്ഞത

വി. പത്താം പീയൂസിൻെറ മാദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ താമസിച്ചതിനു ക്ഷമാപണം.

Mrs. Aelamma Antony,
Thekinedath
N. Parur

പ്രൊഫസർ ജോസഫ് കണ്ടോത്തു എം എ അവർകളെ അനുമോദിക്കുന്നതിനു ഈ ഇടവകക്കാരുടെ ഒരു പൊതുയോഗം മോൺ: സ്റ്റീഫൻ ഊരാളിൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തിയിരിക്കുന്നു.

**കല്ലാടി:** വിവിധരാഷ്ട്രീയകക്ഷികളിൽപ്പെട്ട സ്ഥലവാസികളുടെ ഒരു പൊതുയോഗം റവ ഫാദർ സോസിമൂസ് ടി ഒ സി ഡി യുടെ അദ്ധ്യക്ഷതയിൽ ഒക്ടോ: 28-ാംനു സമ്മേളിച്ച് നിയോഗിക്കമ്മിററിറിപ്പോർട്ടിനെ ശക്തിയായി പ്രതിഷേധിക്കുന്ന പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കി.

**പുതുപ്പള്ളി:** സ്ഥലം സെൻറ് ആൻറണീസ് ദേവാലയത്തിൽ വി. അന്തോണീസിൻെറ തിരുനാൾ പൂർവ്വാധികം ഭംഗിയായി കൊണ്ടാടിയിരിക്കുന്നു. ഒക്ടോ: 11, 12, 13 എന്നീ തീയതികളിൽ രാവിലെ ധ്യാനവും വൈകുന്നേരം റവ ഫാദർ തോമസ് വടശ്ശേരി; റവ ഫാദർ തോമസ് ഇഞ്ചെക്കലോടി; റവ മോൺ: തെക്കേതലയ്ക്കൽ; റവ ഫാദർ ജോസഫ് കാഞ്ഞിരപ്പള്ളി മുതലായ വന്ദ്യവാഗ്മികളുടെ സാന്നിദ്ധ്യത്തിൽ പ്രസംഗയോഗവും ഉണ്ടായിരുന്നു.

മിഷൻലീഗംഗങ്ങൾ വിവിധകലാപരിപാടികൾ നടത്തി. 14-ാം തീയതി ഞായറാഴ്ച ആഘോഷമായ പാട്ടുകുർബാനയ്ക്കുശേഷം "ദീപിക"മാനേജിംഗ്എഡിറ്റർ റവ ഫാദർ ആൻറണി എം എ, ടി ഒ സി ഡി തിരുനാൾപ്രസംഗം നടത്തി.

സ്ഥലം ദേവാലയാങ്കണത്തിൽ വച്ചു ഒക്ടോ: 7-ാംനു ഞായറാഴ്ച രാവിലെ നിയോഗിക്കമ്മററി റിപ്പോർട്ടിനെ പ്രതിഷേധിക്കുന്നതിനായി, ചെറുപുഷ്പമിഷൻ ലീഗിൻെറ ആഭിമുഖ്യത്തിൽ വിളിച്ചുകൂട്ടിയ പൊതുയോഗത്തിൽ റവ ഫാദർ അപ്രേം ടി ഒ സി ഡി അദ്ധ്യക്ഷതവഹിച്ചു. മെ: ജോൺ ടി മുരിക്കനാനി, തോമസ് കുര്യൻ ബി എസ്സ്സി എന്നിവർ പ്രസംഗിച്ചു. ലീഗുപ്രസിഡൻറ് ശ്രീ കെ എക്സ് ജോസഫ് അവതരിപ്പിച്ച പ്രതിഷേധപ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

**ഇരിട്ടി:** നെല്ലിക്കാംപോയിൽപള്ളി ഇടവകയിൽ ക്രിസ്തുവിൻെറ രാജത്വത്തിരുനാളിനോട് അനുബന്ധിച്ച കൂടിയ യോഗത്തിൽ എൽ എം സെബാസ്റ്റ്യൻ ബികോം നീരാക്കൽ അദ്ധ്യക്ഷതവഹിക്കുകയും റവ ഫാദർ ഫ്രാൻസിസ് പാളായിൽ, മെ: കെ വി ജോർജ്ജ് ബി എസ്സ്സി, എം വി ജോർജ്ജ് എന്നിവർ പ്രസംഗിക്കുകയും യോഗാനന്തരം നിയോഗിക്കമ്മിററിറിപ്പോർട്ടിനെ പ്രതിഷേധിക്കുന്ന ഒരു പ്രമേയം മി വി സി ജോർജ്ജ് അവതരിപ്പിക്കുകയും യോഗം ഐകകണ്ഠ്യേന അതു പാസ്സാക്കുകയുംചെയ്തു.

**പരിയാരം:** ഈ പള്ളിയിൽ സെൻറ് വിൻസെൻറ് ഡിപോൾ സംഘത്തിൻെറ ആഭിമുഖ്യത്തിൽ ക്രിസ്തുവിൻെറ രാജത്വത്തിരുനാൾ കൊണ്ടാടി. ഘോഷയാത്രയും പൊതുയോഗവും ഉണ്ടായിരുന്നു. യോഗത്തിൽ ഫാദർ ജോൺ അക്കര അദ്ധ്യക്ഷതവഹിക്കയും ക്രൈസ്റ്റ്കോളെജ് മലയാളം ലക്ചറർ എൻ ജെ ഫ്രാൻസിസ് എം എ, കെ സി ജോസഫ് എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

**വലപ്പാട്:** ക്രിസ്തുരാജൻെറ തിരുനാൾപ്രമാണിച്ച് ഒരു വമ്പിച്ച ഘോഷയാത്രനടത്തുകയും ക്രിസ്തുരാജൻെറ രൂപത്തിൻമുമ്പിൽ പരസ്യമായി നടത്തപ്പെട്ട പരി. കുർബാനയുടെ വാഴ്‌വിൽ ഇടവകയെ ക്രിസ്തുരാജനു പ്രതിഷ്ഠിക്കയുംചെയ്തു. തദനന്തരം ചേർന്ന പൊതുയോഗത്തിൽ ഫാദർ ചെറിയഔസേപ്പ് ചുങ്കത്തു ആദ്ധ്യക്ഷംവഹിക്കയും ശ്രീ വർഗ്ഗീസ് മേച്ചേരി പ്രസംഗിക്കുകയുംചെയ്തു.

**പാവാട്ട:** ഈ ഇടവക ഒച്ചക്കേൽ ചാക്കോ അവർകളുടെ പുത്രൻ ദേവസ്യായും തെക്കേആമ്പല്ലൂർ കാഞ്ഞാന്നപ്പിള്ളി ജോസഫിൻെറ പുത്രി കുമാരി ത്രേസ്യായും തമ്മിലുള്ള വിവാഹം ഒക്ടോബർ 24-ാംനു ആമ്പല്ലൂർ സെൻറ് ഫ്രാൻസിസ്സൻ പള്ളിയിൽവച്ചു സമംഗളം നടന്നിരിക്കുന്നു.

**മൂഴൂർ:** സ്ഥലത്തെ മിഷൻലീഗിൻെറ ആഭിമുഖ്യത്തിൽ മിഷൻഞായറാഴ്ചപ്രമാണിച്ച് പൊതുജനങ്ങളുടെ സഹകരണത്തോടെ ഒരു പൊതുയോഗം നടത്തുകയും റവ ഫാദർ മാണി നെടുന്തകിടിയേൽ ആദ്ധ്യക്ഷംവഹിക്കുകയും ബ്രദർ പി എം വർഗ്ഗീസ് ബി എ ഒരു പ്രസംഗം നടത്തുകയുംചെയ്തു.

**കൊടകര:** ക്രിസ്തുവിൻെറ രാജത്വത്തിരുനാൾ അത്യാഡംബരപൂർവ്വം ഇവിടെ ആഘോഷിച്ചിരിക്കുന്നു. കാലത്തു് വി. കുർബാന, പതാകഉയർത്തൽ, സൈക്കിൾറാലി മുതലായവ നടന്നു. ഉച്ചതിരിഞ്ഞു് വമ്പിച്ച ഘോഷയാത്രയും വി. കുർബാനയുടെ വാഴ്‌വുംകഴിഞ്ഞു് കോൺവൻറ്സ്കൂൾഗ്രൗണ്ടിൽവച്ച് പൊതുയോഗംകൂടി. സാഹിത്യവിശാരദ് മി. ജോർജ്ജ് നെല്ലായി പ്രസംഗിച്ചു. ഇടയ്ക്കിടെ കുട്ടികളുടെ കലാപ്രകടനങ്ങളും അവസാനം "മീശക്കാരൻ സാമി" എന്ന പ്രഹസനവുമുണ്ടായിരുന്നു.

**സുൽത്താൻബത്തേരി:** (വയനാട്) ക്രിസ്തുരാജൻെറ രാജത്വദിനം സ്ഥലം പള്ളിയിൽ സാഘോഷം കൊണ്ടാടിയിരിക്കുന്നു. ഒരു വമ്പിച്ച ജാഥ അടുത്തുള്ള ചുങ്കംകവലവരെ പോയി പ്രസ്തുതസ്ഥലത്തുള്ള സാധുനിഹാളിൽ വച്ച് കോഴിക്കോട്ട് ദേവഗിരി കോളെജ് ഇംഗ്ലീഷ് പ്രൊഫസർ റവ ഫാദർ ഫില്ലാരിയോൺ എം എ ഒരു പ്രസംഗംചെയ്തു.

## തിരുക്കൊച്ചിവാർത്തകൾ

അഖണ്ഡകേരളവാദികളുടെ ഒരു യോഗം പത്തനംതിട്ടയിൽ ... [see below]

അ ഖ ണ്ഡ കേരളവാദികളുടെ ഒരു യോഗം പത്തനംവെച്ചുകൂടി കേരള പീപ്പിൾസ് പാർട്ടി എന്നൊരു പുതിയ രാഷ്ട്രീയപാർട്ടി രൂപവത്കരിക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു.

—കേരളഹൈക്കോടതിയിലേക്കു ജസ്റ്റിസുമാരായ കെ. ടി. കോഷി (ചീഫ് ജസ്റ്റിസ്) കെ. ശങ്കരൻ, ജി. കുമാരപിള്ള, എം. എസ്. മേനോൻ, ടി. കെ. ജോസഫ്, വരദരാജ അയ്യങ്കാർ എന്നിവരെ ജഡ്ജിമാരായി നിയമിച്ചിരിക്കുന്നു.

—യൂണിവേഴ്സിററി കോളെജ് പ്രിൻസിപ്പാൾ മി. സി. എസ്. വെങ്കിടേശ്വരനെ ഓഫീഷ്യേററിംഗ് കേരളവിദ്യാഭ്യാസഡയറക്ടരായി നിയമിച്ചിരിക്കുന്നു.

—ഒക്ടോബർ 29-ാംനു എറണാകുളത്തെത്തിയ എത്യോപ്യൻ ചക്രവർത്തിക്കു ഗംഭീരമായ ഒരുസ്വീകരണം നൽകപ്പെട്ടിരിക്കുന്നു. അദ്ദേഹം എറണാകുളം, മട്ടാഞ്ചേരി, കോതമംഗലം, കോട്ടയം, ചേപ്പാട്, തിരുവനന്തപുരം ഈ സ്ഥലങ്ങൾ സന്ദർശിച്ചശേഷം ബാംങ്കൂർക്ക പോയി.

—തൃശ്ശൂർ സ്ഥാപിച്ചിരിക്കുന്ന റേഡിയോനിലയം നവംബർ 4-ാംതീയതി വൈകിട്ട 6-15 മുതൽ പ്രവർത്തനമാരംഭിച്ചിരിക്കുന്നു.

—കേരളവിദ്യാഭ്യാസ വകുപ്പിൽ 800-1800ക. ഗ്രേഡിൽ ഒരു ഡയറക്ടരും, 500-800ക. ഗ്രേഡിൽ 4 ഡിപ്പ്യൂട്ടിഡയറക്ടർമാരും 450-600 ക. ഗ്രേഡിൽ ഒരു സോഷ്യൽ എഡ്യൂക്കേഷൻ ഓഫീസറും 250-400ക. ഗ്രേഡിൽ ഒരു പബ്ളിക്ക എക്സാമിനേഷൻ സെക്രട്ടറിയുമുണ്ടായിരിക്കുന്നതാണ്.

—കന്യാകുമാരിയിൽ സ്ഥാപിച്ചിരിക്കുന്ന ഗാന്ധിസ്മാരകത്തിൻെറ ഉൽഘാടനം അഡൈ്വസർ ശ്രീ പി. എസ്. റാവു നിർവ്വഹിച്ചിരിക്കുന്നു.

—തോട്ടങ്ങളിൽ താമസിച്ചു ജോലിചെയ്യുന്നവർക്ക താമസസൗകര്യമുണ്ടാക്കിക്കൊടുക്കുന്നതിലേക്ക്, തോട്ടമുടമകൾക്കു ലോൺ നൽകുവാൻ ഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നു.

—കൊച്ചിയിൽ ഒരു നേവൽറേറിങ്ങ്സ്കൂൾ സ്ഥാപിക്കുന്നതിനു കേന്ദ്രഗവമ്മെൻറിൻെറ ട്രാൻസ്പോർട്ടു മിനിസ്റ്ററി തീരുമാനിച്ചിരിക്കുന്നു.

—കേരള സംസ്ഥാനത്തിലേക്കുള്ള അടുത്ത അഞ്ചുമാസത്തെ ബഡ്ജററ് ആക്ടിംഗ് ഗവർണർ മി. പി. എസ്. റാവു സർട്ടിഫൈ ചെയ്തിരിക്കുന്നു.

—കേരളത്തിലെ ഡിസ്ട്രിക്ട്ജഡ്ജിമാരുടെ ശമ്പളം 1000-1600 ക. യായി വർദ്ധിപ്പിച്ചിരിക്കുന്നു.

—നവംബർ 1-ാംനു കേരളസംസ്ഥാനം രൂപം പ്രാപിച്ചിരിക്കുന്നു. അന്നു തിരുവനന്തപുരത്തുവെച്ചു ആക്ടിംഗ ഗവർണർ മി. പി. എസ്. റാവു കേരള ചീഫ് ജസ്റ്റിസിൻെറ മുൻപാകെ സത്യപ്രതിജ്ഞ ചെയ്യുകയുണ്ടായി.

—നവംബർ 1 മുതൽ ഹൈക്കോടതിയുടെ തിരുവനന്തപുരം ബെഞ്ച് നിർത്തൽചെയ്തിരിക്കുന്നു.

—പൊതുജനസൗകര്യത്തെ മുൻനിർത്തി എറണാകുളത്തേയും ആലപ്പുഴയിലേയും ഡിസ്ട്രിക്ട്കോടതികൾ തുടരുന്നതിനു ഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നു.

—മലബാറും കാസർക്കോടും കൂടി മൂന്നു ഡിസ്ട്രിക്ട്കളായി വിഭജിക്കുന്നതിനു ഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നു.

—o—


**MENS NOSTRA**

*SPECIAL ISSUE*

CONTAINS PAPERS AND DISCUSSIONS OF THE CATECHETICAL CONGRESS AND EXHIBITION held in The Sacred Heart Seminary, Poonamallee.

*12th-15th March 1956.*

76 Pages – Cover attractively designed in three colours – Size: 10"x7½"
Useful manual for Priests, Seminarians, Catechists, Catholic Actionists etc.

Copies available write to:
REV. FR. J. LENS S. D. B.,
S. H. Seminary, Poonamallee,
Chingleput Dt.

Price: Rs. 1-4-0 per copy.





# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1956 NOVEMBER 7 || No. 13.


## ശുദ്ധീകരണസ്ഥലം

കത്തോലിക്കർ ശുദ്ധീകരണസ്ഥലത്തെ സംബന്ധിച്ച പ്രത്യേകവിധമായ അനുസ്മരണം നടത്തുകയും അവിടെ പീഡയനുഭവിക്കുന്ന ആത്മാവുകൾക്കുവേണ്ടി പാപപ്പരിഹാരപരമായ ഭക്തകൃത്യങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നതിനു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മാസമാണു് നവമ്പർ. ശുദ്ധീകരണസ്ഥലത്തിന്റെ ആസ്തിക്യത്തെ സംബന്ധിച്ചും, അവിടെ പീഡയനുഭവിക്കുന്നവരെ സഹായിക്കുന്നതിനുള്ള സാദ്ധ്യതയെ സംബന്ധിച്ചും അകത്തോലിക്കർ പൊതുവെ പലതരത്തിലുള്ള സംശയങ്ങൾ ഉന്നയിക്കാറുണ്ടു്. ശുദ്ധീകരണസ്ഥലത്തെപ്പററിയുള്ള കത്തോലിക്കരുടെ വിശ്വാസം വേദപുസ്തകത്തെ അടിസ്ഥാനമാക്കിയുള്ളതല്ലെന്നും വേദപുസ്തകത്തിൽ അതിനു തെളിവില്ലെന്നും പ്രോട്ടസ്റ്റൻറുകാർ വാദിക്കുന്നു. ഈ നിഷേധങ്ങളും സംശയങ്ങളുമെല്ലാം വേദസത്യങ്ങളെ തിരുസഭ അംഗീകരിക്കുന്ന ന്യായയുക്തവും അധികാരസമന്വിതവുമായ മാർഗ്ഗത്തെപ്പററിയുള്ള അറിവില്ലായ്മയിൽനിന്നുണ്ടാകുന്നവയത്രെ. ദൈവം വെളിപ്പെടുത്തിയിട്ടുള്ളതും, ക്രിസ്തു ഔദ്യോഗികമായി സ്ഥാപിച്ചതായ കത്തോലിക്കാതിരുസഭ ദൈവത്താൽ വെളിപ്പെടുത്തപ്പെട്ടവയും തദ്വാരാ അവശ്യം വിശ്വസിക്കേണ്ടവയുമെന്നു പഠിപ്പിക്കുന്നവയുമായ വിശ്വാസസത്യങ്ങളെയാണു ഒരു കത്തോലിക്കൻ വിശ്വസിക്കുന്നതു്. ദൈവമനുഷ്യനായ ക്രിസ്തു അവിടുത്തെ രക്ഷണീയകൃത്യം ഫലദായകമാക്കുന്നതിനും അവിടുത്തെ ദിവ്യദൗത്യം ലോകത്തിൽ അവസാനംവരെ നിലനിർത്തുന്നതിനും ഒരു സഭയെ സ്ഥാപിച്ചു. ആ സഭയ്ക്കു ലോകത്തെ പ്രബോധിപ്പിക്കുന്നതിനും, അനുയായികളെ സമ്പാദിച്ചു് അവർക്കു ആദ്ധ്യാത്മികവരങ്ങൾ പ്രദാനം ചെയ്യുന്നതിനും, അവരെ നയിക്കുന്നതിനും വേണ്ട അധികാരാവകാശങ്ങൾ പ്രദാനം ചെയ്തു. സുവിശേഷം പ്രസംഗിക്കുക; കൂദാശകൾ നൽകുക; തിരുസഭാഭരണം നടത്തുക ഇവയാണു് സഭയുടെ ഉദ്യോഗങ്ങൾ. ഈ ഉദ്യോഗനിർവ്വഹണമാണു് ക്രിസ്തുസഭയുടെ കർത്തവ്യം.

വെളിപ്പെടുത്തപ്പെട്ട സത്യങ്ങളെ രണ്ടു മാർഗ്ഗങ്ങളിൽനിന്നാണു സഭ സ്വീകരിക്കുന്നതു്. ദൈവനിവേശിതങ്ങളായ വേദപുസ്തകഗ്രന്ഥങ്ങൾ; ദൈവവെളിപാടുകൾ തലമുറതലമുറയായി കൈമാററം ചെയ്യപ്പെടുന്ന പാരമ്പര്യം. വേദപുസ്തകഗ്രന്ഥങ്ങൾ ദൈവവെളിപാടുകളെ ഉള്ളടക്കുന്നവയും ആ ഉദ്ദേശ്യത്തോടെ ദൈവനിവേശനത്തിൻകീഴു എഴുതപ്പെട്ടവയുമാണെങ്കിലും അവ വെളിപാടുകളുടെ ഒരു പരിപൂർണ്ണമായ സങ്കേതമാണെന്നു വാദിക്കുന്നതു് അബദ്ധമാണു്. കാരണം, വേദപുസ്തകങ്ങൾ ഓരോ അവസരത്തിൽ ഓരോ ഉദ്ദേശ്യത്തോടെ എഴുതപ്പെട്ടവയാണു്. വേദസത്യങ്ങളെ മുഴുവനായി ഉൾക്കൊള്ളിക്കണമെന്നുള്ള ഉദ്ദേശ്യത്തോടെ എഴുതപ്പെട്ട ഒരു ഗ്രന്ഥമല്ല. വേദപുസ്തകഭാഗങ്ങൾതന്നെ ഇതിനു തെളിവുനൽകുന്നുണ്ടു്. പലേ അവസരങ്ങളിൽ പലേ ഗ്രന്ഥകാരന്മാർ എഴുതിയിട്ടുള്ള ഗ്രന്ഥങ്ങളുടെ ഒരു ശേഖരമാണു് വേദപുസ്തകം. ആകയാൽ അതു ദൈവവെളിപാടിന്റെ ഒരു ഭാഗം മാത്രമേ ആകുന്നുള്ളൂ. തുല്യപ്രാധാന്യമുള്ള ഒരു ഭാഗമാണു് പാരമ്പര്യം. വേദപുസ്തകത്തിലോ പാരമ്പര്യത്തിലോ അടങ്ങിയിട്ടുള്ള വെളിപ്പെടുത്തപ്പെട്ട സത്യങ്ങൾ തിരുസഭ ഔദ്യോഗികമായി പ്രബോധിപ്പിക്കുമ്പോഴാണു് അതു വിശ്വാസസത്യമായിതീരുന്നതു്; അവശ്യം വിശ്വസിക്കുന്നതിനു കത്തോലിക്കർ ബാദ്ധ്യസ്ഥരാകുന്നതു്.

ശുദ്ധീകരണസ്ഥലത്തെപ്പററിയുള്ള വിശ്വാസം ഏവംവിധം തിരുസഭയാൽ പ്രബോധിപ്പിക്കപ്പെടുന്ന ഒരു വിശ്വാസസത്യമാണു്. അതുകൊണ്ടു് അതു പ്രത്യക്ഷത്തിൽ വേദപുസ്തകം രേഖപ്പെടുത്തുന്നില്ല എന്നതുകൊണ്ടോ, വേദപുസ്തകസാക്ഷ്യങ്ങൾകൊണ്ടുമാത്രം ആ വിശ്വാസത്തെ തെളിയിക്കുവാൻ സാധിക്കുന്നില്ല എന്നതുകൊണ്ടോ അതു വെളിപ്പെടുത്തപ്പെട്ട സത്യമല്ലെന്നു ശഠിക്കുന്നതു ന്യായയുക്തമായിരിക്കുകയില്ലല്ലോ. ഈ സത്യത്തെപ്പററിയുള്ള പരോക്ഷമായ സാക്ഷ്യങ്ങൾ വേദപുസ്തകത്തിൽ കാണുവാൻ കഴിയും; തിരുസ്സഭയുടെ പ്രാരംഭദശയിൽ നടപ്പിലിരുന്ന അനുഷ്ഠാനക്രമങ്ങളിൽനിന്നും ഭൂഗർഭാലയങ്ങളിൽ അവശേഷിച്ചിട്ടുള്ള രേഖകളിൽനിന്നും മററും അപ്പസ്തോലികസഭയുടെ വിശ്വാസം അതായിരുന്നുവെന്നു തെളിയുന്നുണ്ടു്; സഭാപിതാക്കന്മാരുടെ വിശദമായ സാക്ഷ്യങ്ങൾ ഈ സനാതനവിശ്വാസത്തെ സുവ്യക്തം തെളിയിക്കുന്നു. അപ്രകാരമുള്ള ഒരു സത്യത്തെയാണു് തിരുസ്സഭ ഔദ്യോഗികമായി അതൊരു വിശ്വാസസത്യമാണെന്നു പഠിപ്പിക്കുന്നതു്. യുക്തിയുക്തവും ക്രിസ്തുവിന്റെ ദിവ്യപ്രബോധനമാർഗ്ഗത്തെ അവലംബിച്ചുള്ളതുമായ ഈ സത്യത്തെ ശരിയായി മനസ്സിലാക്കുകയാണെങ്കിൽ അതിനെതിരായി സ്വരമുയർത്തേണ്ട യാതൊരാവശ്യവുമില്ലെന്നും പ്രത്യുത ഭക്തിപൂർവ്വം ആദരിക്കേണ്ട ഒരു പ്രബോധനമാണതുൾക്കൊള്ളുന്നതെന്നും തെളിവാകുന്നതാണു്. 1545 മുതൽ 1563 വരെ നടന്ന ത്രെന്തോസിലെ പൊതുസൂനഹദോസിൽ ശുദ്ധീകരണസ്ഥലം സംബന്ധിച്ച വിശ്വാസസത്യത്തെപ്പററി പിതാക്കന്മാർ സുദീർഘമായ പരിശോധനകൾ നടത്തിയശേഷം ചെയ്ത നിർണ്ണയത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:- "വിശുദ്ധഗ്രന്ഥങ്ങളിലും, തിരുസഭാപിതാക്കന്മാരുടെ പുരാതനമായ പാരമ്പര്യങ്ങളിലും, തിരുസ്സഭയുടെ വിശുദ്ധ സൂനഹദോസുകളിലും അവസാനമായി ഈ വിശുദ്ധ സൂനഹദോസിലും പരിശുദ്ധാത്മാവിനാൽ പഠിപ്പിക്കപ്പെട്ട കത്തോലിക്കാസഭ, ശുദ്ധീകരണസ്ഥലം സ്ഥിതിചെയ്യുന്നുവെന്നും അവിടെ തടയപ്പെട്ടിരിക്കുന്ന ആത്മാവുകൾ വിശ്വാസികളുടെ പ്രാർത്ഥനകൾ വഴിയായും പ്രത്യേകിച്ചു് കുർബാനയെന്ന വിശുദ്ധ ബലി വഴിയായും സഹായിക്കപ്പെടുന്നുവെന്നും പഠിപ്പിക്കുന്നു......" ലോകത്തിൽ നമ്മോടൊപ്പം ജീവിക്കുകയും സ്നേഹത്തിൽ നാമുമായി ബന്ധപ്പെട്ടിരിക്കുകയും ചെയ്തിട്ടുള്ള മരിച്ചുപോയ നമ്മുടെ സഹോദരങ്ങളെ നാം സ്മരിക്കുകയും അവർക്കു ശുദ്ധീകരണസ്ഥലത്തിലെ പീഡകളിൽ നമ്മുടെ സഹായസഹകരണങ്ങൾ ആവശ്യമുള്ളപക്ഷം ഉദാരതയോടെ പാപപ്പരിഹാരകൃത്യങ്ങൾവഴി അതനുഷ്ഠിക്കുകയും ചെയ്യുക എന്നതു എത്രയോ ശ്രേഷ്ഠമായ ഒരു കൃത്യമായിരിക്കുന്നു. "ആകയാൽ, അവർക്കു പാപമോചനം ലഭിക്കുന്നതിനു് മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുകയെന്നതു് പരിശുദ്ധവും മധുരതരവുമായ ഒരു ചിന്തയത്രെ" എന്നു വേദപുസ്തകത്തിൽ (2 മക്ക. XII: 46) പ്രസ്താവിച്ചിരിക്കുന്നതു് ഈ അനുമാനത്തിലേക്കാണു് നമ്മെ നയിക്കുക എന്നു സ്പഷ്ടമാകുന്നുണ്ടല്ലോ.

### പ്രസാധകക്കുറിപ്പുകൾ

## കമ്മ്യൂണിസ്റ്റധീനരാജ്യങ്ങളെപ്പററി

### ഐസനോവർ

അമേരിക്കയിലെ ഒരു തൊഴിലാളിസംഘടനയുടെ വാർഷികത്തിൽ പ്രസംഗിക്കയിൽ അമേരിക്കൻ പ്രസിഡൻറു് മി. ഐസനോവർ കമ്മ്യൂണിസ്റ്റധീനരാജ്യങ്ങളിൽ ഇപ്പോൾ രൂപംകൊണ്ടുവരുന്ന സ്വാതന്ത്ര്യപ്രക്ഷോഭണസംരംഭങ്ങളെ പരാമർശിച്ചു് ഇപ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നു:- ഉപഗ്രഹരാജ്യങ്ങളിൽ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പ്രക്ഷോഭണം സായുധസേനകൾ താല്ക്കാലികമായി നീട്ടിവെപ്പിച്ചേക്കാമെങ്കിലും അവയുടെമേൽ ചെലുത്തുന്ന മർദ്ദനം സ്വയം നശിക്കുകയോ പുറംതള്ളപ്പെടുകയോ ചെയ്യുന്ന കാലം സമാഗതമാവുകതന്നെ ചെയ്യും. ഈ ഫലങ്ങൾ ഇപ്പോൾ അനുദിനം പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു രാജ്യത്തെ നമുക്കുദാഹരണമായെടുക്കാം. ഒരു ജനതയെന്ന നിലയിൽ പോളണ്ടുകാർ സ്വാതന്ത്ര്യം അനുഭവിച്ചറിഞ്ഞിട്ടുള്ളവരാണു്. കോഷ്യസ്ക്കോവും പുലാസ്കിയും മററും അമേരിക്കൻ സ്വാതന്ത്ര്യത്തിന്റെ നിർമ്മാതാക്കളായിരുന്നു. അമേരിക്കയിൽ വ്യവസായസംരംഭങ്ങളും സ്വതന്ത്രതൊഴിലാളിപ്രസ്ഥാനവും കെട്ടിപ്പടുക്കുവാൻ അവർ സഹായിച്ചു. എന്നാൽ ഇപ്പോൾ പതിനേഴു കൊല്ലങ്ങളായി അവർ തുടർച്ചയായ രണ്ടു മർദ്ദനഭരണങ്ങൾക്കു വിധേയരാക്കപ്പെട്ടിരിക്കുകയാണു്. പോളിഷ്ജനത അവ രണ്ടിനും എതിരായി മത്സരിച്ചു. കാരണം സ്വാതന്ത്ര്യപ്രേമം പോളിഷ്സ്വഭാവത്തിന്റെ ഏററവും ശക്തമായ ഒരു ലക്ഷണമാണു്; അതങ്ങിനെ ആയിരുന്നുതാനും. ഒരുകാലത്തു സ്വാതന്ത്ര്യം ആസ്വദിച്ചിരുന്ന പോളണ്ടുകാരെപ്പോലെയുള്ള ഒരു ജനതയുടെ ദേശീയസ്വാതന്ത്ര്യവും വ്യക്തിസ്വാതന്ത്ര്യവും എക്കാലവും അവർക്കു നിഷേധിക്കുവാൻ സാദ്ധ്യമല്ല. ഈ വസ്തുത സ്വാതന്ത്ര്യം ആസ്വദിച്ചിട്ടുള്ള പൂർവ്വയൂറോപ്പിലെ ഓരോ രാജ്യത്തെ സംബന്ധിച്ചും ബാധകമാണു്. കുറെ കാലത്തേക്കു ഈ സത്യം മറഞ്ഞുകിടന്നു എന്നു വരാം. മർദ്ദനഭരണത്തിനു കുറേക്കാലത്തേക്കു ഭൗതികനേട്ടങ്ങളുടെ ഒരു മൂടുപടം ഫലപ്രദമായി പ്രദർശിപ്പിക്കാൻ കഴിഞ്ഞെന്നും വരാം. എന്നാൽ തങ്ങളുടെ സന്താനങ്ങളെ കുടുംബത്തോടു് കൂറുള്ളവരായി വളർത്തുകയും, തങ്ങളുടെ ജോലികളേയും സ്നേഹിതന്മാരേയും സഹപ്രവർത്തകരേയും ഇഷ്ടാനുസരണം തിരഞ്ഞെടുക്കുകയും, തങ്ങളുടെ മതവിശ്വാസം ഭയംകൂടാതെ അനുഷ്ഠിച്ചുജീവിക്കുകയും ചെയ്യുമ്പോൾ സ്ത്രീപുരുഷന്മാർ അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിനുപകരം ഈ മിഥ്യാബോധം വിലപ്പോവുകയില്ല. ഉപഗ്രഹരാജ്യങ്ങളിൽ ഇപ്പോൾ ഇതാണു് ദൃശ്യമാകുന്നതു്. ഒരുകാലത്തു സ്വതന്ത്രമായി ആത്മാഭിമാനത്തോടെ ജീവിച്ചിരുന്ന അവർക്കു മനസ്സിലായിട്ടുണ്ടു്, അവിടെ സ്ഥാപിതങ്ങളായിട്ടുള്ള സ്മാരകങ്ങളുടേയും, ഫാക്ടറികളുടേയും, ജയിലുകളുടേയും വിലയെക്കാൾ മെച്ചപ്പെട്ടതാണു് ഇവയുടെ വിലയെന്നു്. തന്മൂലം ആ രാജ്യങ്ങളിൽ സാമ്രാജ്യത്വത്തിന്റെ അനന്തരഫലങ്ങളായി അസംതൃപ്തിയും, അസ്വാസ്ഥ്യവും ഒരിടത്തു ലഹളകളും മറെറാരിടത്തു പ്രകടനങ്ങളും നടമാടിക്കൊണ്ടിരിക്കുന്നു. അവയുടെമേൽ ചെലുത്തപ്പെടുന്ന മർദ്ദനഭരണം സ്വയം നശിക്കുകയോ പുറംതള്ളപ്പെടുകയോ ചെയ്യുന്നതുവരെ ഈ പ്രത്യാഘാതങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നതാണു്. ആത്മഹത്യാപരമായ ആയുധബലംകൊണ്ടു് പ്രതിഷേധത്തിന്റെ ഫലമായ വിമോചനദിനത്തെ നീട്ടിവച്ചെന്നുവരാം. പക്ഷെ പീരങ്കികളെക്കുറിച്ചുള്ള ഭയത്തിനു സ്വാതന്ത്ര്യാഭിലാഷത്തെ നിമ്മാർജ്ജനം ചെയ്യുന്നതിനു സാദ്ധ്യമല്ലെന്നും, സ്വാതന്ത്ര്യത്തോടുള്ള സ്നേഹം മർദ്ദനശക്തിയെ അതിജീവിക്കുമെന്നുമുള്ളതിനു ലോകചരിത്രം സാക്ഷ്യംവഹിക്കുന്നു. ഇതു മർദ്ദകർ അറിഞ്ഞിരിക്കേണ്ട ഒരു കാര്യമാണു്.

x x x

## അമേരിക്കയുടെ നയവിശദീകരണം

അടിമത്തരാജ്യങ്ങളിൽ സ്വാതന്ത്ര്യം കൈവരുത്തുന്നതിനുള്ള അമേരിക്കയുടെ നയപരിപാടികളെ പ്രസ്തുതപ്രസംഗത്തിൽ പ്രസിഡൻറു് അവർകൾ സംക്ഷിപ്തമായി സമാഹരിക്കുകയുണ്ടായി. അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചു:- ഒരു രാഷ്ട്രമെന്ന നിലയ്ക്കു നമുക്കൊരു കർത്തവ്യമുണ്ടു്; മാനവസ്വാതന്ത്ര്യത്തിന്റെ പ്രവക്താവെന്ന നിലയിൽ നമുക്കൊരു ദൗത്യമുണ്ടു്. അതിതാണു്: ഒന്നാമതു്, സ്വയംഭരണത്തിനു പ്രാപ്തിയുണ്ടെന്നു തെളിയിച്ചിട്ടുള്ള എല്ലാ ജനതകൾക്കും സ്വതന്ത്രമായ ഒരു ഗവമ്മെണ്ടു തിരഞ്ഞെടുക്കുവാനുള്ള പൂർണ്ണാവകാശം ഉണ്ടെന്നുള്ള മൗലികതത്വത്തിൽ നാം ഒരിക്കലും വിട്ടുവീഴ്ച ചെയ്യാത്തവിധത്തിൽ നമ്മുടെ എല്ലാ സാർവ്വദേശീയ ബന്ധങ്ങളിലും നാം പെരുമാറണം. രണ്ടാമതു്, നമ്മുടെ സഹായം ആവശ്യമുള്ളവരും അതു് പ്രയോജനകരമായി ഉപയോഗിക്കാൻ സാധിക്കുന്നവരുമായ സ്വാതന്ത്ര്യസ്നേഹികളായ ജനങ്ങളെ നാം സഹായിക്കണം. അപ്പോൾ സ്വന്തം കാലിൽ നില്ക്കുന്നതിനുള്ള അവരുടെ പ്രാപ്തി വർദ്ധിക്കുകയും സ്വതന്ത്രലോകത്തിന്റെ ഭദ്രതയും സമാധാനവും അവർ പ്രബലപ്പെടുത്തുകയും ചെയ്യും. മൂന്നാമതു്, യഥാർത്ഥത്തിലുള്ള ഒരു കച്ചവട പങ്കാളിത്തത്തിൽ മററു രാഷ്ട്രങ്ങളോടു ചേരാൻതക്കവിധത്തിൽ അവയുമായി നാം കച്ചവടം നടത്തണം. അപ്പോൾ പരസ്പരം പ്രയോജനകരമായ ഐശ്വര്യവും സുഭിക്ഷതയും പുലരും. പ്രചാരണങ്ങളും വിധ്വംസനവും ആ ഐശ്വര്യത്തിനും സുഭിക്ഷതയ്ക്കും ബാധകമാകുകയില്ല. നാലാമതു്, മനുഷ്യന്റെ നന്മയിലേക്കുള്ള സുനിശ്ചിതമായ പന്ഥാവു് മനുഷ്യസ്വാതന്ത്ര്യമാണെന്നു് ലോകം മനസ്സിലാക്കത്തക്കവിധത്തിൽ നമ്മുടെ സ്വന്തം രാജ്യത്തുള്ള ഉല്ക്കർഷസൗകര്യങ്ങളും നന്നായിചെയ്യുന്ന പ്രവൃത്തികളുടെ പ്രതിഫലങ്ങളും—ഒരു സ്വതന്ത്രവ്യവസ്ഥിതിയിൽനിന്നു ലഭ്യമാകുന്ന എല്ലാനല്ലകാര്യങ്ങളും—നാം വ്യക്തമായി കാണിച്ചുകൊടുക്കണം. ഈ രീതിയിൽ പ്രവർത്തിച്ചു് സ്വതന്ത്രമനുഷ്യർക്കും സ്വതന്ത്രഗവമ്മെണ്ടുകൾക്കും പുലരാൻകഴിയുന്ന പ്രദേശങ്ങളുടെ വിസ്തൃതി നാം വർദ്ധിപ്പിക്കണം. മനുഷ്യജീവികളെ ചൂഷണംചെയ്യാനും അവരുടെ ഗവമ്മെൻറുകളെ തകിടംമറിക്കാനും സാധിക്കുന്ന പ്രദേശങ്ങളുടെ വിസ്തൃതി കുറയ്ക്കാൻ നാം സഹായിക്കണം.

x x x

## പോളണ്ടിലെ പ്രക്ഷോഭണത്തെപ്പററി യു.എസ്. സ്റ്റേററു് സിക്രട്ടറി

പത്രലേഖകന്മാരോടു മറുപടി പറഞ്ഞകൂട്ടത്തിൽ ഇപ്പോൾ പോളണ്ടിൽ ഉയിരെടുത്തിരിക്കുന്ന ജനകീയപ്രക്ഷോഭണത്തെപ്പററി അമേരിക്കൻ സ്റ്റേററു് സിക്രട്ടറി മി. ഡള്ളസ് ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:- ചില മർദ്ദനങ്ങളെല്ലാമുണ്ടാവാം. എന്നാൽ ഒരു ജനതമുഴുവനും ഒന്നടങ്കം ഉണർന്നുവരുമ്പോൾ, വൻതോതിലുള്ള സൈനികനടപടികൾകൊണ്ടു് ആ ഉണർവ്വു് അടിച്ചമർത്താൻ ശ്രമിക്കാനിടയില്ലെന്നാണു് എനിക്കു തോന്നുന്നതു്. സ്വാതന്ത്ര്യാശയം സജീവമായി നിലനിർത്തുകയും സ്വാതന്ത്ര്യം ആചരിക്കുകയും അതു പോളിഷ്ജനതയുടെ ശ്രദ്ധയിൽ നിരന്തരം ഉന്നയിക്കപ്പെടുവാൻ വേണ്ടതു ചെയ്യുകയുമാണു് നമ്മുടെ ഏററവും ഫലപ്രദമായ കർത്തവ്യം. ഗുരുതരമായ ഒരു വൈഷമ്യത്തിലാണു് ക്രെംലിൻ അകപ്പെട്ടിരിക്കുന്നതെന്നു സ്പഷ്ടമാണു്. കഴിഞ്ഞ ആറോ അതിലേറെയോ മാസങ്ങളായി ഞാൻ ഊന്നിപ്പറഞ്ഞുകൊണ്ടിരുന്ന ഒരു വിഷമാവസ്ഥയാണതു്. സ്റ്റാലിന്റെ നയത്തെക്കാൾ മയപ്പെട്ട നയങ്ങൾ അനുവർത്തിക്കാൻ അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അത്തരം മയപ്പെട്ട നയങ്ങൾ ഒരിക്കൽ നിങ്ങൾ സ്വീകരിച്ചുകഴിഞ്ഞാൽ, അപ്രതിരോദ്ധ്യങ്ങളായ ശക്തിവിശേഷങ്ങൾ വിമുക്തമാകുന്നതാണു്. അപ്പോൾ നിങ്ങളൊരു വിഷമാവസ്ഥയിൽ ഉൾപ്പെടും. നിങ്ങൾ പിന്തിരിഞ്ഞു മർദ്ദനമുറകൾ കൈക്കൊള്ളാൻ പോകുകയാണോ? അതോ, ഈ ശക്തികളുടെ പ്രവർത്തനങ്ങൾ തുടരാൻ അനുവദിക്കുകയാണോ? സ്റ്റാലിനിസം ഉപേക്ഷിച്ചശേഷം വീണ്ടുമതു കെട്ടിയേല്പിക്കുക ദുഷ്കരമാണു്. അതു തുടരുവാൻ അനുവദിച്ചിരുന്നെങ്കിൽ ഇത്രയും പ്രയാസമുണ്ടാവുകയില്ലായിരുന്നു. ക്രെംലിൻചെന്നു ചാടിയിട്ടുള്ള വൈഷമ്യം ഗുരുതരമാവുന്നതു നിങ്ങൾക്കു കാണാം. അതിൽനിന്നവർ കരകയറുമെന്നെനിക്കു തോന്നുന്നില്ല.

പോളണ്ടിലേയോ കിഴക്കേ യൂറോപ്പിലേയോ സംഭവങ്ങൾ നിമിത്തം റഷ്യ ഒരു മൂന്നാം ലോകമഹായുദ്ധത്തിനു ഒരുങ്ങുമോയെന്നുള്ള പ്രതിനിധികളുടെ ചോദ്യത്തിനു് താൻ അങ്ങനെ വിചാരിക്കുന്നില്ലെന്നാണു് മറുപടി പറഞ്ഞതു്. അദ്ദേഹം പറഞ്ഞു:- അമ്മാതിരിയൊന്നു സംഭവിക്കാതിരിക്കത്തക്കവണ്ണം സ്വതന്ത്രലോകം ഒത്തുചേർന്നിരിക്കുകയാണെന്നു ഞാൻ വിചാരിക്കുന്നു. തന്മൂലം ഒരു ലോകമഹായുദ്ധം ആദായകരമായിരിക്കുകയില്ല. അവരതിനു തുനിയുമോ എന്നു ഞാൻ വളരെ സംശയിക്കുന്നു. ചില ആപത്തുകൾ അപ്രത്യക്ഷമായി എന്നാണെനിക്കു തോന്നുന്നതു്.

ആഖ്യായിക




അദ്ധ്യായം 20

## "ജറുസലേം, ഉത്ഥാനംചെയ്തു പ്രശോഭിക്കുക, നിൻെറ പ്രകാശം സമാഗതമായിരിക്കുന്നു"

(വി. സി. ജോർജ്ജ് ബി എ. എൽ. ററി.)

ക്രീഡാരംഗത്തുനിന്നു് ജനസംഘത്തിൻെറ അട്ടഹാസവും വന്യമൃഗങ്ങളുടെ ഗർജ്ജനവും കേൾക്കാമായിരുന്നുവെങ്കിലും അതിനു ചുററുമുള്ള തെരുവുകൾ വിജനമായി കാണപ്പെട്ടു. എന്നാൽ കാരാഗൃഹം ലക്ഷ്യമാക്കി നീങ്ങിയ ആ ചെറുസംഘം ഏതാനും കെട്ടിടങ്ങൾ കടന്നുകഴിഞ്ഞപ്പോൾ സർവ്വത്ര നിശ്ശബ്ദത വ്യാപിച്ചു. ഉച്ചശ്ശേഷവും ചൂടോടുകൂടി പ്രകാശിച്ച സൂര്യൻെറ കിരണങ്ങൾ നഗരത്തിനുമീതെ വീശിക്കൊണ്ടിരുന്നു. നീലാംബരത്തിൽ കനകവർണ്ണം ചാർത്തിയ മേഘപടലങ്ങൾ അങ്ങുമിങ്ങും ഓടിക്കളിക്കുന്നതു് മുകളിലേക്കുനോക്കിയ ബറാബാസിനു കാണാൻകഴിഞ്ഞു. ബാറാബാസിൻെറ അന്തഃരംഗത്തിലാകട്ടെ സ്വാസ്ഥ്യത്തിനു വകകണ്ടില്ലതാനും. പ്രൊക്കുറയിററർ തന്നെ അപമാനിക്കുവാനുപയോഗിച്ച അടവു് ഇപ്പോൾ അയാൾക്കു ശരിക്കു മനസ്സിലായി. എങ്കിലും താൻ അപമാനിതനായി എന്ന ബോദ്ധ്യം അയാൾക്കുണ്ടായില്ല. എസ്രായുടെ ക്രോധോന്മത്തമായ മുഖം അയാളെ തുറിച്ചുനോക്കുന്നതായി തോന്നി; ഓഫലിലെ നിർദ്ധനയഹൂദസംഘത്തിൻെറ പ്രോത്സാഹകമായ കോലാഹലധ്വനി കേൾക്കുന്നതായും.

ബറാബാസ് വളരെ മന്ദഗതിയിൽ നടക്കേണ്ടിയിരുന്നു. കാലിലുണ്ടായിരുന്ന ചങ്ങല നീണ്ട അടികൾ വെക്കുവാൻ അയാളെ അനുവദിച്ചില്ല. ഖേലാപ്രകടനങ്ങൾ മുഴുവനും കാണുവാൻ സാധിക്കാഞ്ഞതിൽ കാവൽഭടന്മാർക്കു അസംതൃപ്തിയുണ്ടായിരുന്നുവെങ്കിലും ബറാബാസിനെ മുമ്പോട്ടു തള്ളി തങ്ങളുടെ ഇച്ഛാഭംഗത്തിനു പരിഹാരം വരുത്തുവാൻ അവർ തുനിഞ്ഞില്ല. രംഗത്തെ അയാളുടെ പെരുമാററം അഭിമാനകരമായിരുന്നുവെന്നു അവർ തീർച്ചപ്പെടുത്തിയിരുന്നു. കൊട്ടാരത്തിലെ തടവുമുറിയിൽ അയാളെ എത്തിക്കേണ്ടിയിരുന്നതിനാൽ ആ കൃത്യം നിർവ്വഹിച്ചിട്ടു് മടങ്ങിവന്നു വിനോദങ്ങൾ ആസ്വദിക്കുവാൻ അവർക്കവസരം ലഭിക്കുമായിരുന്നില്ല. തന്നിമിത്തം ബറാബാസ് ശീഘ്രം നടന്നാലും മെല്ലെ നീങ്ങിയാലും തരക്കേടില്ലെന്നായിരുന്നു അവരുടെ പക്ഷം.

ബറാബാസിനെ മദ്ധ്യത്തിലാക്കി ആ ഭടസംഘം ദേവാലയക്കുന്നു് സമീപിച്ചപ്പോൾ തെരുവുകളിൽ അല്പം ഉത്സാഹം കാണപ്പെട്ടു. ദൂരെ ഗാനാലാപം നടക്കുന്നതു് കേട്ടുവെങ്കിലും പ്രസ്തുതം ദുർഗ്രഹമായിരുന്നു. ഭടന്മാർ ബറാബാസിനു ചുററും കൂട്ടതൽ ബന്തവസ്സിനായി അടുത്ത അണിയിട്ടു നടന്നു. ഈ മുൻകരുതൽ ആവശ്യമില്ലായിരുന്നു. അവിടെക്കൂടി സഞ്ചരിച്ച ആളുകൾ തടവുകാരനേയും ഭടന്മാരേയും ഗണ്യമാക്കാതെ മുമ്പോട്ടു ശീഘ്രം നടന്നുപൊയ്ക്കൊണ്ടിരുന്നു. കടന്നുപോയവരുടെ സംഭാഷണങ്ങളിൽ "പ്രവാചകൻ", "അത്ഭുതപ്രവർത്തകൻ" എന്നിങ്ങനെ ബറാബാസ് പലപ്രാവശ്യം കേട്ടു. നസ്രായൻ ഈശോ എന്ന സംജ്ഞയും ഇടയ്ക്കിടെ കേൾക്കാമായിരുന്നു. ദേവാലയത്തിലേക്കുള്ള നടക്കാവിൻമദ്ധ്യത്തിൽ ഒരു വലിയ ജനക്കൂട്ടം നമ്മുടെ ചെറുസംഘത്തിനു മാർഗ്ഗതടസ്സം വരുത്തി. ഭടന്മാർ ജനങ്ങളുടെയിടയിൽക്കൂടി ബലംപ്രയോഗിച്ചു് വഴിയുണ്ടാക്കുമായിരുന്നു. ദൃഢവയസ്കനും വിവേകിയുമായിരുന്ന ദശാധിപൻ ആ നയം അപായകരമാണെന്നു നിശ്ചയിച്ചു. ആ ജനസംഘത്തിൽ കുടുങ്ങിയാൽ തങ്ങൾ പരുങ്ങലിലാകുമെന്നു ആ ഉദ്യോഗസ്ഥൻ വിചാരിക്കാതിരുന്നില്ല. വഴിയുണ്ടാക്കി തടവുകാരനോടുകൂടി നിർബാധം അപ്പുറം കടക്കുവാൻ സാധിച്ചാൽപോലും അനാവശ്യമായി ആപത്തെതിരിടുവാൻ ശ്രമിച്ചതിനു ശിക്ഷയ്ക്കവകാശമുണ്ടായിരുന്നു ഇക്കാരണങ്ങളാൽ ഭടന്മാരും ബറാബാസും ഒരു വശത്തേക്കു വെട്ടിമാറി ഉപമാർഗ്ഗങ്ങളിൽക്കൂടി പ്രയാണംതുടർന്നു് പ്രൊക്കുറയിററുടെ കൊട്ടാരത്തിലെത്തുവാനായിരുന്നു ദശാധിപൻെറ ആജ്ഞ. ചെറുസംഘം താരതമ്യേന ആൾസഞ്ചാരം കുറഞ്ഞ ഒരു തെരുവിൽ പ്രവേശിച്ചു. കെട്ടിടങ്ങളിലേക്കുള്ള പ്രവേശനദ്വാരങ്ങൾക്കു സമീപവും വഴിയരികിലെ കല്ലുകളിന്മീതെയും ആൾക്കൂട്ടത്തിലെ തിക്കലിൽ അകപ്പെടുവാൻ ഭയപ്പെട്ട രോഗികളും മുടന്തന്മാരും സ്ഥലംപിടിച്ചിരുന്നു. തങ്ങളുടെ ശരീരാസ്വാസ്ഥ്യങ്ങളിൽ ദത്തശ്രദ്ധരായി വർത്തിച്ച അവരാകട്ടെ, സൂര്യപ്രകാശരഹിതവും വൃത്തിഹീനവുമായി കഴിഞ്ഞ തെരുവുകളിൽക്കൂടി വാസന്തമാരുതൻ തങ്ങളുടെ പക്കലേക്കാനയിച്ച ഗാനഭാഗങ്ങളെ ഇടയ്ക്കിടെ നിശ്ശബ്ദം ശ്രവിക്കുകയുംചെയ്തു. പ്രധാനതെരുവിലെ സംഗീതധ്വനി ഉച്ചത്തിലോ ഉയർന്നു. ബറാബാസിനു പ്രസ്തുതം എന്തെന്നു ഗ്രഹിക്കുവാൻ സാധിച്ചു.

"ദാവീദിൻ പുത്രനു്, ഓശാനാ!"

"കർത്താവിൻ നാമത്തിൽ വരുന്നവൻ അനുഗൃഹീതനാകുന്നു!"

"യഹൂദന്മാരുടെ രാജാവിനു്, ഓശാനാ!"

"തൻെറ ജനങ്ങളെ രക്ഷിക്കുവാനാഗതൻ മിശിഹായ്ക്കു ഓശാനാ!"

ഒരു വിലങ്ങുവഴിമൂലം പ്രധാനതെരുവിലെ ജനസംഘം ദൃഷ്ടിഗോചരമായി. ഒട്ടധികം ഉത്സവവേഷധാരികൾ മുകുളിതങ്ങളായ വൃക്ഷശാഖകളും ചുള്ളികളും കൈയിലേന്തി ദേവാലയം ലക്ഷ്യമാക്കി നടന്നുപോകുന്നതു് ബറാബാസ് കണ്ടു. അയാൾക്കു സ്വന്തം കാതുകളെ വിശ്വസിക്കുവാൻ കഴിഞ്ഞില്ല. ഇത്ര വമ്പിച്ച ജനാവലി പാടുന്ന പല്ലവി, നസ്രായൻ ഈശോ! യഹൂദന്മാരുടെ രാജാവു്! മിശിഹാ! യാത്രികസംഘത്തിൻെറ ഒരു വിഭാഗം വിലങ്ങുവഴിയിലേക്കു പ്രവഹിച്ചു. അവർ അവിടെ തിങ്ങിക്കൂടിയതിനാൽ ഭടന്മാർക്കു് മാർഗ്ഗതടസ്സം ഭവിച്ചു. അവർ അനങ്ങാതെ നിൽക്കേണ്ടിവന്നു. പെട്ടെന്നു് പ്രധാനവീഥിയിലെ ജനാവലി നിശ്ശബ്ദമായി. അപ്പോൾ ഹിമധവളശ്മശ്രുകേശങ്ങളോടുകൂടിയ ഒരു വയോവൃദ്ധൻ പുരോഹിതവസ്ത്രങ്ങൾ അണിഞ്ഞു് ഒരു ഭവനത്തിലേക്കുള്ള പ്രവേശനദ്വാരത്തിങ്കൽ കാണപ്പെട്ട കല്പടകളിൽ കയറിക്കഴിഞ്ഞു. വിലങ്ങുവഴിയിലെ ആളുകൾക്കു അദ്ദേഹത്തെ ശരിക്കു കാണാമായിരുന്നു. അദ്ദേഹത്തിൻെറ മാംസരഹിതകരങ്ങൾ ഉയർത്തപ്പെട്ടു. അദ്ദേഹത്തിൻെറ ഒട്ടിയ കവിൾത്തടത്തിൽ സൂര്യരശ്മി കളിയാടി. അദ്ദേഹം ശക്തിയുക്തമായ സ്വരത്തിൽ പ്രസംഗിക്കുകയായി: "പ്രവാചകൻ ഏശയ്യാ ഇപ്രകാരം പ്രസ്താവിക്കുന്നു: ജറുസലേം, ഉത്ഥാനംചെയ്തു പ്രശോഭിക്കുക; നിൻെറ പ്രകാശം സമാഗതമായിരിക്കുന്നു. നാഥൻെറ തേജസ്സു് നിന്നുപരി ഉയർന്നിരിക്കുന്നു. കണ്ടാലും, അന്ധകാരം ലോകത്തെ ആവരണം ചെയ്യും, സാന്ദ്രമായ അന്ധകാരം ജനങ്ങളെയും. എന്നാൽ നാഥൻ നിന്നുപരി ഉയരുകയും, അവിടത്തെ പ്രകാശം നിന്നുപരി ദൃശ്യമാകുകയും ചെയ്യും. എന്നാലോ, പുറജാതികൾ നിൻെറ പ്രകാശത്തിലേക്കും, നാടുവാഴികൾ നിൻെറ ഉദയത്തിൻെറ ശോഭയിലേക്കും ആഗതരാകും. നിൻെറ കണ്ണുകൾ ഉയർത്തി ചുററും നോക്കിക്കാണുക, എല്ലാവരും ഏകോപിച്ചു് സമ്മേളിക്കുന്നു. എല്ലാവരും നിങ്കലേക്കു വരികയും ചെയ്യുന്നു. നിൻെറ പുത്രന്മാർ വിദൂരതയിൽനിന്നു വരികയും നിൻെറ പുത്രിമാർ നിൻെറ പാർശ്വത്തിൽ പരിപാലിക്കപ്പെടുകയും ചെയ്യും. അപ്പോൾ നീ കാണുകയും യോജിച്ചു പ്രവഹിക്കുകയും, നിൻെറ ഹൃദയം ഭയപ്പെടുകയും വികസിതമാകുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ സമുദ്രത്തിൻെറ ധാരാളത നിന്നിൽ പരിവർത്തിതമാകും. പുറജാതികളുടെ സേനാവിഭാഗങ്ങൾ നിൻെറ പക്കലേക്കു വരികയും ചെയ്യും."

ശക്തികൂടിയ ആ ശബ്ദം അവസാനിച്ചു വൃദ്ധൻ കൈകൾ താഴ്ത്തി, അടുത്തുനിന്നിരുന്നവർ പിടിച്ചില്ലായിരുന്നുവെങ്കിൽ അയാൾ അവിടെ മറിഞ്ഞുവീഴുമായിരുന്നു. ആ വൃദ്ധപുരോഹിതൻെറ നാമം ജനക്കൂട്ടത്തിനിടയിൽ ശബ്ദിക്കപ്പെടുന്നതു് ബറാബാസ് കേട്ടു. അതു് ഒന്നാംഗണത്തിൽപെട്ട യഹൂദപുരോഹിതൻ സെബുലോൺ ആയിരുന്നു. വളരെ കാലമായി ദൈവാരാധനയിലും ദൈവഭയത്തിലും ജീവിച്ചുപോരികയും സഹജീവികളോടു് സദാ കാരുണ്യപൂർവ്വം പെരുമാറുകയും ചെയ്തിരുന്ന ഇദ്ദേഹം സ്വന്തനിലയിൽ ഒരു പ്രവാചകനായി പരിഗണിക്കപ്പെട്ടിരുന്നു. ജനസംഘം വീണ്ടും ആർത്തുവിളിക്കുവാൻ തുടങ്ങി.

"ദാവീദിൻ പുത്രനായ യേശുവേ, ഞങ്ങളോടു കാരുണ്യവാനായിരിക്കേണമെ!"

"ദാവീദിൻ പുത്രനായ യേശുവേ, ഞങ്ങളിൽ ദയ തോന്നേണമെ!"

അതാ, അദ്ദേഹംതന്നെ അക്ഷിഗതനാകുന്നു. ഈഷൽചാരനിറംകലർന്ന, പ്രായംകുറഞ്ഞ, ഒരു കഴുതപ്പുറത്തിരുന്ന അവിടുത്തെ വെള്ളക്കുപ്പായത്തിൻെറ അഗ്രം വാഹനമൃഗത്തിൻെറ ഇരുവശങ്ങളിൽക്കൂടി നിലംവരെ എത്തിയിരുന്നു. അദ്ദേഹം സൂര്യപ്രകാശം മുഴുവനും തന്നിലേക്കാവഹിച്ചിട്ടു് വർദ്ധിതമായദ്യുതിയോടുകൂടി അതിനെ ചുററും പ്രസരിപ്പിക്കുന്നതായി തോന്നി. ശോഭയേറിയ അദ്ദേഹത്തിൻെറ കണ്ണുകൾ തന്നെ അത്യധികം ഹർഷപൂരത്തോടുകൂടി അഭിവന്ദനം ചെയ്ത അനേകസഹസ്രം ജനങ്ങളുടെ മേൽ മന്ദമായും ശാന്തമായും ഓടിക്കൊണ്ടിരുന്നു. അങ്ങനെ അദ്ദേഹത്തിൻെറ ദൃഷ്ടി വഴിക്കവലയിൽ കാവൽഭടന്മാരോടുകൂടി നിന്നിരുന്ന ബറാബാസിൻെറമേലും പതിഞ്ഞു.

പീഡിതമായ തൻെറ ശരീരത്തിൽക്കൂടി ഒരസ്ത്രം തുളഞ്ഞുകയറുന്നതായി ബറാബാസിനു തോന്നി. തന്നെ അടിപ്പെടുത്തിയതെന്തെന്നു ബറാബാസിനു മനസ്സിലായില്ല. എങ്കിലും അംഗഭംഗം ഭവിച്ചവരും രോഗാർത്തരുമായി ചുററും കാണപ്പെട്ട ജനങ്ങളോടൊപ്പം ദാവിദിൻ പുത്രനായ യേശുവേ, എന്നിൽ ദയതോന്നണമെ എന്നു് താനും കേണപേക്ഷിക്കേണ്ടതാണെന്നുള്ള ഒരു തോന്നൽ ബറാബാസിനുണ്ടായി. പക്ഷെ, അയാളുടെ തൊണ്ട അടഞ്ഞിരുന്നതുപോലെ അനുഭവപ്പെട്ടു. അധരങ്ങളിൽനിന്നു് നിർഗ്ഗമിച്ചതേതോ അസ്പഷ്ടഭാഷണംമാത്രം. ഇതെല്ലാം അരനിമിഷംകൊണ്ടു് നടന്നു. ഈശോ വഴിക്കവലയ്ക്കപ്പുറം സവാരിചെയ്തു മറഞ്ഞുകഴിഞ്ഞിരുന്നു. (തുടരും)

---

## ജപാപ്പസ്തോലസഖ്യത്തിൻെറ നവമ്പർമാസത്തെ

### പൊതുനിയോഗം

"സത്യവിശ്വാസികൾ വിശുദ്ധ കുർബാനയെ അവരുടെ ജീവിതത്തിൻെറ കേന്ദ്രമായി പരിഗണിക്കുന്നതിനു്."

### വേദപ്രചാരനിയോഗം


"ഇൻഡോനേഷ്യയിലെ സാമൂഹികവ്യവസ്ഥിതി ക്രിസ്ത്യീയസിദ്ധാന്തങ്ങൾക്കനുസരിച്ചു സ്ഥാപിക്കപ്പെടുന്നതിനു്."

## അടുത്തയാഴ്ചയിൽ

നവമ്പർ

| | | |
|---|---|---|
| 8 | വ്യാ: | വി. ബ്രിജീത്താ |
| 9 | വെ: | ദിവ്യരക്ഷകൻെറ പള്ളിക്കൂദാശ |
| 10 | ശ: | വി. അന്ത്രയോസ് അവല്ലീനോസ് |
| 11 | ഞാ: | പന്തക്കുസ്താ 25-ാംഞാ. ക. മറിയത്തിൻെറ മാദ്ധ്യസ്ഥം |
| 12 | തി: | വി. മത്തീനോസ് |
| 13 | ചൊ: | വി. സ്റ്റനിസ്ലാവോസ് |
| 14 | ബു: | മഞ്ഞുമാതാവിൻെറ പള്ളിക്കൂദാശ, |

## For Favours Received



Excuse delay.
Aliyamma, W/o. P. U. Kurian,
Rajapuram

---

ആദ്ധ്യാത്മികവീഥി

## പരിത്യാഗം പ്രാർത്ഥനയുടെ ശക്തി വർദ്ധിപ്പിക്കുന്നു

ദൈവത്തിൻെറ വത്സലമക്കളേ,

പരിത്യാഗം പാപങ്ങളിൽനിന്നു മാറുന്നതിനും പുണ്യത്തിൽ അഭിവൃദ്ധിപ്പെടുന്നതിനും സഹായിക്കുന്നതിനോടൊപ്പം നമ്മുടെ പ്രാർത്ഥനയുടെ ശക്തിയേയും വർദ്ധിപ്പിക്കുന്നു.

നാല്പതു കൊല്ലമായി ദൈവാലയത്തിൽ പോകുകയോ കൂദാശകൾ സ്വീകരിക്കുകയോ ചെയ്യാതിരുന്ന വൃദ്ധനായ ഒരു സൈനികോദ്യോഗസ്ഥനെ മാനസാന്തരപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഒരു വൈദികൻ അയാളുടെ വീട്ടിൽ പോകുകയും സ്നേഹപൂർവ്വം സംസാരിക്കയും ചെയ്തുവന്നു. മാത്രമല്ല പല നൊവേനകളും കഴിച്ചു. പക്ഷേ അതുകൊണ്ടൊന്നും ഫലമുണ്ടായില്ല. നാട്ടുവർത്തമാനങ്ങൾ പറയുന്നതിനല്ലാതെ ദൈവവുമായി രമ്യപ്പെടുന്നതിനെപ്പററി സംസാരിക്കുന്നതിനു ആ മനുഷ്യനു് അത്ര ഇഷ്ടമില്ലായിരുന്നു. ഇനി എന്താണു ചെയ്യേണ്ടതെന്നു ഭഗ്നാശനായ വൈദികൻ ഗാഢമായി ആലോചിച്ചുനോക്കി. അപ്പോൾ ഒരു കാര്യം ഓർമ്മയിൽ വന്നു. അയാൾക്കുവേണ്ടി യാതൊരു പരിത്യാഗവും ചെയ്തിട്ടില്ലല്ലോയെന്നു്.

ഉച്ചകഴിഞ്ഞു ഒരു കപ്പു് കടുംകാപ്പി കുടിക്കുന്ന പതിവു് അദ്ദേഹത്തിനുണ്ടായിരുന്നു. അതു കഴിച്ചില്ലെങ്കിൽ വലിയ തലവേദനയും ക്ഷീണവും ഉണ്ടാകും. അന്നു നാലുമണിക്കു തൻെറ സ്നേഹിതനെ കാണാൻ പോകുന്നതിനു മുൻപു പതിവുള്ള കടുംകാപ്പി ഉപേക്ഷിച്ചു. അതിൻെറ ഫലം അത്ഭുതകരമായിരുന്നു എന്നു വേണം പറയാൻ.

അച്ചനെ കണ്ടയുടനെതന്നെ അയാൾ പറഞ്ഞു: "അച്ചൻ പലപ്പോഴും എന്നോടു ഒന്നു കുമ്പസാരിക്കുന്ന കാര്യത്തെക്കുറിച്ചു പറയുന്നുണ്ടായിരുന്നല്ലോ. കൊള്ളാം ഇനി താമസിപ്പിക്കണമെന്നു വിചാരിക്കുന്നില്ല. നാളെ കാലത്തെ ഞാനങ്ങുവരാം." അങ്ങനെ അയാൾ ചെയ്യുകയും ചെയ്തു. അയാൾക്കു ആ അനുഗ്രഹം ലഭിക്കുന്നതിനു് ഒരു പരിത്യാഗത്തിൻെറ പോരായ്മയായിരുന്നു ഉണ്ടായിരുന്നതു്.

വല്ല അത്യാവശ്യകാര്യവും സാധിക്കാനുള്ളപ്പോൾ പ്രാർത്ഥനയോടുകൂടി ഒരു ഒരുനേരം നില്പുയോ ഒരു ദിവസത്തെ പുകവലി ഉപേക്ഷിക്കുകയോ മറേറതെങ്കിലും വിഷമമുള്ള സംഗതി ചെയ്യുകയോ ചെയ്താൽ അതിൻെറ ഫലം അനുഭവിക്കുവാൻ സാധിക്കും. ചിലതരം ബാധയൊഴിയുന്നതിനു പ്രാർത്ഥനയും തപസ്സും ആവശ്യമുണ്ടെന്നു നമ്മുടെ ദിവ്യരക്ഷകൻ തന്നെ ഉദ്ബോധിപ്പിക്കുന്നുണ്ടല്ലോ.

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.

## പോളണ്ടിനും ഹംഗറിക്കും വേണ്ടി പ്രാർത്ഥിക്കുക

### പരിശുദ്ധ പിതാവിൻെറ ആഹ്വാനം

പോളണ്ടിനും ഹംഗറിക്കുംവേണ്ടി പ്രാർത്ഥിക്കുവാൻ ആഹ്വാനംചെയ്തുകൊണ്ടു് ലോകത്തിലെ കത്തോലിക്കാ മെത്രാന്മാർക്കായി മാർപ്പാപ്പാ തിരുമേനി ഒരു അപ്പസ്തോലികലേഖനം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഈ കത്തിൻെറ പൂർണ്ണരൂപം അടങ്ങിയ "ഒസ്സർവത്തോരെ റൊമാനൊ"യുടെ ഒരു പ്രത്യേക പതിപ്പു പ്രസിദ്ധീകരിച്ചിരിക്കുന്നു. രക്തപങ്കിലമായ സംഘട്ടനങ്ങളാൽ ശിഥിലമായിരിക്കുന്ന ഹംഗറിയിലെ ജനങ്ങൾക്കു് നീതിയിൽ അധിഷ്ഠിതമായ സമാധാനം സംലബ്ധമാകുന്നതിനുവേണ്ടി പ്രാർത്ഥനകൾ നടത്തണമെന്നാണു് പരിശുദ്ധ പിതാവു് ആജ്ഞാപിച്ചിരിക്കുന്നതു്.

"ആയുധബലംകൊണ്ടോ പൗരന്മാരുടെമേൽ അക്രമം പ്രയോഗിച്ചുകൊണ്ടോ സമാധാനം പുനസ്ഥാപിതമാകുക സാദ്ധ്യമല്ലെന്നു് ഏവരും വ്യക്തമായി ധരിച്ചിരിക്കട്ടെ. പൗരതതിയുടെ ആത്മാർത്ഥവികാരങ്ങളെ അതുകൊണ്ടു ശ്വാസംമുട്ടിക്കുക ശക്യമല്ല എന്നും മനുഷ്യാത്മാക്കളെ മലീമസമാക്കുകയും സഭയുടെയും, സിവിലും ക്രൈസ്തവവുമായ മനസ്സാക്ഷിയുടേയും അവകാശങ്ങളെ ലംഘിക്കുകയും ചെയ്യുന്ന വഴിപിഴച്ച സിദ്ധാന്തങ്ങൾകൊണ്ടും അതു സാദ്ധ്യമല്ല എന്നും ഏവരും ധരിച്ചിരിക്കട്ടെ" എന്നു് തിരുമനസ്സുകൊണ്ടു് തുടർന്നു പ്രസ്താവിച്ചു. നീതിയുക്തമായ സ്വാതന്ത്ര്യത്തിനുള്ള അഭിവാഞ്ഛയെ ബാഹ്യബലപ്രയോഗംകൊണ്ടു് അടിച്ചമർത്തുക സാദ്ധ്യമല്ലെന്നും തിരുമേനി അതുളിച്ചെയ്യുന്നു.

# സൂയസ് സമരം

ഒക്ടോബർ 30-ാംതീയതി ഇസ്രായൽസേന അപ്രതീക്ഷിതമായി ഈജിപ്തു് ആക്രമിച്ചിരിക്കുന്നു. 12 മണിക്കൂറിനുള്ളിൽ സൂയസ് മേഖലയിൽനിന്നു് ഈജിപ്തു് ഇസ്രായേലിസേനകൾ പിന്മാറാത്തപക്ഷം തങ്ങൾ ഇടപെടുന്നതാണെന്നു ബ്രിട്ടനും ഫ്റാൻസും ഇരുരാജ്യങ്ങൾക്കും അന്ത്യശാസനം നൽകി. അന്ത്യശാസനസമയം കഴിഞ്ഞപ്പോൾ അവർ സേനയെ ഈജിപ്തിൽ ഇറക്കുകയും ചെയ്തു. ഈജിപ്തിൽ ബലപ്രയോഗം നടത്തുകയോ, ബലം പ്രയോഗിക്കുമെന്നു ഭീഷണിപ്പെടുത്തുകയോ ചെയ്യുന്നതിൽനിന്നു എല്ലാ രാഷ്ട്രങ്ങളും ഒഴിഞ്ഞുനില്ക്കണമെന്നു നിർദ്ദേശിച്ചുകൊണ്ടു അമേരിക്ക സെക്യൂരിററികൗൺസിലിൽ അവതരിപ്പിച്ച പ്രമേയം ബ്രിട്ടനും ഫ്റാൻസും വീറോ ചെയ്തു. സോവ്യററഷ്യാ അവതരിപ്പിച്ച പ്രമേയവും വീറോ ചെയ്യപ്പെട്ടു.

ഈജിപ്തിൽ ഉടനെ വെടിനിർത്തണമെന്നും ഇസ്രായൽസേനയെ പിൻവലിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടു് അമേരിക്ക ഐക്യരാഷ്ട്രജനറൽ അസംബ്ളിയിൽ അവതരിപ്പിച്ചപ്രമേയം 69-ൽ 64 പേരുടെ അനുകൂല്യത്തോടെ പാസായിരിക്കുന്നു ബ്രിട്ടനും ഫ്റാൻസും ഈജിപ്തിലെ പ്രധാനനഗരങ്ങളിൽ ബോംബാക്രമണം നടത്തി. ഈജിപ്ഷ്യൻ വ്യോമസേനയെ നിശേഷം തകർത്തു. ഗാസാപ്രദേശം ഇസ്രായലിനു കീഴടങ്ങി.

സീനായി പ്രദേശവും ഗാസായും മുഴുവൻ തങ്ങളുടെ അധീനത്തിലാണെന്നു ഇസ്രായേലവകാശപ്പെടുന്നു. ഇന്നത്തെ നിലയിൽ സൂയസ്പ്രദേശത്തുനിന്നും സേനകളെ പിൻവലിക്കുവാൻ നിവൃത്തിയില്ലെന്നു ബ്രിട്ടനും ഫ്റാൻസും ജനറൽ അസംബ്ളിയെ അറിയിച്ചിരിക്കുന്നു. സൂയസിൽനിന്നു പിന്മാറുവാൻ ആവശ്യപ്പെട്ടുകൊണ്ടു ജനറൽ അസംബ്ളി വീണ്ടും പ്രമേയം പാസാക്കിയിരിക്കുന്നു. ഒരു അടിയന്തിരഐക്യരാഷ്ട്രസേന രൂപവത്കരിക്കുന്നതിനും ഒരു പ്രമേയംമൂലം ജനറൽ അസംബ്ളി തീരുമാനിച്ചിരിക്കുന്നു.



ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത
സി. എസ്സ്. ജോൺ

# ഹങ്കറിയിലെ വിപ്ളവം

ബുഡാപ്പെസ്റ്റിലെ തെരുവീഥികളിൽനിന്നും റഷ്യൻസേന പിൻവാങ്ങിയപ്പോൾ രണ്ടായിരത്തിൽപരം ഹംഗേറിയന്മാർ പാർലമെൻറുമന്ദിരത്തിൻെറ മുൻപിൽ തടിച്ചുകൂടി "കൊലപാതകികളുടെ ഗവണ്മെൻറു രാജിവെക്കു"വാൻ ആവശ്യപ്പെട്ടിരിക്കുന്നു. ഇംറി നാഗിയുടെ ഗവണ്മെൻറിനോടുള്ള തങ്ങളുടെ അതൃപ്തി അവർ രേഖപ്പെടുത്തി.

—ഹംഗറിയിലെ പ്രതിവിപ്ലവസേന ഹംഗേറിയൻ പ്രൈമററായ കർദ്ദിനാൾ മിൻസെന്തി തിരുമേനിയെ ഫെൽ സൊപെട്ടമി ജയിലിൽനിന്നും മോചിപ്പിച്ചിരിക്കുന്നതായി ഹംഗറിയിലെ ഔദ്യോഗികന്യൂസ് ഏജൻസി പ്രസ്താവിച്ചിരിക്കുന്നു. 1948 ഡിസംബറിലാണു കമ്മ്യൂണിസ്റ്റുകാർ കർദ്ദിനാൾ തിരുമേനിയെ അറസ്റ്റുചെയ്തതു്.

ഹംഗറിയിലെ പ്രധാനമന്ത്രി മി. ഇംറി നാഗി, കമ്മ്യൂണിസ്റ്റുകാരുടെ വാർസോ സൈനികഉടമ്പടിയെ നിഷേധിച്ചിരിക്കുന്നു. ഹംഗറിയിൽനിന്നു സോവ്യററുസേനയെ പൂർണ്ണമായി പിൻവലിക്കുവാൻ അദ്ദേഹം ആവശ്യപ്പെട്ടിട്ടുണ്ടു്. ഹംഗറിയുടെ നിഷ്പക്ഷതപ്രഖ്യാപിക്കുകയും, ഹംഗറിയുടെ കാര്യം ഐക്യരാഷ്ട്ര അജണ്ടായിൽ ഉടനെ ഉൾപ്പെടുത്തുവാൻ ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു.

ഹംഗറിയിലെ സോവ്യററു് ഇടപെടൽ പ്രശ്നം ഐക്യരാഷ്ട്രജനറൽ അസംബ്ളിയിൽ ഇററലി ഉന്നയിച്ചിരിക്കുന്നു.

(ഒടുവിൽ കിട്ടിയതു്)

വൻപിച്ച ഒരു സോവ്യററുസേന ഹംഗറിയിലേക്കു തള്ളിക്കയറുകയും പ്രതിവിപ്ലവകാരികളെ അടിച്ചമർത്തുകയും, പ്രധാനമന്ത്രി ഇംറി നാഗിയെ അറസ്റ്റുചെയ്യുകയും ജാനോസ് കാഡറെ പുതിയ പ്രധാനമന്ത്രിയായി നിയമിക്കുകയും ചെയ്തിരിക്കുന്നു. നാഗിയും സഹമന്ത്രിമാരും അറസ്റ്റിലാണു്.

# വിവിധവൃത്താന്തങ്ങൾ

## "മൺസ്റ്ററിലെ സിംഹം"

"മൺസ്റ്ററിലെ സിംഹം" എന്ന അപരാഭിധാനത്താൽ അറിയപ്പെടുന്ന കർദ്ദിനാൾ വോൺ ഗാലൻ തിരുമേനിയെ സിദ്ധനെന്നു പേരുവിളിക്കുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിരിക്കുന്നു. 1946 മാർച്ചു് 22-ാം തീയതി, കർദ്ദിനാളായി ഒരു മാസം കഴിഞ്ഞപ്പോഴാണു് അദ്ദേഹം നിര്യാതനായതു്. നാസിസത്തിനു് എതിരായി നടത്തിയ സമരംമൂലമാണു് കർദ്ദിനാൾ ഗാലൻ ലോകപ്രസിദ്ധനായതു്. 1933-ൽ അദ്ദേഹം മൺസ്റ്ററിലെ മെത്രാനായി. ആദ്യന്തം നാസിസത്തിൻെറ ഏററവും വലിയ എതിരാളി അദ്ദേഹമായിരുന്നു. യുദ്ധത്തിൽ നശിച്ച മൺസ്റ്ററിലെ സെൻറു് പോൾസ് കത്തീഡ്റൽ പുതുക്കിപ്പണിതതിൻെറ ഉൽഘാടനത്തോടുകൂടി പേരുവിളിക്കൽ നടപടിയുടെ പ്രാരംഭചടങ്ങുകളും ഉൽഘാടനം ചെയ്യപ്പെടുന്നതാണു്.

## റഷ്യാക്കാർക്കു് പുതിയ നിയമം

ഈയിടെ ഒരുസംഘം റഷ്യാക്കാർ കാഴ്ചകൾ കാണുന്നതിനായി റോമാനഗരവും വത്തിക്കാനും സന്ദർശിക്കുകയുണ്ടായല്ലോ. അവർക്കു റഷ്യൻഭാഷയിലുള്ള ഓരോ പുതിയ നിയമം സമ്മാനിക്കപ്പെട്ടിരിക്കുന്നു. റോമയിലെ റഷ്യൻ കോളെജിൽ ജോലിചെയ്യുന്ന റഷ്യാക്കാരനായ ഒരു വൈദികനാണു് ഇതു റഷ്യൻഭാഷയിലേക്കു തർജ്ജമചെയ്തിരിക്കുന്നതു്. റഷ്യൻസഞ്ചാരികൾ സെൻറു് പീറേറഴ്സ് അങ്കണത്തിൽക്കൂടെ നടന്നുകൊണ്ടിരുന്നപ്പോൾ ഈ വൈദികൻ അവരെ കണ്ടു സംസാരിക്കുകയും അവർക്കു ഓരോ പുസ്തകം സംഭാവനചെയ്യുകയുമാണുണ്ടായതു്. പുസ്തകം ലഭിച്ചതിൽ അവർ അത്യധികം കൃതജ്ഞത പ്രകാശിപ്പിച്ചുവെന്നു ആ വൈദികൻ പിന്നീടു പ്രസ്താവിക്കുകയുണ്ടായി.

## ബൽജിയൻ സ്കൂൾസമരം

ബെൽജിയത്തിലെ ലിബറൽ-സോഷ്യലിസ്റ്റു് ഗവണ്മെൻറു് കത്തോലിക്കാസ്ക്കൂളുകളെ തുലച്ചു് സ്റ്റേററുസ്ക്കൂളുകൾ നടപ്പാക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. ആദിമുതൽ കത്തോലിക്കർ ഇതിനെ എതിർത്തുകൊണ്ടിരിക്കുന്നു. ഈയിടെ ബെൽജിയൻ വിദ്യാഭ്യാസമന്ത്രി ലിംബർഗ്ഗ് പ്രോവിൻസിൽ ലനക്കൻ എന്ന സ്ഥലത്തു ഒരു സ്റ്റേററു് പ്രൈമറിസ്കൂൾ തുറന്നു. തൽക്ഷണംതന്നെ നഗരസഭയുടെ മേയർ രാജിവെക്കുകയും കൗൺസിലർമാർ 11 പേരും വാക്കൗട്ട് നടത്തുകയുംചെയ്തു. പകരം ഏററെടുക്കുവാൻ ആരും സന്നദ്ധരായില്ല. 5 ക്ലാസുകളിലേക്കുംകൂടി പഠിക്കുവാൻ ഹാജരായതു് 19 കുട്ടികളാണു്. അടുത്ത ഗ്രാമങ്ങളിൽ ചെന്നു സോഷ്യലിസ്റ്റുകാരുടെ കുട്ടികളെ കൊണ്ടുവരുവാനുള്ള ശ്രമവും പരാജയപ്പെട്ടു. ഗവണ്മെൻറു് ഇപ്പോൾ ഇതികർത്തവ്യതാവിമൂഢമായിരിക്കുകയാണു്.

## പേരു് അയാളെ രക്ഷിച്ചു

സോൾഡി എന്ന പേരുള്ളവരുടെ സംഘടനയിൽപ്പെട്ട 300 പേർ ഈയിടെ വെനീസിലെ സെൻറു് മാർക്കസ്ദേവാലയത്തിൽവച്ചു അവരുടെ വാർഷികകൃതജ്ഞതാസ്തോത്രം നടത്തിയിരിക്കുന്നു. അന്നുതന്നെ വെനീസ് പാത്രിയർക്കീസിനെ സന്ദർശിച്ചു് 20 റാത്തൽ കുന്തുരുക്കം കാഴ്ചസമർപ്പിക്കുകയുണ്ടായി. സോൾഡി എന്നു പേരുള്ള ഒരു ഇററാലിയൻ പത്രപ്രവർത്തകനാണു് 1950-ൽ ഈ സംഘടന സ്ഥാപിച്ചതു്. കഴിഞ്ഞ മഹായുദ്ധകാലത്തു് ഈ സോൾഡിയെ ജർമ്മൻകാർ വധശിക്ഷക്കു വിധിച്ചതാണു്. വെടിവെച്ചു കൊല്ലാൻ കൊണ്ടുനിർത്തിയപ്പോൾ ഓഫീസർ അയാളുടെ പേരു മനസ്സിലാക്കി. "സോൾഡി! എൻെറ അമ്മയുടെ പേരും സോൾഡി എന്നായിരുന്നല്ലോ. ഓടു്, ഇററലിക്കാരാ" എന്നായിരുന്നു ഓഫീസറുടെ പ്രത്യുത്തരം. തൻെറ പേരുമൂലം ജീവൻ തിരിച്ചുകിട്ടിയ ആ ഇററലിക്കാരൻെറ ആശയമാണു് ഇങ്ങനെയൊരു "സോൾഡി സൊസൈററി"ക്കു കാരണമായതു്.

## വിദേശവാർത്തകൾ

പോളണ്ടിൽ തടങ്കലിലായിരുന്ന കർദ്ദിനാൾ സ്റ്റീഫൻ വിഷിൻസ്കിയെ മോചിപ്പിച്ചിരിക്കുന്നതായും സഭയും ഗവണ്മെൻറും തമ്മിലുള്ള തർക്കവിഷയങ്ങൾ നീക്കുന്നതിനു ഒരു ജോയിൻറു കമ്മീഷനെ നിയമിക്കുവാൻ തീരുമാനിച്ചിരിക്കുന്നതായും ഔദ്യോഗികമായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

—സാർവ്വദേശീയ അണുശക്തി ഏജൻസി ചാർട്ടറിനു് 72 രാജ്യങ്ങൾ അംഗീകാരം നൽകിയിരിക്കുന്നു. ഏജൻസിയുടെ മുഖ്യസ്ഥാനം വീയെന്നാ ആയിരിക്കുന്നതാണു്.

—യുഗോസ്ലാവിയായിലെ കർദ്ദിനാൾ സ്റ്റെപ്പിനാക്കു തിരുമേനി ജയിൽശിക്ഷ അനുഭവിക്കുവാൻ തുടങ്ങിയിട്ടു് 10 കൊല്ലം പൂർത്തിയായിരിക്കുന്നു. 1951-ൽ തിരുമേനിയെ ജയിലിൽനിന്നു മോചിപ്പിച്ചുവെന്നു ഗവണ്മെൻറു പ്രസ്താവിച്ചുവെങ്കിലും ഇപ്പോഴും സ്വന്തഗ്രാമത്തിൽ അദ്ദേഹം തടങ്കലിലാണു്.

—പൗരോഹിത്യത്തിലേക്കുള്ള ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിനായി ഇററലിയിലെ ചില രൂപതകളിൽ പ്രത്യേകആഫീസുകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ഇററാലിയൻ രൂപതകളിലും ഒരു "സിമ്മനാരിദിനം" ആഘോഷിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടു്.

—ഹോളണ്ടിൽ പുതുതായി രൂപവത്കൃതമായിരിക്കുന്ന മന്ത്രിസഭയിൽ 5 കത്തോലിക്കരും ഉൾപ്പെട്ടിട്ടുണ്ടു്. ഇത്തവണ ഇദംപ്രഥമമായി ഒരു വനിതയും മന്ത്രിസഭയിൽ പെടുന്നു. 44 വയസ്സു പ്രായമുള്ള സോഷ്യൽ വെൽഫയർ മന്ത്രി മിസ് മാർഗാ കിയോംപെ ഒരു കത്തോലിക്കയാണു്.

—ജർമ്മനിയിൽനിന്നു 216 തീർത്ഥകർ "മധുവിധു" ആഘോഷിക്കാൻ റോമയിലെത്തിയിരിക്കുന്നു. ഇവരിൽ 174പേർ നവദമ്പതികളും, 40 പേർ വിവാഹത്തിൻെറ രജതജൂബിലി ആഘോഷിക്കുന്നവരും രണ്ടു പേർ കനകജൂബിലി ആഘോഷിക്കുന്നവരുമാകുന്നു.

## ഇൻഡ്യാ വാർത്തകൾ

1954-55-ൽ 728 ലക്ഷം റാത്തൽ അസംസ്കൃതപുകയില ഇൻഡ്യയിൽനിന്നു വിദേശങ്ങളിലേക്കു കയററുമതിചെയ്തിട്ടുണ്ടു്. ഈ ഇനത്തിൽ 10 കോടി ക. ഇൻഡ്യക്കു വരുമാനമുണ്ടായിരിക്കുന്നു.

—അഖിലേന്ത്യാ റേഡിയോ ന്യൂഡൽഹിയിൽ സംഘടിപ്പിച്ച സംഗീതസമ്മേളനം പ്രസിഡൻറു രാജേന്ദ്രപ്രസാദ് ഉൽഘാടനം ചെയ്തിരിക്കുന്നു.

—ഇന്ത്യയും ബ്രിട്ടനുമായുള്ള സാമ്പത്തികഉടമ്പടി അതിൻെറ കാലാവധി തീരുന്ന 1957 ജൂൺ 30-ാംതീയതിക്കുശേഷം, തുടരുന്നതല്ലെന്നു ഇൻഡ്യാഗവണ്മെൻറിൻെറ ഒരു കമ്മ്യൂണിക്കെയിൽ പറഞ്ഞിരിക്കുന്നു.

—ബോംബെ മുഖ്യമന്ത്രിപദമൊഴിഞ്ഞ മി. മൊറാർജിദേശായി നവംബർ 14-ാംനു- ഒരു കേന്ദ്രമന്ത്രിസഭാംഗമായി സത്യപ്രതിജ്ഞചെയ്യുന്നതാണു്.


—പരുത്തിക്കുരുവിൻെറ സാട്ടാക്കച്ചവടം അനുവദിക്കാൻ സാട്ടാക്കച്ചവടക്കമ്മീഷൻ തീരുമാനിച്ചിരിക്കുന്നു.

—ഇന്ത്യൻ കൈത്തറിത്തുണികൾ വടക്കേ അമേരിക്കയിലേക്കു കയററി അയക്കുന്നതിനെപ്പററി ഗവണ്മെൻറിനെ ഉപദേശിക്കുന്നതിനായി മൂന്നു അമേരിക്കൻ കൈത്തറിവിദഗ്ദ്ധന്മാരടങ്ങിയ ഒരു സംഘം ഇൻഡ്യയിലെത്തിയിരിക്കുന്നു.

—പശ്ചിമബംഗാളിലെ ഹിന്ദുസ്ഥാൻ കേബിൾ ഫാക്ടറി, ട്രങ്കു കേബിളുകൾ നിർമ്മിക്കത്തക്കവിധം വികസിപ്പിച്ചുവരുന്നു.

—തലശേരി ഉത്തരമലബാറിൻെറ തലസ്ഥാനമാക്കണമെന്ന കാര്യത്തിലുള്ള പൊതുജനാഭിപ്രായം അധികൃതശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കുന്നതിനായി അവിടെ ഒരു ഹർത്താലാചരിച്ചിരിക്കുന്നു.

—കേന്ദ്രമന്ത്രി മി. വി. കെ. കൃഷ്ണമേനോൻ ലണ്ടൻവഴി ന്യൂയോർക്കിലേക്കു പോയിരിക്കുന്നു.



(4-ാംപേജ് തുടർച്ച)

ന്നാൽ എനിക്കന്നു് ഓണമാണു്. എന്തിനു് കുഞ്ഞേ, ആകാശത്തിലെ പറവകളെ നോക്കൂ. അവ വിതയ്ക്കുന്നില്ല. കൊയ്യുന്നില്ല; കളപ്പുരയിൽ കൂട്ടിവയ്ക്കുന്നതുമില്ല. എങ്കിലും അതിന്റെ സൃഷ്ടികർത്താവു് അതിനെ പോററുന്നില്ലേ?"

ഒരു പണ്ഡിതനെപ്പോലെയുള്ള അയാളുടെ ഉത്തരവും ചോദ്യവും എന്നെ ഇരുത്തി ചിന്തിപ്പിച്ചു. കുറച്ചുനേരത്തേക്കു് എനിക്കു് യാതൊന്നും പറയുവാൻ കിട്ടിയില്ല. നാവു് ഇറങ്ങിപ്പോയപോലെ! അയാളുടെ ചരിത്രം അറിയുവാൻ ഞാനും കൂട്ടുകാരികളും വളരെയധികം ഉൽക്കണ്ഠയോടെ ആ വൃദ്ധന്റെ ചുററും നിന്നു. അയാൾ ശബ്ദം സ്വല്പം ഉയർത്തി കൂടുതൽ ദൃഢതയോടുകൂടി പറയുവാൻ തുടങ്ങി.

"ലോകത്തിലുള്ള സകലത്തിനേയും അടക്കി ഭരിച്ചു് മനുഷ്യൻ ജീവിക്കുകയാണു്. സുഖത്തിലും സംതൃപ്തിയിലും ഞാനെന്റെ നല്ല സമയങ്ങൾ കഴിച്ചുകൂട്ടി സകലവിധ സുഖങ്ങളിലും കളിച്ചു് മദിച്ചു് നടക്കുന്നവൻ കരയേണ്ടവനാണെന്നു് എനിക്കജ്ഞാതമായിരുന്നു. ഇന്നു് എന്റെ വേഷക്കാരെപ്പോലെ അന്നു് ആരെയെങ്കിലും കണ്ണിൽ കാണുമ്പോൾ ഞാൻ ആട്ടിയോടിക്കുക സാധാരണയായിരുന്നു. സ്നേഹമുള്ളൊരു മനസ്സു് എനിക്കുന്നുണ്ടായിരുന്നില്ല. എന്റെ പതിനാറാമത്തെ വയസ്സിൽ ഞാൻ മദ്യപാനം ആരംഭിച്ചു. യുവത്വത്തിലേക്കു പിച്ചവെച്ച ഞാൻ ഒരു പുതിയ ലോകം വിഭാവനംചെയ്തു. അക്രമവും, കൊള്ളയും, കൊലയും നടമാടുന്ന ഒരു പൈശാചികലോകം!

ലഹരിസാധനങ്ങൾ കൂടാതെ കഴിയുവാൻ സാധിക്കുകയില്ലെന്നു് എനിക്കു തോന്നി. പുല്ലുപോലെ പണം ധൂർത്തടിക്കുവാൻ എനിക്കൊരാവേശമുണ്ടായി. വിനോദരംഗങ്ങളിലും, മദ്യഷാപ്പിലും, സിനിമാ കൊട്ടകകളിലുമായി ഞാൻ രാത്രിസമയങ്ങൾ കഴിച്ചുകൂട്ടിയിരുന്നു. പണം, അതെന്നെ ഒരു പിശാചാക്കിത്തീർത്തു. വെളിച്ചത്തെ വെറുത്തു് അന്ധകാരത്തെ ആത്മാർത്ഥമായി സ്നേഹിച്ചു. മാതാപിതാക്കളേയും ബന്ധുജനങ്ങളേയും ഞാൻ തീരെ വെറുത്തിരുന്നു. അവരുടെ ഉപദേശങ്ങളും ലാളനകളും എന്നെ വേദനിപ്പിച്ചു ദഹിപ്പിക്കുന്ന തീയമ്പുകളാണെന്നു എന്റെ എളിയബുദ്ധിയിൽ തോന്നി. അവരെ ഞാൻ വല്ലാതെ കണ്ണുനീർ കുടിപ്പിച്ചു. എന്റെ അല്പമായ സുഖത്തിൽ പങ്കുകാരാവാൻ ധാരാളം കൂട്ടുകാരുണ്ടായിരുന്നു. ഇന്നെനിക്കു് ബന്ധുക്കളില്ലാ; കൂട്ടുകാരില്ല; കാരണം, എനിക്കിന്നു പണമില്ല. പരിഹാസവും നിന്ദയുമേററു് പട്ടണത്തിന്റെ മദ്ധ്യത്തിലൂടെ ഇന്നു് ഞാൻ നടക്കുകയാണു്, സകലർക്കും ഒരു ചോദ്യചിഹ്നമായി."

വൃദ്ധന്റെ മുഖം ചുട്ടു. വായിൽനിന്നു് തീപ്പൊരി പാറുന്നപോലെ അയാൾ വീണ്ടും തുടന്നു:

"ഞാൻ വഞ്ചകനാണു്; കൊലപാതകനാണു്; ലോകത്തിന്റെ സകല നീചപ്രവൃത്തികളിലും മതിമയങ്ങി ജീവിച്ചവനാണു്. ഇന്നെനിക്കു് ശേഷിച്ചിരിക്കുന്നതു് പിച്ചപ്പാളയാണു്. നിങ്ങൾതന്നെ എന്നെ വിധിക്കുക?

ഞങ്ങൾ അങ്ങുമിങ്ങും മുഖത്തോടു മുഖം നോക്കിനിന്നു. ആരുമാരും യാതൊന്നും ശബ്ദിച്ചില്ല. വൃദ്ധൻ കൂനിക്കൂനി വടിയുമൂന്നി നടന്നകന്നു.

ഹോസ്റ്റലിലെ മണി ആറടിച്ചു. ഉലയിൽ ചുട്ടെടുത്ത ഇരുമ്പുഗോളം പോലെ പകലോൻ ആഴിയിലേക്കു് മന്ദംമന്ദം ഇറങ്ങിത്തുടങ്ങി. ഒരു കുഷ്ഠരോഗി ഹൃദയം ഭേദിക്കുമാറു് ശബ്ദത്തിൽ അളിഞ്ഞ കൈകൾ മേലോട്ടുയർത്തി "സാധുവിനോടു് കരുണയുണ്ടാകണേ..." എന്നു അത്യുച്ചത്തിൽ നിലവിളിച്ചുപറഞ്ഞു.

എന്റെ പഞ്ചേന്ദ്രിയങ്ങൾ പ്രവർത്തനം നിലച്ചതുപോലെ...കാലുകൾ മുന്നോട്ടു ചലിച്ചില്ല...തലയ്ക്കാകെ ഘനം വീണപോലെ!

അന്നു് പ്രകൃതി പുഞ്ചിരിച്ചില്ല. പൂക്കളുടെ പരിമളം പരത്തുന്ന ഇളംകാററു് മുറിക്കകത്തു് പ്രവേശിച്ചില്ല. ആർത്തട്ടഹസിച്ചു് ആ ദിവസത്തെ ആട്ടിയോടിക്കുന്നതുപോലെ തോന്നിയിരുന്നു. ഭൂമിയുടെ മാറു് പിളക്കുന്നതുപോലെ ഇടിമുഴങ്ങി. കൊള്ളിയാൻ മിന്നി. ഞാൻ നിശ്ചലയായി എന്റെ മുറിയിൽ കൂരിരുട്ടിൽ തറഞ്ഞിരുന്നതേയുള്ളു. ആ വൃദ്ധൻ! ഉത്തരം കിട്ടാതെ ഒരു ചോദ്യചിഹ്നം എന്റെ ഹൃദയത്തിൽ ഉയർന്നുനിന്നു.

# ശകാരവർഷങ്ങൾ

(റവ. വി. സി. ഗീവർഗീസ് കോറെപ്പിസ്കോപ്പാ ബി. ഏ.)

(തുടർച്ച)

"വിശ്വാസത്യാഗി" 3-ാം പുറത്തു് ബ: റമ്പാച്ചൻ ഇങ്ങനെ ഒരു ചോദ്യം ചോദിക്കുന്നു: "നെസ്തോറിനുമുമ്പു് ഏതെങ്കിലും ഒരു പിതാവു് ഇരുസ്വഭാവത്തെപ്പററി പറഞ്ഞിട്ടുള്ളതായി അച്ചനു തെളിയിക്കാമോ?" ഞാൻ തെളിയിക്കാം. പലതും ഉദ്ധരിക്കാം. ബ: റമ്പാച്ചനു് ഒരു പിതാവിന്റെ സാക്ഷ്യം മതിയല്ലോ. നെസ്തോർ മരിച്ചതു് 440-ലാണു്. അതിനു 200-ഓളം കൊല്ലംമുമ്പു ജീവിച്ചിരുന്ന തെർത്തുല്യൻ (240 A. D) പറയുന്നു: "ഒരാളിൽ രണ്ടു സ്ഥിതികൾ (സ്വഭാവങ്ങൾ) കലന്നു യോജിക്കാതെ എന്നാൽ ഒന്നിച്ചു ചേന്നിരിക്കുന്ന ദൈവവും മനുഷ്യനുമായ യേശുവിനെ നാം കാണുന്നു." (Adversus praxean 27—R. 379)

ദൈവികമായ ആളത്വത്തിൽ പുത്രൻതമ്പുരാനു ദൈവികസ്വഭാവമുണ്ടു്. മനുഷ്യാവതാരം ചെയ്തപ്പോൾ ദൈവികആളത്വത്തിൽ മനുഷ്യസ്വഭാവവും സ്വീകരിച്ചു. ഇങ്ങനെ ദൈവികആളത്വത്തിൽ രണ്ടു സ്വഭാവങ്ങളുമുണ്ടു്. എന്നാൽ ഈ രണ്ടു സ്വഭാവങ്ങൾ തമ്മിൽ കൂടിക്കലരുന്നില്ല. ദൈവികആളത്വത്തോടു ദൈവസ്വഭാവം യോജിച്ചിരിക്കുന്നു. ദൈവികആളത്വത്തോടു മനുഷ്യസ്വഭാവവും യോജിച്ചു. ഇങ്ങനെ ഏക ആളിൽ രണ്ടു സ്വഭാവങ്ങളുണ്ടു്. ഏക ദൈവത്തിൽ മൂന്നാളുകൾ ഉണ്ടല്ലോ. മൂന്നാളുകൾ കൂടിച്ചേർന്നു ഒററ ആളായിത്തീരുന്നില്ല മൂന്നാളുകൾ മൂന്നാളുകളായിത്തന്നെയിരിക്കുന്നു. എന്നാൽ മൂന്നു ദൈവങ്ങളില്ല. പുത്രൻതമ്പുരാന്റെ ദൈവികആളത്വത്തിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവുമുണ്ടു്. അതുകൊണ്ടാണു് പുത്രനെ ദൈവമെന്നും മനുഷ്യനെന്നും പറയുന്നതു്. ദൈവത്വത്തിൽ കഷ്ടതയും മരണവും പ്രവേശിപ്പാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് പുത്രന്റെ ദൈവികആളത്വം മനുഷ്യസ്വഭാവമെടുത്തു മനുഷ്യാവതാരംചെയ്തു. മനുഷ്യസ്വഭാവമെടുത്തതിനാൽ, മനുഷ്യസ്വഭാവം വഴിയായി പുത്രന്റെ ദൈവികആളത്വം നമുക്കുവേണ്ടി കഷ്ടതയും മരണവും സഹിച്ചു. ഇങ്ങനെ ദൈവവും മനുഷ്യനുമായ മിശിഹാ കഷ്ടതയും മരണവും സ്വീകരിച്ചു.

വി. അംബ്രോസ് (397 A. D.) പറയുന്നു: "നമുക്കു ദൈവികത്വത്തിന്റേയും മാംസത്തിന്റേയും വ്യത്യാസം പാലിക്കാം. രണ്ടിലും ഏകനായിരിക്കുന്ന ദൈവപുത്രൻ സംസാരിക്കുന്നു. എന്തുകൊണ്ടെന്നാൽ, അവനിൽ രണ്ടു സ്വഭാവങ്ങളുണ്ടു്." (Vide De fide I–2, c. 9 N. 77; M. 16, 576)

വി. ആഗസ്തീനോസ് (430 A. D.) പറയുന്നു: "ക്രിസ്തു ആളത്വത്തിന്റെ ഏകത്വത്തിൽ രണ്ടു സ്വഭാവങ്ങൾ യോജിപ്പിച്ചുകൊണ്ടു ദൈവത്തിനും മനുഷ്യർക്കും ഇടയ്ക്കു മദ്ധ്യസ്ഥനായി പ്രത്യക്ഷപ്പെട്ടു. രണ്ടു സ്വഭാവങ്ങൾ പരസ്പരം യോജിക്കയല്ല, പിന്നെയോ ഓരോ സ്വഭാവവും ക്രിസ്തുവിന്റെ ഏക ആളിനോടു യോജിക്കയാണ ചെയ്തതു്." (Ep. 137, 3, 9, PL. 33, 519)

ഇരുസ്വഭാവത്തെക്കുറിച്ചു ചില പിതാക്കന്മാരുടെ സാക്ഷ്യങ്ങൾ ഇനിയും പറയാം. ഏകസ്വഭാവവാദികൾ കത്തോലിക്കാ തിരുസഭയിൽനിന്നു വേർതിരിയുന്നതിനുമുമ്പു (451-നുമുമ്പു്) ജീവിച്ചിരുന്നവരും മാദ്ധ്യസ്ഥ്യം യാചിക്കുന്നതിനുവേണ്ടി വിശുദ്ധ കുർബാനയിലെ 5-ാം തുബ്ദേനിൽ യാക്കോബായക്കാർ ഇപ്പോഴും അനുസ്മരിച്ചുവരുന്നവരുമായ അന്ത്യോക്യായിലെ വി. ഇഗ്നാത്തിയോസ്, വി. അപ്രേം, വി. ഈവാനിയോസ് (ക്രിസോസ്തോം), അലക്സാണ്ഡ്റിയായിലെ വി. കൂറില്ലോസ് ആദിയായ പരിശുദ്ധ പിതാക്കന്മാർ ക്രിസ്തുവിൽ രണ്ടു സ്വഭാവമുണ്ടെന്നുള്ള വിശ്വാസത്തെ പ്രസ്പഷ്ടമായ വാക്കുകളിൽ ഏററുപറയുന്നു.

കറന്ത പലിശയ്ക്കു്
സ്വർണ്ണപ്പണ്ടം പണയത്തിന്മേൽ
പണം കടംകൊടുക്കുന്നതാകുന്നു.
ബാങ്ക് ഓഫ്
കൊച്ചിൻ
ലിമിറ്റഡ്
എറണാകുളം, തൃശ്ശൂർ, മട്ടാഞ്ചേരി
ചാലക്കുടി, വില്ലിംഗ്ഡൺ ദ്വീപ്

സുറിയാനിപിതാക്കന്മാരിൽ അഗ്രഗണ്യനും പരിശുദ്ധാത്മാവിന്റെ വീണയെന്നറിയപ്പെടുന്നവനും സരസകവിയുമായ വി. അപ്രേം പറയുന്നു: "അവിടുത്തേക്കു താണതായ ഒരു സ്വഭാവം മാത്രമോ ഉന്നതമായ ഒരു സ്വഭാവം മാത്രമോ അല്ല. പ്രത്യുത രണ്ടു സ്വഭാവങ്ങളുണ്ടു്. ഒന്നു മറെറാന്നിൽ സമ്മിശ്രപ്പെട്ടിട്ടില്ല. ഒന്നു ഉന്നതവും മറേറതു വിനീതവും. ആ രണ്ടു സ്വഭാവങ്ങളും അവയുടെ ഗുണഗണങ്ങളെ പ്രത്യക്ഷപ്പെടുത്തുന്നു." (Sermo de Domino nostro 33; Lamy I, 224)

വിശുദ്ധ ഈവാനിയോസ് (407 A. D.) രേഖപ്പെടുത്തുന്നു: "ക്രിസ്തു ദൈവവും മനുഷ്യനുമാകുന്നു......രണ്ടു സ്വഭാവങ്ങൾ സമ്മിശ്രപ്പെട്ടിട്ടില്ല...(Ep. ad Caes; MG. 52, 758)

(മലങ്കരയാക്കോബായക്കാർ ഏകസ്വഭാവവാദികളോ? P. 33—36 കാണുക)

കത്തോലിക്കാസഭയുടെ വിശ്വാസസത്യമായി ക്രിസ്തുവിന്റെ ഏകആളത്വം, ക്രിസ്തുവിന്റെ രണ്ടു സ്വഭാവം ഇവ എത്രയും വ്യക്തമായിട്ടു് സകല ഔദ്യോഗികഗ്രന്ഥങ്ങളിലും പ്രസ്താവിച്ചിരിക്കെ ഇപ്പോഴത്തെ മാർപ്പാപ്പാ അതിനു വിരുദ്ധമായി ഒന്നു പ്രസ്താവിക്കയില്ലെന്നുള്ളതു തീർച്ചയാണു്. ബ: റമ്പാച്ചൻ മാർപ്പാപ്പാ ഏകസ്വഭാവം സത്യമാണെന്നു പഠിപ്പിക്കുന്നതായി പറയുന്ന മാസികയുടെ ഒരു കോപ്പി നോക്കി. ഞാൻ ഇരുസ്വഭാവം പഠിപ്പിക്കുകയും മാർപ്പാപ്പാ ഏകസ്വഭാവം പഠിപ്പിക്കയും ചെയ്യുന്നപക്ഷം എന്നെ കത്തോലിക്കാസഭയിൽനിന്നു പുറംതള്ളുമെന്നു തീർച്ചയല്ലേ? ഇരുസ്വഭാവമെന്നതു കത്തോലിക്കാസഭ പഠിപ്പിക്കുന്നതുതന്നെ ഞാൻ പറഞ്ഞു എന്നല്ലാതെ ഞാൻ കത്തോലിക്കാസഭയ്ക്കെതിരായിട്ടൊന്നും പറഞ്ഞിട്ടില്ല.

ബ: റമ്പാച്ചന്റെ അടുത്ത പ്രസ്താവന രസകരമായിരിക്കുന്നു: "അങ്ങയെയാണോ, അങ്ങയുടെ പാപ്പായെയാണോ വിശ്വസിക്കേണ്ടതു്? ഇപ്പോഴത്തെ പോപ്പു ധൈര്യസമേതം പ്രസ്താവിക്കുന്നതു് ഏകസ്വഭാവവിശ്വാസം സത്യവിശ്വാസമാണെന്നാണു്. (The Eastern Church Quarterly (1952) Volume 15, No. 5, page 238)."

റമ്പാച്ചന്റെ പ്രസ്താവന അതേപടി ഇവിടെ പകർത്തിയിരിക്കുകയാണു്. ഇതു വായിക്കുമ്പോൾ, ഇപ്പോഴത്തെ പാപ്പാ പാഷണ്ഡതയിൽ നിപതിച്ചുവെന്നറിഞ്ഞു് കത്തോലിക്കാലോകം ഒന്നാകെ നടുങ്ങിപ്പോകുമെന്നാണോ റമ്പാച്ചന്റെ വിചാരം?

റമ്പാച്ചൻ ഉദ്ധരിച്ചിരിക്കുന്ന The Eastern Church Quarterly കണ്ടുപിടിക്കുവാൻ ഞാൻ ശ്രമിച്ചു. Volume 15 എന്നു പറഞ്ഞിരിക്കുന്നതു് അച്ചടിപ്പിശകായിരിക്കണം. 1952-ൽ പ്രസ്തുത പ്രസിദ്ധീകരണം ഒൻപതാംവാല്യമേ ആയിട്ടുള്ളു. ആണ്ടും ലക്കത്തിന്റെ നമ്പരും ഭാഗ്യവശാൽ കൊടുത്തിട്ടുണ്ടായിരുന്നതിനാൽ റമ്പാച്ചൻ ഉദ്ദേശിക്കുന്നതു ഒൻപതാം വാല്യമാണെന്നു മനസ്സിലായി. അതിൽ സൂചിതഭാഗം വായിച്ചു. കുറെ വലിയ പുസ്തകങ്ങളുടെ, അഥവാ കണ്ടെത്തുവാൻ പ്രയാസമുള്ള കുറെ പുസ്തകങ്ങളുടെ പേരും പേജുനമ്പരുകളുമെല്ലാം കുറിച്ചാൽ വായനക്കാർ വിശ്വസിച്ചുകൊള്ളുമെന്നാണോ റമ്പാച്ചൻ കരുതുന്നതു്?

The Eastern Church Quarterly (Vol. 9, No. 5)-ൽ, പരിശുദ്ധ പിതാവു് പന്ത്രണ്ടാം പീയൂസ് തിരുമേനി, കൽക്കദോനിയാ സാർവ്വത്രികസൂനഹദോസിന്റെ 15-ാം ശതാബ്ദപൂർത്തി പ്രമാണിച്ചു പ്രസിദ്ധീകരിച്ച "Sempiternus Christus Rex" എന്നാരംഭിക്കുന്ന ചാക്രികലേഖനത്തിന്റെ ഇംഗ്ലീഷ് പരിഭാഷ കൊടുത്തിട്ടുണ്ടു്. അതിലാണു് "ഇപ്പോഴത്തെ പോപ്പു ധൈര്യസമേതം പ്രസ്താവിക്കുന്നതു് ഏകസ്വഭാവവിശ്വാസം സത്യവിശ്വാസമാണെന്നു്" എന്നു റമ്പാച്ചൻ പറയുന്നതു്. എന്നാൽ മാർപ്പാപ്പാ അങ്ങനെയൊന്നും അതിൽ പ്രസ്താവിച്ചിട്ടില്ലെന്നു് ഇംഗ്ലീഷ്ഭാഷ അറിയാവുന്ന ആരും സമ്മതിക്കാതിരിക്കുകയില്ല. ടി മാസികയിലെ മാററർ ഇംഗ്ലീഷിൽത്തന്നെ താഴെ പകർത്തുന്നു.

എവുത്തിക്കോസിന്റെ ഏകസ്വഭാവവാദത്തെ ശപിച്ചു കൽക്കദോനിയാ സൂനഹദോസിൽ ചെയ്യപ്പെട്ട തീരുമാനങ്ങളെപ്പററി പ്രസ്താവിക്കയിൽ മാർപ്പാപ്പാ ഇപ്രകാരം പറയുന്നു:-

"This sublime doctrine which is drawn from the gospels and differs in no way from that of the Council of Ephesus refutes Eutyches as well as Nestortus. The dogmatic definition of the Council of Chalcedon concords with it absolutely and perfectly, for this definition likewise defines two distinct natures and one person in Christ in the following clear and precise words: "This great and holy oecumenical council condemns those who pretend that there were two natures in the Lord before the union, and imagine that there was only one after the union. Following, therefore, in the traditions of the holy Fathers we teach that all with one voice confess that the Son (of God) and our Lord Jesus Christ are one and the same, and that he is perfect in his divinity, perfect in his humanity, true God and true man, made of a rational soul and a body, consubstantial with the Father in his divinity, consubstantial with us in his humanity, like to us in all things except sin, begotten before all ages of the Father in his divinity, and the same also is his humanity received from the Virgin Mary in recent times for our sake and for our salvation, one and the same Christ, the Son, the Lord, the Olny Begotten, having two natures without confusion, change, division or separation, the distinction between the natures was not removed by the union, hut the properties of each remain inviolate and are joined together in one person. He is not sundered or divided into two persons, but is one and the same Son and only Begotten God the Word, the Lord, Jesus Christ. (Mansi. VII, 114 & 115)" The Eastern Churches Quarterly 1952, Vol: IX, No. 5., P. 237.

അതിനുശേഷം മാർപ്പാപ്പാ തുടരുന്നു:-

"It is indeed sad that the ancient adversaries of the Council of Chalcedon (also called Monophysites) should have rejected this doctrine, so lucid, so coherent and so complete, on the strength of certain badly understood expressions of ancient writers. While they rejected the absurd teaching of Eutyches about the mixture of natures in Christ, they obstinately clung to the well-known expression: 'One Incarnate nature of the Word God.' This expression had been used by Cyril of Alexandria (who took it from St. Athanasius) with a perfectly correct meaning, since he used the term 'nature' to signify 'person.' The Fathers of Chalcedon, therefore, totally removed what was ambiguous or liable to cause error in these expressions." —(The Eastern Churches Quarterly, p. 238).

ഇവിടെ പറഞ്ഞിരിക്കുന്നതും റമ്പാച്ചൻ പറയുന്നതും തമ്മിലുള്ള വ്യത്യാസം എത്ര വലുതു്! ഇക്കാര്യത്തിലുള്ള റമ്പാച്ചന്റെ അജ്ഞതയെപ്പററി പരിതപിക്കുന്നു.

വി. അത്തനാസിയോസും വി. കൂറില്ലോസും ആൾ (person) എന്ന അർത്ഥത്തിൽ സ്വഭാവം (nature) എന്ന പദം ഉപയോഗിച്ചിട്ടുള്ളതു സംശയജനകമായേക്കാമെന്നു കരുതി കൽക്കദോനിയാ സൂനഹദോസിലെ പിതാക്കന്മാർ ആ ന്യൂനത പരിഹരിച്ചുവെന്നു മാത്രമേ മാർപ്പാപ്പാ ഇവിടെ പ്രസ്താവിക്കുന്നുള്ളു.

റമ്പാച്ചൻ തുടരുന്നു: "ഇതുപോലെതന്നെ അങ്ങയുടെ കൂട്ടുകാരനും കള്ളപ്രവാചകനുമായ ഫാദർ വടശ്ശേരി തന്റെ "ഏക സത്യസഭ" എന്ന പുസ്തകത്തിൽ ഇപ്രകാരം പറയുന്നു: "യാക്കോബായക്കാർ ക്രിസ്തുവിൽ ഏകസ്വഭാവമേയുള്ളുവെന്നു പറയുന്നുവെങ്കിലും ക്രിസ്തു പൂർണ്ണമനുഷ്യനാണെന്നു് ഇവർ വിശ്വസിക്കുന്നതുകൊണ്ടു് ശരിയായ അർത്ഥത്തിൽ യാക്കോബായക്കാർ ഏകസ്വഭാവവാദികളെന്നു,

പറഞ്ഞുകൂടാ." Book "ഏക സത്യസഭ" (page 22) ഇതിൽനിന്നു നിങ്ങളുടെ വാദം അടിസ്ഥാനരഹിതമാണെന്നു തെളിയുമല്ലോ."

ഇവിടേയും റമ്പാച്ചൻ സത്യമറിയുവാനല്ല, സത്യത്തെ ഗോപനം ചെയ്യുവാൻ ശ്രമിക്കുന്നതുപോലെ തോന്നിപ്പോകുന്നു. യാക്കോബായക്കാരുടെ ഏകസ്വഭാവവാദം ഒരു പ്രത്യേകജാതിയാണ് എന്നത്രേ ഫാദർ വടക്ക്വേരിയുടെ അഭിപ്രായം. റമ്പാച്ചൻ ഉദ്ധരിച്ചിരിക്കുന്ന വാക്യത്തിൽത്തന്നെ ഫാദർ വടക്ക്വേരി നക്ഷത്രചിഹ്നം കൊടുത്തു ഫുട്നോട്ടിൽ പറയുന്നു: "ഈ ഗ്രന്ഥകാരൻ എഴുതിയ "മലങ്കരയാക്കോബായസഭക്കാർ ഏകസ്വഭാവവാദികളോ?" എന്ന പുസ്തകത്തിൽ ഈ വിഷയം സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു." സത്യമറിയണമെന്നാഗ്രഹമുണ്ടെങ്കിൽ റമ്പാച്ചൻ പ്രസ്തുത പുസ്തകംകൂടി വായിച്ചുനോക്കുക. അതു വായിച്ചാൽ ഇങ്ങനെ എഴുതുവാൻ അദ്ദേഹം തുനിയുകയുമില്ലായിരുന്നു. എന്തുകൊണ്ടെന്നാൽ, ഫാദർ വടക്ക്വേരി ഈ പുസ്തകത്തിൻെറ 28-ാംവശത്തു പറയുന്നു: ...അങ്ങനെയെങ്കിൽ ക്രിസ്തുവിൽ രണ്ടു സ്വഭാവമോ ഒരു സ്വഭാവമോ? കത്തോലിക്കർ രണ്ടു സ്വഭാവമെന്നും, യാക്കോബായക്കാർ അത്ഭുതകരമായി സംയോജിപ്പിക്കപ്പെട്ട ഒരു സ്വഭാവമെന്നും പറയുന്നു. ഏതാണു ശരി!

"ദൈവശാസ്ത്രപരമായും താത്വികമായും പര്യാലോചിച്ചാൽ രണ്ടു സ്വഭാവമെന്നു പറയുന്നതാണു ശരിയെന്നു മനസ്സിലാക്കാം. ഏകസ്വഭാവമെന്ന പദത്തിനു യാക്കോബായക്കാർ വിവക്ഷിക്കുന്ന അർത്ഥത്തിൽ എവുത്തിക്കോസിൻെറ പാഷണ്ഡതയില്ലെങ്കിലും ആ പദപ്രയോഗം ശരിയല്ല. ഇക്കാര്യം വിശദമാക്കുന്നതിനു ഏതാനും തെളിവുകൾ കാണുക." (മലങ്കര യാക്കോബായക്കാർ ഏകസ്വഭാവവാദികളോ? പുറം 28.)

അനന്തരം, അദ്ദേഹം ആറു കാരണങ്ങൾ കൊടുക്കുന്നു. സത്യാന്വേഷികളുടെ ശ്രദ്ധയെ പ്രസ്തുത ഗ്രന്ഥത്തിലേക്കു ക്ഷണിച്ചുകൊള്ളുന്നു. ഇതിൽനിന്നു മനസ്സിലാക്കാം, ഫാദർ വടക്ക്വേരി യാക്കോബായക്കാരുടെ ഏകസ്വഭാവവാദത്തെ അംഗീകരിക്കുന്നില്ല എന്നു്.

വിശ്വാസത്യാഗി 3-ാംപുറത്തു "ഞങ്ങളുടെ സഭയിൽ യാതൊരു കലഹവുമില്ല" എന്നു് ബ. റമ്പാച്ചൻ എഴുതിയിട്ടുണ്ടു്. ക്രിസ്തു "എൻെറ സഭ" എന്നു പറയുമ്പോൾ ബ. റമ്പാച്ചൻ "ഞങ്ങളുടെ സഭ" എന്നു പറയുന്നു. സഭ ഒന്നേയുള്ളു. അതു ക്രിസ്തു അടിസ്ഥാനമിട്ട ഏകസഭയാണു്. കുന്നക്കുരുടിപ്പള്ളി, കടമററംപള്ളി, കോലഞ്ചേരിപ്പള്ളി, പിറവംപള്ളി മുതലായ അനേകം പള്ളികൾ സന്ദർശിച്ചാൽ യാക്കോബായസഭയിൽ കലഹമുണ്ടോ ഇല്ലയോ എന്നു് ഏവർക്കും അറിയാവുന്നതാണു്. യാക്കോബായസഭയിലെ കലഹകാര്യങ്ങൾ വളരെ കുപ്രസിദ്ധമായ ഒരു കാര്യമാകയാൽ അതു തെളിയിക്കുവാൻ ഞാൻ എന്തിനു് ഒരു ശ്രമം ചെയ്യുന്നു? വിശ്വാസത്യാഗി 2-ാംപുറത്തു് "കത്തോലിക്കാസഭയിൽ പാഷണ്ഡോപദേശങ്ങൾ ഉണ്ടെന്നു" ബ. റമ്പാച്ചൻ എഴുതിയിരിക്കുന്നു. ബ. റമ്പാച്ചൻ പറയുന്ന വിഷയങ്ങൾ പാഷണ്ഡോപദേശങ്ങളാണെന്നു റമ്പാച്ചൻ തെളിയിച്ചാൽ കത്തോലിക്കാസഭയിലെ മല്പാന്മാരിൽനിന്നും ഔദ്യോഗികഗ്രന്ഥങ്ങളിൽനിന്നും അവയുടെ സമാധാനം അറിയുവാൻ കഴിയും.

വി. പത്രോസിൻെറ പരമാധികാരത്തെപ്പററി ഞാൻ പ്രസിദ്ധീകരിച്ച പുസ്തകത്തിൽ വളരെ വിശദമായി എഴുതിയിട്ടുള്ളതുകൊണ്ടു് അവയൊന്നും ഞാൻ ആവർത്തിക്കുന്നില്ല. പരമാധികാരത്തെപ്പററി തുടന്നു ലഘുലേഖകൾ വരുന്നതാണു്.

റൈററു് റവ. മോൺസിഞ്ഞോർ തോമസ് വടക്ക്വേരി എൽ. ഡി. അവർകൾ എഴുതിയിട്ടുള്ള "കത്തോലിക്കാസഭയും യാക്കോബായവാദങ്ങളും" വാല്യം 1 (St. Joseph's Printing Press, Tiruvalla, 1946) എന്ന പുസ്തകത്തിനു ബ. റമ്പാച്ചൻ സവിസ്തരം ഒരു മറുപടി പ്രസിദ്ധീകരിച്ചു, അദ്ദേഹത്തിൻെറ തെളിവുകളെ ഖണ്ഡിക്കാമെങ്കിൽ എനിക്കു കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കാമായിരുന്നു. അതിനുദ്യമിക്കാതെ എൻെറ ചിന്താപ്പരിവത്തനത്തിൻെറ രീതിയെ വെളിപ്പെടുത്തിയിട്ടുള്ള ഒരു പുസ്തകത്തിനുമാത്രം മറുപടി എഴുതിയാൽ മതിയാകയില്ല.

അങ്ങനെ, കത്തോലിക്കാസഭയുടെ വിശ്വാസങ്ങളെ ശക്തിയായി തെളിയിക്കുന്നതായ പുസ്തകങ്ങൾക്കു മറുപടി പറയാതെ എന്നെ സപ്പം, പിശാചു്, നരകയോഗ്യൻ മുതലായ ചില ചീത്ത വാക്കുകൾ പറഞ്ഞാൽ കത്തോലിക്കാസഭയുടെ വിശ്വാസസത്യങ്ങൾ ഖണ്ഡിക്കപ്പെടുമോ? റോമാസിംഹാസനത്തിൻെറ സ്ഥാപകൻ ആരു്? എന്ന ചോദ്യത്തിനു മോൺസിഞ്ഞോർ തോമസ് വടക്ക്വേരി പറഞ്ഞിട്ടുള്ള ഉത്തരം ടി പുസ്തകം പുറം 1 മുതൽ 88 വരെ വായിച്ചുനോക്കിയാൽ വ്യക്തമാകുന്നതാണു്. (തുടരും)

(12-ാംപേജ് തുടർച്ച)

രെ കന്യകാലയഭിത്തികൾക്കുള്ളിലിരുന്നുകൊണ്ടു് വി. കൊച്ചുത്രേസ്യാ മാനസാന്തരപ്പെടുത്തിയിട്ടുണ്ടു്. ഇതിൽനിന്നുതന്നെ പ്രാത്ഥനയുടെ മാഹാത്മ്യം വെളിപ്പെടുന്നുണ്ടല്ലോ.

കൂടാതെ സുകൃതജപങ്ങൾ, കുർബാനകാണൽ, കുർബാന കൈക്കൊള്ളൽ തുടങ്ങിയ ഭക്തകൃത്യങ്ങൾ, എളിമ, പരസ്നേഹം മുതലായ പുണ്യപ്രവൃത്തികൾ, അനുദിനജീവിതത്തിലുണ്ടാകുന്ന കുരിശുകൾ, മാതൃകാപരമായ ജീവിതം മുതലായവവഴിയും മിഷൻപ്രവത്തനം നടത്താം. ആദിമക്രിസ്ത്യാനികളുടെ മാതൃകാപരമായ ജീവിതം അനേകരെ സഭയിലേക്കാകർഷിച്ചിട്ടുണ്ടു്.

നമ്മുടെ മാതൃഭൂമിയായ ഭാരതത്തെ സംബന്ധിച്ചിടത്തോളം ഇന്നു് മിഷൻസേവനത്തിനു് ഏതദ്ദേശീയമിഷനറിമാരുടെ വർദ്ധനവു് അപരിത്യാജ്യമായ ഒരാവശ്യമായിത്തീന്നിരിക്കയാണു്. വിശാലമായ ഭാരതമിഷൻരംഗങ്ങളിൽ പ്രവത്തനം നടത്തിക്കൊണ്ടിരിക്കുന്നമിഷനറിമാരിലധികവും വിദേശീയരാണു്. എന്നാൽ കത്തോലിക്കാസഭയുടെ സാവ്വലൗകികത്വവും രാഷ്ട്രീയനിഷ്പക്ഷതയും യഥാവിധി ഗ്രഹിച്ചിട്ടില്ലാത്ത ചില നേതാക്കന്മാർ നിസ്വാത്ഥമതികളും സേവനതല്പരരുമായ വിദേശമിഷനറിമാരുടെ ഇൻഡ്യയിലേക്കുള്ള പ്രവേശനത്തെ തടഞ്ഞിരിക്കയാണു്. ഇൻഡ്യ സ്വയംപര്യാപ്തതയിൽ എത്തിച്ചേരുവാനുള്ള ശ്രമങ്ങൾ നടക്കുകയാണല്ലോ. അതുകൊണ്ടു് വിദേശീയരുടെ നേക്കുള്ള ഈ വിരുദ്ധമനോഭാവം മുറുകുകയേ നിവൃത്തിയുള്ളു.

ഇത്തരുണത്തിൽ നാം എന്താണു ചെയ്യേണ്ടതു്. ഭാരതത്തിൽ പ്രേഷിതവൃത്തിയുടെ പുരോഗമനത്തിനു് പ്രതിബന്ധമായിരിക്കുന്ന പല പ്രശ്നങ്ങൾക്കും ഒരു പ്രതിവിധിയേ ഇന്നുള്ളു. അതായതു് ഇൻഡ്യയിൽത്തന്നെ കൂടുതൽ മിഷനറിമാരുണ്ടാവുക. ദൈവകൃപയാൽ ഇന്നു് ഭാരതത്തിൽ വിശിഷ്യ കേരളക്കരയിൽ ദൈവവിളിയുടെ ഒരു കൊയ്ത്തുകാലമാണു്. ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി സ്വജീവൻപോലും ബലിയർപ്പിക്കുവാൻ സന്നദ്ധരായിട്ടുള്ളവർ ഇന്നു കേരളക്കരയിൽ അനേകരാണു്. എന്നാൽപോലും ഭാരതത്തെ സംബന്ധിച്ചിടത്തോളം വിളവധികവും കൊയ്ത്തുകാർ ചുരുക്കവുമാണു്. ക്രിസ്തുനാഥൻ കാൽവരിയിൽ മരക്കുരിശിൽ കിടന്നുകൊണ്ടുള്ള ആ മൊഴി വീണ്ടും ഉരുവിടുകയാണു്. "എനിക്കു ദാഹിക്കുന്നു." ഈ ദാഹത്തിനു്, ആത്മാക്കളെ സംബന്ധിച്ചുള്ള ഈ ദാഹത്തിനു് ശമനംവരുത്തേണ്ടതു ആരാണു്. എല്ലാ ആളുകളും പ്രത്യേകിച്ചു് ഇന്നത്തെ യുവജനങ്ങൾ മനസ്സിരുത്തി ചിന്തിക്കേണ്ട ഒരു സംഗതിയാണിതു്. ചോരയും നീരുമുള്ള യുവാക്കൾതന്നെയാണു് ഇതിനു പരിഹാരമുണ്ടാക്കേണ്ടതു്, അവർതന്നെയാണു് ക്രിസ്തുവിൻെറ ദാഹം ശമിപ്പിക്കേണ്ടതു്, അവരെയാണു് ക്രിസ്തു ആവശ്യപ്പെടുന്നതും ക്ഷണിക്കുന്നതും. അവരെ ഓരോരുത്തരേയും അവിടുത്തെ മുന്തിരിത്തോപ്പിൽ വേലചെയ്യുന്നതിനായി അവിടുന്നു ക്ഷണിക്കുന്നു. അതുകൊണ്ടു് അവിടുത്തെ ക്ഷണം നന്മനസ്സോടെ സ്വീകരിച്ചു് ദൈവമഹത്വത്തിനുവേണ്ടിയും ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടിയും നാം ഓരോരുത്തരും മുമ്പോട്ടിറങ്ങണം. അപ്രകാരം ക്രിസ്തുരാജ്യം ലോകമെങ്ങും പരക്കുവാൻ ഇടയാകുന്നതിനു നമുക്കു പ്രാത്ഥിക്കയും പരിശ്രമിക്കയും ചെയ്യാം.

ആത്മകഥാകഥനം

# എൻെറ കത്തോലിക്കാ പുനരൈക്യം

(ആററൂർ തെങ്ങുന്തറ ഐ. തോമസ്)

ഭരണങ്ങാനം ആനക്കല്ലുപള്ളി ഇടവകയിൽ പ്ലാത്തോട്ടത്തിൽ കുടുംബത്തിൻെറ ശാഖയിൽപ്പെട്ടതാണു് എൻെറ കുടുംബമെങ്കിലും, എൻെറ ഒരു പൂർവ്വികൻ ഭരണങ്ങാനത്തുനിന്നും ഇലന്തൂർ തെങ്ങുന്തറയിൽ വന്നു താമസമാക്കിയപ്പോൾമുതൽ ഞങ്ങളുടെ കുടുംബവഴിക്കാർ യാക്കോബായക്കാർ (ഓത്തഡോക്സ്കാർ) ആയിത്തീർന്നു. ഇപ്പോൾ എൻെറ കുടുംബത്തിൽ ഒരു വന്ദ്യറമ്പാച്ചൻ ഉൾപ്പെടെ ആറു ബ: വൈദികരുണ്ടു്. അവരിൽ റവ. ഫാദർ എ. ജി. ഏബ്രഹാം തെങ്ങുന്തറമേടയിൽ അവർകൾ മാത്രമേ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടിട്ടുള്ളു. ഇലന്തൂർ യാക്കോബായപള്ളിയുടെ ഉയച്ചയ്ക്കുവേണ്ടി എൻെറ കുടുംബാംഗങ്ങൾ കഴിവുപോലെ പ്രവത്തിച്ചിട്ടുണ്ടു്. ഇരുപതുവർഷം മുമ്പുമുതൽ ഞാൻകൂടി നടന്നുവന്ന പൊന്നമ്പു ഓത്തഡോക്സ്പള്ളിയുടെ അഭിവൃദ്ധിക്കുവേണ്ടി എൻെറ സവ്വവിധ കഴിവുകളും ഞാൻ വിനിയോഗിച്ചിട്ടുണ്ടു്.

ഇപ്രകാരമുള്ള സാഹചര്യത്തിൽ ഞാൻ കത്തോലിക്കാസഭയിൽ ചേന്നതു് എന്തിനാണെന്നു് വിവിധരൂപത്തിൽ പലരും എന്നോടു് ചോദ്യംചെയ്യുന്നു. ആയതിലേക്കു ഒരു മറുപടിയായിട്ടാണു് ഞാൻ ഇതെഴുതുന്നതു്.

യാക്കോബായസമുദായത്തിലെ പള്ളികളിൽ അധികവും ചില വ്യക്തികളുടേയോ ഇടവകക്കാരുടേയോ പേരിൽ മാത്രമാണല്ലോ സ്ഥാപിക്കാറുള്ളതു്. ആ പാരമ്പര്യമനുസരിച്ചു് ഞാൻകൂടി നടന്നുവന്ന പൊന്നമ്പുപള്ളിയും ഒരു വ്യക്തിയുടെ പേരിലാണു് സ്ഥാപിച്ചിരിക്കുന്നതു്. ആ പള്ളിഭരണസംബന്ധമായ സവ്വകാര്യങ്ങളും അദ്ദേഹത്തിൻെറ ആജ്ഞാനുസരണമാണു് നടത്തുന്നതു്. ആ സംഗതിയിൽ ഇടവകക്കാരായ ഞങ്ങൾക്കു് യാതൊരു എതിരുമുണ്ടായിരുന്നില്ല. സാധാരണയായി മാസത്തിൽ ഒരു ഞായറാഴ്ചതന്നെയെങ്കിലും പള്ളിയിൽ വി. കുർബാന ഉണ്ടായിരുന്നില്ല. ഹാശാ ആഴ്ചയിൽ (പീഡാനുഭവവാരം) വി. ശുശ്രൂഷകൾ നടത്തുന്നതിനു് എവിടെനിന്നെങ്കിലും ഒരു വൈദികനെ വരുത്തുകയായിരുന്നു പതിവു്. ആ ആഴ്ചയിലാണു് ഇടവകക്കാർ സാധാരണ വി. കുർബാന അനുഭവിച്ചുവന്നതു്. 1954, 55, 56 എന്നീ വർഷങ്ങളിൽ ഞങ്ങളുടെ പള്ളിയിൽ ഹാശായുടെ ശുശ്രൂഷ നടത്തിയില്ല. ആ കാരണത്താൽ ആ മൂന്നു വർഷങ്ങളിലും ഇടവകാംഗങ്ങളിൽ അധികപങ്കും വി. കുർബാന സ്വീകരിച്ചില്ല. ഞങ്ങളുടെ ഇടവകയുടെ സമീപത്തു് രണ്ടു ഓത്തഡോക്സ്പട്ടക്കാർ സ്ഥിരതാമസമുണ്ടു്. അവരോടു് ഈ സംഗതി ഞങ്ങൾ അറിയിച്ചിട്ടു് അവരാൽ ഒന്നുംതന്നെ സാദ്ധ്യമായില്ല.

ഇതേ അവസരത്തിൽ, ഞങ്ങളുടെ സമീപത്തുള്ള കത്തോലിക്കാ പള്ളികളിലെ ജനങ്ങൾക്കു് കൂദാശകൾ കൊടുക്കുന്ന കാര്യത്തിൽ കത്തോലിക്കാപട്ടക്കാർ ചെയ്യുന്ന ത്യാഗങ്ങളും അനുഭവിക്കുന്ന പ്രയാസങ്ങളും ഞങ്ങളെ അതിശയിപ്പിക്കുകതന്നെചെയ്തു. ജനങ്ങളിൽനിന്നു് യാതൊരു പ്രതിഫലവും വാങ്ങാതെ, ജനങ്ങൾക്കുവേണ്ടി കത്തോലിക്കാപട്ടക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ വളരെ വിലയേറിയതായി ഞങ്ങൾക്കു തോന്നി. കത്തോലിക്കാപള്ളിയിലെ ഭരണക്രമീകരണംപോലെ ഞങ്ങളുടെ പള്ളിയിലും ഒരു ക്രമീകരണംവന്നാൽ തീർച്ചയായും ഞങ്ങളുടെ പള്ളിക്കാര്യങ്ങളെല്ലാം ശരിപ്പെടുമെന്നു് ഇടവകക്കാരായ ഞങ്ങൾ തീർച്ചപ്പെടുത്തി. ആയതിലേക്കുവേണ്ട കാര്യങ്ങൾ ചെയ്യുവാൻ ഇടവകക്കാർ ഭൂരിപക്ഷത്തോടെ എന്നെ ചുമതലപ്പെടുത്തി. ഞാൻ അതിനു വിവിധമാർഗ്ഗങ്ങളിൽക്കൂടി പരിശ്രമിച്ചു.

ഇടവകക്കാരെ ഒരേ അഭിപ്രായത്തിൽ ഏകീകരിച്ചശേഷം ഇടവകമെത്രാപ്പോലീത്തായായ ദാനിയേൽ മാർ പീലക്സീനോസ് തിരുമേനിയെ ഞാൻ സമീപിച്ചു. സവ്വവിധ വിവരങ്ങളും അറിയിച്ചു മററു യാതൊരു ക്രമീകരണങ്ങളും ചെയ്യുതന്നില്ലെങ്കിലും മൂന്നുവർഷമായി വി. കുർബാന സ്വീകരിക്കാതിരിക്കുന്ന ഞങ്ങൾക്കു് അതിനു ഒരു പരിഹാരമുണ്ടാക്കിത്തരണമെന്നു ഞാൻ വിനീതമായി തിരുമനസ്സുണത്തിച്ചു. തിരുമേനി എന്നെ ആശ്വസിപ്പിച്ചയച്ചതിൻെറശേഷം അതിനുവേണ്ടി പരിശ്രമിച്ചുവെങ്കിലും ഫലമുണ്ടായില്ല. "എപ്പിസ്ക്കോപ്പാ (മെത്രാൻ) എവിടെയോ അവിടെയാണു സഭ" എന്നെല്ലാം മെത്രാൻെറ അധികാരങ്ങളെപ്പററി സൺഡേസ്കൂളിലും മററും പഠിച്ചിട്ടുള്ള എനിക്കു്, മെത്രാപ്പോലീത്തായുടെ, ഈ സംഗതിയിലുള്ള നിസ്സഹായാവസ്ഥയിൽ വലിയ അത്ഭുതംതോന്നി. യാക്കോബായസഭയിലെ മെത്രാന്മാക്കു് എന്തുകൊണ്ടാണു് ഭരണകാര്യങ്ങളിൽ ഇങ്ങനെയുള്ള പ്രയാസം നേരിടുന്നതെന്നു് ഞാൻ ചിന്തിക്കുവാനും പഠിക്കുവാനും തുടങ്ങി. അപ്പോഴാണു് എനിക്കു മനസ്സിലാകുന്നതു്, മിശിഹാ സ്ഥാപിച്ച യഥാത്ഥസഭയുടെ പരമാദ്ധ്യക്ഷനു കീഴ്പ്പെട്ടുഭരിക്കുന്ന മെത്രാനു മാത്രമേ തൻെറ ഭദ്രാസനത്തെ ശരിയായി ഭരിക്കുവാൻ സാധിക്കുവെന്നു്. അതു കത്തോലിക്കാസഭയിൽ മാത്രമേ ഇന്നു കാണുന്നുള്ളുവെന്നും എനിക്കു ഗ്രഹിക്കുവാൻ കഴിഞ്ഞു.

ആ സ്ഥിതിക്കു് കത്തോലിക്കാസഭയിലെപ്പോലെ ഒരു ഭരണക്രമീകരണം ഓത്തഡോക്സ്പള്ളികളിൽ ഉണ്ടാക്കുവാൻ ഞാനല്ല, ഓത്തഡോക്സ്സമുദായത്തിൻെറ പരമാദ്ധ്യക്ഷൻപോലും ശ്രമിച്ചാൽ സാധിക്കയില്ലെന്നും എനിക്കു മനസ്സിലായി. അങ്ങനെയിരിക്കെ ഇനിയും അതിനുവേണ്ടി ശ്രമിക്കാതെ, ശരിയായ ഭരണക്രമീകരണമുള്ള കത്തോലിക്കാസഭയിൽ ചേരുന്നതാണു് ഇടവകക്കാരുടെ ആത്മീയാഭിവൃദ്ധിക്കു പററിയതെന്നു ഞങ്ങൾ തീച്ചപ്പെടുത്തി. വിവരം ഞങ്ങൾ തിരുവനന്തപുരം ആർച്ചുബിഷോപ്പു് തിരുമേനിയെ അറിയിച്ചു. മൂന്നുവർഷമായി ഞങ്ങളിൽ പലരും വി. കുർബാന അനുഭവിച്ചിട്ടെന്നു പറഞ്ഞപ്പോൾ ആത്മാക്കളുടെ രക്ഷ ജീവിതസവ്വസ്വമായി കരുതിയിരിക്കുന്ന ആ വന്ദ്യപിതാവു് സങ്കടപ്പെടുകയാണുണ്ടായതു്. തിരുമേനി എനിക്കുവേണ്ട ഉപദേശങ്ങൾതന്നു് എന്നെ 1956 സെപ്തംബർ 12-ാംനു- കത്തോലിക്കാസഭയിലേക്കു സ്വീകരിച്ചു. അനന്തരം ഞങ്ങളുടെ അപേക്ഷാനുസരണം തിരുമനസ്സുകൊണ്ടു് 1956 ഒക്ടോ: 1-ാംനു- പൊന്നമ്പിൽ എഴുന്നള്ളി ഇടവകക്കാരായ ഇരുനൂറോളം അംഗങ്ങളെ പുനരൈക്യപ്പെടുത്തി. ഞങ്ങൾക്കായി പൊന്നമ്പിൽ ഒരു മിഷൻ അനുവദിച്ചു് അവിടത്തെ ആത്മീയകാര്യങ്ങൾ അന്വേഷിക്കുന്നതിനു് ബ: അച്ചന്മാരെ ചുമതലപ്പെടുത്തി. ഞങ്ങൾ പുനരൈക്യപ്പെട്ടിട്ടു് ഒരു മാസമേ ആയിട്ടുള്ളുവെങ്കിലും ഞങ്ങൾ ആത്മീയമായി വളരെ സമാധാനവും സന്തോഷവും അനുഭവിക്കുന്നു.

കേവലം തല്ക്കാലകെട്ടിടത്തിൽ ആരാധന തുടങ്ങിയിരിക്കുന്ന ഞങ്ങൾക്കു എല്ലാവിധ അനുഗ്രഹങ്ങളും ഉണ്ടാകുമെന്നു് ഞങ്ങൾ ധൈര്യപ്പെടുന്നു. കത്തോലിക്കാ പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും വായിക്കുവാൻ ഞങ്ങൾ അതിയായി ആഗ്രഹിക്കുന്നു. ആയതിലേക്കു് നന്മനസ്സുള്ളവർ ഞങ്ങളുടെ ബ: വികാരിയുടെപേർക്കു് (റവ. ഫാദർ ശമുവേൽ ശങ്കരത്തിൽ, വടക്കുപുറം, വെട്ടൂർ P. O. Via പത്തനംതിട്ട) അയച്ചുകൊടുക്കുന്നതു വലിയ പ്രയോജനമായിരിക്കും.

ഇടയനും തൊഴുത്തുമില്ലാത്ത ആടുകളെപ്പോലെ അലഞ്ഞുനടക്കുന്ന എൻെറ അകത്തോലിക്കാസഹോദരങ്ങൾ ശരിയായ ഭരണക്രമീകരണമുള്ള കത്തോലിക്കാസഭയിൽ ചേന്നു് നിത്യരക്ഷ സമ്പാദിക്കണമെന്നുള്ള വിനീതമായ അപേക്ഷയോടുകൂടി വിരമിക്കുന്നു.

—o—


**Davy's World Famous Poultry Remedies**



ഡേവിസ്സുടെ
വിശ്വവിഖ്യാതമായ
കോഴിരോഗമരുന്നുകൾ

പൗൾട്ടറി പ്രിസർവർ:-രോഗം വരാതെ സൂക്ഷിക്കുന്നതിനും, കോഴിവസന്തയ്ക്കും.

റാനിക്കെററൽ:-റാനിക്കെററു് രോഗത്തിനു്.

മാവേലിക്കര സ്റ്റോക്കിസ്റ്റ്സ്:-
M/s സെൻറു് തോമസ്
ഹോമിയോ സ്റ്റോർസ്.

വിമർശനപംക്തി

# തെററിദ്ധാരണയാണു പ്രതിബന്ധം

"വിശ്വാസപ്രമാണത്തിൽ നാം ഏററുപറയുന്ന ഏകസഭ ലോകത്തിൽ ഇന്നു യാഥാർത്ഥ്യമായിത്തീരുന്നതിനു" ചർച്ചുവീക്കിലി കാണുന്ന മറെറാരു പ്രതിബന്ധം "ദണ്ഡവിമോചനം നൽകുന്നതിനു് അടിസ്ഥാനമായ ഉപദേശമാണു്." ദണ്ഡവിമോചനം എന്താണെന്നു മനസ്സിലാക്കാതെ, തൽസംബന്ധമായ കത്തോലിക്കാ പഠനമെന്താണെന്നു ഗ്രഹിക്കാതെ, ചർച്ചുവീക്കിലി അന്ധകാരത്തിൽ കിടന്നു തപ്പിത്തടയുകയാണു്. "ചില പ്രാർത്ഥനകൾ ചൊല്ലുക, പുണ്യസ്ഥലങ്ങൾ സന്ദർശിക്കുക മുതലായ സുകൃതങ്ങൾക്കു പ്രതിഫലമായി ഏതാനും നാളത്തെ ദണ്ഡവിമോചനം ബസ്സ്'റുക്കാനായിൽ നൽകുന്നതിനു സഭയ്ക്കു അവകാശമുണ്ടു് എന്നാണു്" കത്തോലിക്കാസഭയുടെ ഉപദേശമെന്നു ചർച്ചുവീക്കിലി പറയുന്നു. 100 ദിവസത്തെ ദണ്ഡവിമോചനം, അല്ലെങ്കിൽ 300 ദിവസത്തെ ദണ്ഡവിമോചനം എന്നൊക്കെ കത്തോലിക്കസഭ പറയുന്നതു് എന്തർത്ഥത്തിലാണെന്നു മനസ്സിലാക്കാത്തതുകൊണ്ടാണു് ചർച്ചുവീക്കിലിക്കു് ഇക്കാര്യത്തിൽ തെററിദ്ധാരണ നേരിട്ടിരിക്കുന്നതു്. മനസ്താപസഹിതമായ കുമ്പസാരത്താൽ പാപങ്ങൾ ക്ഷമിക്കപ്പെട്ടാലും അവയ്ക്കു കാലികമായ ഒരു ശിക്ഷ അനുഭവിക്കേണ്ടിവരുമെന്നും, കാലത്തിനടുത്ത ശിക്ഷയിൽനിന്നുള്ള മോചനത്തിനായി പ്രാചീന കാലങ്ങളിൽ ചെയ്തിരുന്ന കർക്കശമായ പരിഹാരപ്രവൃത്തികളുടെ സ്ഥാനത്തു സഭ നിശ്ചയിക്കുന്ന ചില പ്രാർത്ഥനകൾ ചൊല്ലുകയോ പുണ്യസ്ഥലങ്ങൾ സന്ദർശിക്കുകയോ ചെയ്താൽ മതിയാകുമെന്നും സഭ ഉപദേശിക്കുന്നുണ്ടു്. 100 ദിവസത്തെ ദണ്ഡവിമോചനം എന്നു പറഞ്ഞാൽ, പ്രാചീന കാലങ്ങളിൽ 100 ദിവസത്തെ ഉപവാസംകൊണ്ടോ തപസ്സുകൊണ്ടോ മററു പ്രായശ്ചിത്തപ്രവൃത്തികൾകൊണ്ടോ ലഭിക്കുമായിരുന്ന അനുഗ്രഹം എന്നു മാത്രമേ അർത്ഥമുള്ളു. ബസ്സ്'റുക്കാനായിലെ ബന്ധനത്തിൽനിന്നു 100 ദിവസം ഇളച്ചുകിട്ടുമെന്നു് അതിനർത്ഥമില്ല.

ആകയാൽ "ഏതാനും നാളത്തെ ദണ്ഡവിമോചനം ബസ്സ്'റുക്കാനായിൽ നൽകുന്നതിനു സഭയ്ക്കു അവകാശമുണ്ടു്" എന്നു കത്തോലിക്കസഭ പഠിപ്പിക്കുന്നതായുള്ള ചർച്ചുവീക്കിലിയുടെ പ്രസ്താവം എഴുതാപ്പുറം വായിക്കുകയാണു്. "മരണാനന്തരമുള്ള അവസ്ഥയിൽ ലോകത്തിലേതുപോലെ ദിവസങ്ങളും മാസങ്ങളും ഉള്ളതായി കണക്കാക്കുന്നതു പ്രത്യക്ഷത്തിൽ തന്നെ അർത്ഥശൂന്യമാണു്" എന്ന ചർച്ചുവീക്കിലിയുടെ പ്രസ്താവം അതിനാൽ അസംഗതവും അനാവശ്യവുമാണെന്നു സ്പഷ്ടമാണല്ലോ. ["മനുഷ്യമനസ്സിനു പൂർണ്ണമായി ഗ്രഹിക്കാത്തതായ ദൈവികരഹസ്യങ്ങളുണ്ടു്. അവയെ കണക്കും തർക്കശാസ്ത്രവുംപോലെ കൈകാര്യം ചെയ്തു പട്ടികകളും വിലകളും നിർമ്മിക്കുന്നതു റോമാസഭയുടെ പതിവാണെ"ന്നു ചർച്ചുവീക്കിലി പരിഹസിക്കുന്നു. മരണാനന്തരാവസ്ഥയെപ്പററി ദിവസങ്ങളും മാസങ്ങളും പട്ടികകളും തയാറാക്കുന്നതു റോമാസഭയുടെ പതിവാണോ? അപ്പസ്തോലനായ വിശുദ്ധ യോഹന്നാൻ അങ്ങനെ ചെയ്തിട്ടുണ്ടു്. നോക്കുക: "അവൻ സർപ്പത്തെ പിടിച്ചു ആയിരം സംവത്സരത്തേക്കു ബന്ധിച്ചു...അവർ ജീവിച്ചു മിശിഹായോടുകൂടെ ആയിരം സംവത്സരങ്ങൾ വാണു, മരിച്ചവരിൽ ശേഷമുള്ളവർ ആയിരം സംവത്സരങ്ങൾ തികയുന്നതുവരെ ജീവിച്ചില്ല."(വെളി:XX 2-5)]

ചർച്ചുവീക്കിലിയുടെ "കിഴക്കൻ സഭകൾക്കു" ആശങ്ക നൽകുന്ന മറെറാന്നു "പരിശുദ്ധന്മാരുടെ സംസർഗ്ഗത്തെപ്പററിയുള്ള റോമാസഭയുടെ മനോഭാവ"മാണത്രേ. ഈ മനോഭാവമെന്തെന്നു് ചർച്ചുവീക്കിലി വ്യക്തമാക്കുന്നില്ല. "നമുക്കു ഒരേ ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, എല്ലാ അവയവങ്ങൾക്കും ഒരേ പ്രവൃത്തിയല്ലാതിരിക്കുകയും ചെയ്യുന്നതു എങ്ങനെയോ, അങ്ങനെതന്നെ പലരായിരിക്കുന്ന നാമും മിശിഹായിൽ ഒരേ ശരീരമാകുന്നു. നമ്മിൽ ഓരോരുത്തനുമോ ഒരുത്തൻ മറെറാരുത്തന്റെ അവയവങ്ങളുമാകുന്നു" (റോമാ XII 4-5) എന്നു വിശുദ്ധ പൗലോസിനോടൊപ്പം കത്തോലിക്കാസഭയും പഠിപ്പിക്കുന്നു. "ഇനി നിങ്ങൾ അന്യന്മാരല്ല, പരദേശികളുമല്ല. പിന്നെയോ വിശുദ്ധന്മാരുടെ പട്ടണവാസികളും ദൈവത്തിന്റെ വീട്ടുകാരുമാകുന്നു. നിങ്ങൾ ശ്ലീഹന്മാരുടെയും പ്രവാചകന്മാരുടെയും അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടിരിക്കുന്നു" (എഫേ:II, 19-20) എന്നു വിശുദ്ധ പൗലോസിനോടുകൂടെ സമാശ്വസിപ്പിക്കുകയും ചെയ്യുന്നു.

"പരിശുദ്ധന്മാരുടെ സംസർഗ്ഗത്തിലും പ്രാർത്ഥനയിലും—ക്രിസ്തീയസംസർഗ്ഗത്തിന്റെ പ്രകടനം പ്രാർത്ഥനയാണു് — വിശ്വസിക്കുന്നതും, ഫാത്തിമായിലെ പ്രതിമ വിമാനമാർഗ്ഗം പ്രദർശനത്തിനു കൊണ്ടുനടക്കുന്നതും തമ്മിൽ വളരെ ദൂരമുണ്ടു്" എന്നു ചർച്ചുവീക്കിലി പറയുന്നു. ആരും പറയാതെതന്നെ ആർക്കും അറിയാവുന്ന ഒരു സംഗതിയാണതു്. ക്രിസ്തീയസംസർഗ്ഗത്തിന്റെ പ്രകടനമാർഗ്ഗം പ്രാർത്ഥന മാത്രമാണെന്നുള്ളതും ശരിയല്ല. ചർച്ചുവീക്കിലി ഏതു സഭാവിഭാഗത്തെ പ്രതിനിധാനം ചെയ്യുന്നുവോ ആ സഭാവിഭാഗത്തിനുതന്നെ മർത്തമറിയാമിന്റെയും ഗീവറുഗീസുസഹദായുടെയും മററും നാമത്തിൽ പള്ളികളുണ്ടല്ലോ. ആ പള്ളികളിൽ ആഘോഷമായ പെരുന്നാളുകളും നടക്കുന്നുണ്ടല്ലോ. പുതുപ്പള്ളിപ്പള്ളിയിൽ പുഴുക്കുനേർച്ച ഒരു പ്രധാന ചടങ്ങാണു്. പ്രാർത്ഥനമാത്രമാണു് സംസർഗ്ഗപ്രകടനമാർഗ്ഗമെങ്കിൽ ഇതിന്റെയൊക്കെ ആവശ്യമെന്താണു്?

പ്രാർത്ഥന വഴി സംസർഗ്ഗപ്പെടുന്നതുപോലെതന്നെ, പ്രവൃത്തികൾവഴിയും സംസർഗ്ഗപ്പെടാം. വിശുദ്ധന്മാരുടെ ബഹുമാനാർത്ഥം അവരുടെ പേരുകൾ സ്വീകരിക്കുക, അവരുടെ നാമത്തിൽ പള്ളികൾ പണിയുക, സാധുക്കളെ സംരക്ഷിക്കുക, ജീവിതം അനുകരിക്കുക ഇതെല്ലാം പ്രവൃത്തികൾമൂലമുള്ള സംസർഗ്ഗമാകുന്നു. അവരുടെ ഭൗതികാവശിഷ്ടങ്ങളെയും ചിത്രങ്ങളെയും സ്വരൂപങ്ങളെയും സൂക്ഷിക്കുന്നതും ആദരിക്കുന്നതും അതുപോലെതന്നെ പ്രവൃത്തിവഴിയായുള്ള സംസർഗ്ഗമാകുന്നു. മൃതനായ എലീസേവൂസിന്റെ അസ്ഥികൾക്കു ഒരു മൃതനെ ജീവിപ്പിക്കുവാൻ കഴിയുമെങ്കിൽ (IV രാജാ XIII. 21) വിശുദ്ധ പൗലോസിന്റെ വസ്ത്രങ്ങളിൽനിന്നുള്ള അംശങ്ങൾക്കു രോഗങ്ങൾ ശമിപ്പിക്കാനും പിശാചുക്കളെ പുറത്താക്കുവാനും കഴിഞ്ഞിരുന്നെങ്കിൽ (നടപടി XIX, 12), അവയെ ആദരിക്കുന്നതിൽ വലിയ അപാകതയില്ലല്ലോ.

ഫാത്തിമാമാതാവിന്റെ പ്രതിമ പ്രദർശനത്തിനു കൊണ്ടുനടക്കുന്നതു—വിമാനമാർഗ്ഗം കൊണ്ടു നടക്കുന്നതു—കൊണ്ടു ചർച്ചുവീക്കിലി കാണുന്ന അപാകതകളൊന്നുമില്ല. കത്തോലിക്കർ, അവരുടെ മതവിശ്വാസത്തിന്റെ ഒരു അംശമായി അതിനെ പരിഗണിക്കുന്നുമില്ല. അതു് ആർക്കും അന്ധവിശ്വാസത്തിനും ദുരാചാരത്തിനും വഴിതെളിച്ചിട്ടുമില്ല. ഫാത്തിമാമാതാവിന്റെ പ്രതിമയെ യാതൊരു കത്തോലിക്കനും പരിശുദ്ധകന്യകമറിയമായി ആദരിക്കുന്നില്ല. കന്യകാമറിയാമല്ല, കന്യകമറിയാമിന്റെ പ്രതിമയാണു എന്ന ഉത്തമബോദ്ധ്യത്തോടെയാണു കത്തോലിക്കർ അതിനെ ആദരിക്കുന്നതു്.

റോമാസഭയ്ക്കു ലോകവ്യാപകമായ വ്യാപ്തി ഉള്ളതിനു് അനുസൃതമായ ദോഷങ്ങളും ഉണ്ടെന്നാണു ചർച്ചുവീക്കിലി ഒടുവിൽ കണ്ടെത്തിയിരിക്കുന്നതു്. "മാൾട്ടാ, സ്പെയിൻ എന്നീ രാജ്യങ്ങളിൽ അകത്തോലിക്കരോടുള്ള കത്തോലിക്കാ മനോഭാവം അക്രൈസ്തവമാകണെന്നു്" ചർച്ചുവീക്കിലി കരുതുന്നു. അക്രൈസ്തവമായ കത്തോലിക്കാ മനോഭാവം എന്തെന്നു വ്യക്തമാക്കാത്തതുകൊണ്ടു നമുക്കു് അതു ദുർഗ്രഹമായിരിക്കുന്നു. അകത്തോലിക്കരെ കത്തോലിക്കർ ഉപദ്രവിക്കുന്നുവെന്ന അർത്ഥത്തിലാണെങ്കിൽ, പരമാർത്ഥം നേരെ എതിരാണു്. മാൾട്ടാ കത്തോലിക്കാ ഭൂരിപക്ഷമുള്ള ഒരു ദ്വീപാണെങ്കിലും അവിടം ഭരിക്കുന്ന ബ്രിട്ടനിലെ അകത്തോലിക്കാ ഭരണകൂടത്തിൽനിന്നും കത്തോലിക്കർ ഇപ്പോഴും ദുരിതങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണു്. അവിടത്തെ വിദ്യാലയങ്ങളിലേക്കു പ്രോട്ടസ്റ്റൻറുകാരായ അദ്ധ്യാപകന്മാരെ തിരിഞ്ഞു നിയമിച്ചതു് ഈയിടെയാണു്. മാൾട്ടാ മെത്രാപ്പോലീത്തായുടെ പ്രതിഷേധങ്ങൾക്കും പരാതികൾക്കും ഇനിയും പരിഹാരമുണ്ടായിട്ടില്ല. സ്പെയിനിലാണെങ്കിൽ കൈവിരലിൽ എണ്ണുവാൻ അകത്തോലിക്കരേ ഉള്ളു. കത്തോലിക്കരോടുള്ള വിദ്വേഷത്തിന്റെ പേരിൽ 1931-ൽ കമ്മ്യൂണിസ്റ്റുകാരുടെകൂടെ ചേരുകയും സഭയെ പീഡിപ്പിക്കുന്നതിനും സഭാസ്വത്തുക്കൾ കണ്ടുകെട്ടുന്നതിനും കൂട്ടുനില്ക്കുകയും ചെയ്തവരാണവർ. എന്നിട്ടും പരിപൂർണ്ണ മതസ്വാതന്ത്ര്യം അവർ അനുഭവിക്കുന്നു.

കൊളംബിയാ, തെക്കേ അമേരിക്കാ മുതലായ രാജ്യങ്ങളെപ്പററി ചർച്ചുവീക്കിലി ചെയ്യുന്ന നിഗമനങ്ങളും തെററാണു്. ഗവർമ്മെൻറുകൾ ചെയ്യുന്ന തെററുകൾ സഭയുടെമേൽ കെട്ടിവയ്ക്കുന്നതു അന്തസ്സാരശൂന്യമായ ഒരു നടപടിയാണു്. ആധുനികകാലത്തു കത്തോലിക്കരായി ജനിച്ചവരുന്ന ചില രാഷ്ട്രീയപ്രവർത്തകന്മാർ ലിബറലിസത്തിലും സോഷ്യലിസത്തിലും കമ്മ്യൂണിസത്തിലും ചേർന്നു, ഭരണകൂടത്തെ അവരുടെ ഇഷ്ടത്തിനു് അനുസരിച്ചവിധം നിയന്ത്രിച്ചിട്ടുണ്ടു്. അതിന്റെ ഉത്തരവാദിത്വമൊന്നും കത്തോലിക്കാസഭയ്ക്കില്ല. ആകയാൽ ചില രാജ്യങ്ങളിൽ "സാന്മാർഗ്ഗികവും ധാർമ്മികവുമായ അധഃപതനം" കാണുന്നെങ്കിൽ അതിന്റെ തകരാറു് കത്തോലിക്കാസഭയിലല്ലാ; സഭാനുശാസനങ്ങളനുസരിച്ചു ജീവിക്കാത്ത ചില വ്യക്തികളിലാണു്.

"അന്തർദ്ദേശീയബന്ധങ്ങളിൽ ക്രിസ്തീയമായ മൂല്യങ്ങളെ റോമാസഭ പ്രത്യേകമായി മുറുകെ പിടിക്കുന്നി"ല്ലായെന്നതാണു് ചർച്ചുവീക്കിലിയുടെ അടുത്ത ആക്ഷേപം. "അബിസീനിയാ ആക്രമിക്കുന്നതിനു മുസോലിനി അയച്ച പട്ടാളത്തെ മാർപ്പാപ്പാ തിരുമേനി പ്രത്യേകം അനുഗ്രഹിച്ചു"വെന്നതാണു് ഇതിനു ചർച്ചുവീക്കിലിക്കുള്ള സമാധാനം. ഇതു വസ്തുതകൾക്കെതിരാണെന്നുള്ളതോ പോകട്ടെ. അബിസീനിയാ ആക്രമിക്കുവാൻ തീരുമാനിച്ച മുസോലിനിയുടെ നയവും, സേനാനായകന്റെ കല്പന അനുസരിച്ചു് ജീവനെ ഭയന്നു് അബിസീനിയായിലേക്കു പുറപ്പെട്ട പാവപ്പെട്ട കത്തോലിക്കാ ഭടന്മാരുടെ ദയനീയനിലയും തമ്മിൽ കൂട്ടിക്കുഴയ്ക്കുന്നതു ഭംഗിയല്ല. ആ ഭടന്മാരെ ശപിക്കണമെന്നാണോ ചർച്ചുവീക്കിലി പറയുന്നതു്? മുസോലിനിയുടെ അബിസീനിയൻ ആക്രമണത്തിനു തലേദിവസം "യുദ്ധപ്രിയന്മാരെ ചിതറിക്കുക" (Scatter the warmongers) എന്നു തുടങ്ങി പതിനൊന്നാം പീയൂസു മാർപ്പാപ്പാ ചെയ്ത പ്രസംഗം ചർച്ചുവീക്കിലി ഭംഗിയായി അങ്ങു മറച്ചുകളയുകയാണു്.

"ദൈവത്തിന്റെ സഭ ദൃശ്യമായി ഏകകൂട്ടായ്മയിൽ വരുന്നതിനു് ഇതരസഭകൾ റോമാസഭയിൽ ലയിക്കുകയല്ല, റോമാസഭയുടെ വേർപാടിനുശേഷം അവർ സ്വയമായി വരുത്തിവെച്ച പ്രതിബന്ധങ്ങൾ നീക്കുകയാണു്" എന്നു ചർച്ചുവീക്കിലി പറയുന്നു. റോമാസഭ വല്ല പ്രതിബന്ധങ്ങളും വരുത്തിവെച്ചിട്ടുണ്ടെങ്കിൽ അതു നീക്കുകതന്നെ വേണം. പക്ഷേ അതിനു മുൻപു് റോമാസഭ ഇതരസഭകളെ, മുന്തിരിവള്ളിയിൽനിന്നു കേട്ടുപിടിച്ച ശിഖരങ്ങളെന്നപോലെ, ഛേദിച്ചുകളയുവാൻ കാരണമെന്തെന്നു മനസ്സിലാക്കുകയും അതിനു പരിഹാരമുണ്ടാക്കുകയുമാണു വേണ്ടതു്. റോമാസഭയിൽനിന്നു ഛേദിക്കപ്പെട്ട സഭകൾ പിന്നെയും പിന്നെയും ശകലിതങ്ങളായിപ്പോകുന്നതും, സഭയുടെ വിശ്വാസാചാരങ്ങൾ എന്തെന്നു നിർണ്ണയിക്കുവാൻ ലൗകികകോടതികളെ ആശ്രയിക്കേണ്ടിവരുന്നതും കാണുമ്പോൾ എവിടെയോ തകരാറുണ്ടെന്നു ബോദ്ധ്യമല്ലേ?

ആകയാൽ ശിശുസഹജമായ നിഷ്കളങ്കതയോടുകൂടി വസ്തുതകളെ അഭിമുഖീകരിക്കുക. ഇടയന്റെ സ്വരം ശ്രവിക്കുക. ഒരു ഇടയനും ഒരു തൊഴുത്തുമാകുന്നതിനു് ക്രിസ്തുനാഥൻ നിർദ്ദേശിക്കുന്ന മാർഗ്ഗം അതാണു്.

## സ്റ്റെയിൻഡ് ഗ്ലാസ് ജനൽ

കഴിഞ്ഞ ഒക്ടോബർ 21-ാം തീയതി, സ്ട്രോസ്ബർഗ്ഗ് ഭദ്രാസന ദേവാലയത്തിൽ പുതുതായി സ്ഥാപിതമായിരിക്കുന്ന ഒരു സ്റ്റെയിൻഡ്ഗ്ലാസ് ജനൽ അനാച്ഛാദനം ചെയ്യുകയുണ്ടായി. അപ്പോൾതന്നെയായിരുന്നു യൂറോപ്യൻ കൺസൾട്ടേററീവ് അസംബ്ലിയുടെ ഇത്തവണത്തെ സമ്മേളനത്തിന്റെ ഉൽഘാടനവും. കത്തീഡ്റലിലെ ഈ ജനൽ 1944-ൽ ഒരു ഷെൽവീണു തകർന്നുപോയതാണു്. യൂറോപ്യൻ കൺസൾട്ടേററീവ് അസംബ്ലിയിലെ അംഗരാഷ്ട്രങ്ങൾ കൂടിയാണു് ഇപ്പോൾ "യൂറോപ്പിന്റെ ജനൽ" എന്നറിയപ്പെടുന്ന ഈ സ്റ്റെയിൻഡ് ഗ്ലാസ് ജനൽ കത്തീഡ്റലിനു നൽകിയിരിക്കുന്നതു്..

ESTD. 1927

# പാലാ സെൻട്രൽ ബാങ്ക് ലിമിറ്റഡ്

പാലാ

30-6-1956

| | | |
|---|---|---|
| പിരിഞ്ഞു കിട്ടിയ മൂലധനം | 24,87,127 | രൂപാ |
| കരുതൽ ധനം ... | 14,60,819 | രൂപാ |
| ആകെ ഡിപ്പോസിററ് ... | 7,36,63,369 | രൂപാ |
| രൊക്കമിരിപ്പും മററ ബാങ്കുകളിൽ നിക്ഷേപവും | 1,66,38,795 | രൂപാ |
| ഗവമ്മേണ്ടു കടപ്പത്രങ്ങളിലുള്ള നിക്ഷേപം | 2,22,81,382 | രൂപാ |
| ആകെ മുതൽ ... | 7,93,08,821 | രൂപാ |

കെ. ജോസഫ് ആഗസ്തി
മാനേജിംഗ് ഡയറക്ടർ

PC. 2096 (Rev)

Wednesday
November 7
1956

# THE SATHYADEEPAM

(ESTD. 1927)
BROADWAY — ERNAKULAM (T. C. STATE)

Reg. No. M. 2293
Vol. 30
No. 13



# ബാലരംഗം

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,




ആഗ്നസിനെ പിന്തുടന്നിരുന്ന ആ ഗൂഢസംഘത്തിനു തൃപ്തിയായി, സന്തോഷമായി. അത്രയ്ക്കു ഗൗരവമായ ഒരു കുരുക്കിലാണു് ആഗ്നസ് പെട്ടിരിക്കുന്നതു്. അവൾക്കു ജീവിക്കണമെങ്കിൽ അവരെ ആശ്രയിക്കണം. അവളുടെ ജീവൻ അവരുടെ കൈയിൽ കുടുങ്ങിയിരിക്കുകയാണു്. അവൾ ഒരു ക്രിസ്ത്യാനിയാണെന്നു തെളിഞ്ഞുകഴിഞ്ഞു. അവൾ മററു ക്രിസ്ത്യാനികളുമായി രാത്രികാലങ്ങളിൽ മതകർമ്മങ്ങൾ നടത്തുന്നതിനു ഒന്നിച്ചുകൂടുന്ന ഗൂഢസ്ഥലം അവർക്കു പിടികിട്ടിക്കഴിഞ്ഞു. അതു ഗവർമ്മെൻറധികാരികളെ അറിയിക്കേണ്ട താമസം, കൂടടച്ചു പിടികൂടിക്കൊള്ളും അവരെയെല്ലാം. കുറെയെണ്ണം അലറുന്ന സിംഹങ്ങളുടെ വായിൽക്കിടന്നു പിടയുന്നതും, കുറെയെണ്ണത്തെ തോലുരിഞ്ഞു വഴിവിളക്കുകളായി പന്തംചുററിക്കത്തിക്കുന്നതും, കുറേയെണ്ണം ഇരുമ്പുചക്രങ്ങളിൽക്കൂടി കറങ്ങിമറിയുന്നതും, കുറേയെണ്ണത്തെ എണ്ണയിലിട്ടു വറുക്കുന്നതും, ഇരുമ്പുതട്ടിൽവച്ചു പൊരിക്കുന്നതും ഇങ്ങനെ മൃഗീയമായ നൂറുനൂറു വിനോദങ്ങൾകണ്ടു് ഉല്ലസിക്കുന്നതിനും നാരകീയാട്ടഹാസങ്ങൾ മുഴക്കുന്നതിനുമുള്ള അവരുടെ ആവേശം വർദ്ധിച്ചുവശായി. എങ്ങനേയും പ്രലോഭിപ്പിച്ചു് ആഗ്നസിനെ ക്രിസ്തുവിലുള്ള വിശ്വാസം ഉപേക്ഷിക്കുന്നതിനു വഴിപ്പെടുത്താമെന്നും അവർ പ്രത്യാശിക്കാതിരുന്നില്ല. ഒരു വെടിക്കു രണ്ടു പക്ഷി! അവർ സംതൃപ്തിയടഞ്ഞു. അപ്പോൾ ഒരു സംശയം. ആഗ്നസ് സ്വയം അപ്പിച്ചിരിക്കുന്നുവെന്നു പറഞ്ഞതു ഒരുപക്ഷെ ക്രിസ്തുവിനായിരിക്കുമോ? ക്രിസ്ത്യാനികൾക്കു അങ്ങനെ ഒരു പതിവുണ്ടെന്നവർ കേട്ടിട്ടുണ്ടു്. വേദസാക്ഷിമകുടം ചൂടിയിട്ടുള്ള കന്യാമണികളുടെ പീഡനരംഗങ്ങൾ അവർ കണ്ടിട്ടുണ്ടു്. ക്രിസ്തുവിനുവേണ്ടി കന്യാത്വം നേന്നിട്ടുള്ള ആ മഹിളാമണികളുടെ നിശ്ചയദാർഢ്യത്തെ ഹനിക്കുന്നതിനു യാതൊരു പ്രലോഭനങ്ങൾക്കും പീഡനങ്ങൾക്കും സാധിച്ചിട്ടില്ല എന്നുള്ള വസ്തുതയ്ക്കു ഒന്നിലധികംപ്രാവശ്യം അവർ സാക്ഷ്യംനില്ക്കേണ്ടിവന്നിട്ടുണ്ടു്. ആഗ്നസും ഒരുപക്ഷെ അങ്ങനെ ഉറച്ചുനില്ക്കുകയാണെങ്കിൽ അവരുടെ ചിരാഭിലാഷവും നിരന്തരപരിശ്രമങ്ങളും വിഫലമാകുമല്ലോ എന്നോർത്തപ്പോൾ അവർക്കു നിരാശയുടെ ചില നിഴലാട്ടങ്ങൾ ദർശനീയമാകാതിരുന്നില്ല. എന്തായാലും മുന്നോട്ടുതന്നെ എന്നവർ തീരുമാനിച്ചു. വഴിപിഴച്ച ലോകഗതിയുടെ ഒരു ചിത്രമാണു് ഇവിടെ നാം ദർശിക്കുന്നതു്. ദുഷ്ടതയെ വിജയിപ്പിക്കുന്നതിനുള്ള സാഹസങ്ങൾ! അതിനുവേണ്ടി എന്തും സഹിക്കുന്നതിനും എന്തും പ്രവർത്തിക്കുന്നതിനും മനുഷ്യൻ സന്നദ്ധനാണു്. നേരെ മറിച്ചു് നന്മചെയ്യുന്നതിനുവേണ്ടി ഒരു ചെറുവിരലിളക്കുന്നതിനുപോലും അവനു സന്നദ്ധതയില്ല. ഒരു നൂറുകൂട്ടം പ്രതിബന്ധങ്ങളും ഒഴിവുകഴിവുകളും അതിനെതിരെ അവൻ കണ്ടുപിടിക്കും. ഇതാണു് ലോകത്തിൻെറ രീതി. ആഗ്നസിനെസംബന്ധിച്ചു് അതുതന്നെ അവർ നടത്തട്ടെ. അതിൻെറ ഫലം എന്താണെന്നു നമുക്കു വഴിയെ കാണാം.

വല്യേട്ടൻ




## ബാലരംഗത്തിൽ ചേർന്നവരുടെ പേരുവിവരം

Reg. No. (തുടച്ച)

106 പി. ജെ. സിറിയക്കു് പുത്തരിക്കൽ, എറണാകുളം
107 ടി. എം. ജൊപ്പി തൊണ്ടിപ്പുരയിൽ, കാഞ്ഞിരപ്പിള്ളി
108 ടി. ഡോമിനിക്കു് ക്രൂസ് തൊണ്ടിപ്പുരയിൽ „
109 ജോസ് ജെ. അമയപ്പറമ്പിൽ, കരിമണ്ണൂർ
110 ജോസ് സി. താഴത്തേൽ, മൂക്കന്നൂർ

### 92-ാംനമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

എൻെറ പേർ—ഹൃദയം

### പ്രശ്നം നമ്പ്ര് 93

(ജോസഫ് വാരിക്കാട്ടു്, Reg. No. 77)

നിങ്ങളുടെ ജീവിതാരംഭംമുതൽ അവസാനംവരെ ഞാൻ നിങ്ങളെ ശുശ്രൂഷിക്കുന്നു. എൻെറ പരിചരണങ്ങൾ പിള്ളത്തൊട്ടിമുതൽ കുഴിമാടംവരെ ഓരോ ഘട്ടത്തിലും നിങ്ങൾക്കത്യാവശ്യമാണു്. എന്നോടു നിങ്ങൾക്കെല്ലാവർക്കും വലിയ സ്നേഹവും ബഹുമാനവുമാണു്. നിങ്ങളുടെ ജീവിതരഹസ്യങ്ങളെല്ലാം എന്നോടു പറയുന്നതിനു നിങ്ങൾക്കു സന്തോഷമുണ്ടു്. ഞാനൊരിക്കലും അതു വെളിവാക്കുകയോ ദുരുപയോഗിക്കുകയോ ചെയ്യുകയില്ല എന്നും നിങ്ങൾക്കറിയാം. എൻെറ പേരിനു നാലക്ഷരം. ഒന്നാമത്തെ അക്ഷരം മുറിവൈദ്യനിലുണ്ടു്, ഭിഷഗ്വരനിലില്ല. രണ്ടാമത്തെ അക്ഷരം ആദിത്യനിൽ കാണാം, ചന്ദ്രനിൽ കാണുകയില്ല. മൂന്നാമത്തെ അക്ഷരം കയത്തിലുണ്ടു്, താഴ്ചയിലില്ല. ഒടുവിലത്തെ അക്ഷരം ഞാൻ തരും, മററുള്ളവർക്കു തരാൻ സാദ്ധ്യമല്ല. എൻെറ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

ചെറുകഥ

## വൽസലമകൻ

(കെ. എ. പോൾ
Reg. No. 99)

പഞ്ചാരപോലെയുള്ള മണൽവിരിപ്പിൽ ഒരു കൊച്ചോലപ്പുര. മുന്നിൽ രണ്ടു് കേരവൃക്ഷങ്ങൾ കനകകുംഭം പേറിക്കൊണ്ടു് കാവൽഭടന്മാരെപ്പോലെ തലയുയർത്തി നില്ക്കുന്നു. ആ ചെറുകുടിലിലാണു് അവരാച്ചനും അന്നമ്മയും താമസിക്കുന്നതു്. അവരുടെ ഓമനമകനാണു് ജോർജ്ജ്. "അനുസരണയുടെ മൂത്തീകരണമാണു് തൻെറ മകൻ" ആ സ്നേഹമുള്ള പിതാവിൻെറ മനോസരസ്സിൽ ആനന്ദത്തിൻെറ കൊച്ചോളങ്ങൾ തിരതല്ലും. അവൻെറ കറുത്തിരുണ്ട ചുരുളൻമുടിയും, ഓമനത്തം തുളുമ്പുന്ന കവിൾത്തടവും കാണുമ്പോൾ ആ മാതാപിതാക്കളുടെ ഹൃദയത്തിൽ അത്യാഹ്ളാദത്തിൻെറ വേലിയേററമുണ്ടാകും. അവനെ "തങ്കക്കുടം"പോലെയാണവർ കൊണ്ടുനടക്കുന്നതു്.

ജീവിതയാത്രയിൽ നാല്പതു നാഴികക്കല്ലുകൾ പിന്നിട്ട അവരാച്ചനൊരു കൂലിക്കാരനാണു്. കിഴക്കു് വെള്ളകീറുമ്പോൾ പണിക്കുപോകും. സന്ധ്യയ്ക്കു അരിയും ചില്ലറ സാമാനവുമായിട്ടാണു വീട്ടിൽ വരിക. അയാളുടെ വരുമാനംകൊണ്ടു് ആ കുടുംബം സംതൃപ്തിയുടെ വിളനിലമായി കഴിയുകയാണു്.

രണ്ടു നാഴികയകലെയുള്ള ഒരു ജന്മിയുടെ വീട്ടിലാണു് അവരാച്ചനു് ജോലി. ആ നല്ല മുതലാളിയുടെ കാരുണ്യംകൊണ്ടാണു് അവരാച്ചൻെറ ജീവിതനൗക അല്ലലറിയാതെ നീങ്ങുന്നതു്. അയാൾ താമസിക്കുന്ന പറമ്പു് ആ ജന്മിയുടേതാണു്. മുതലാളിയോടുള്ള വിശ്വസ്തതകൊണ്ടാണു് അയാൾക്കതു സ്വന്തമായി ലഭിച്ചതു്.

ജോർജ്ജ് വളന്നു. ഇന്നു് അവനൊരുസൊഡാലിററിയംഗമാണു്. പോരാ, അതിൻെറ സിക്രട്ടറിയും. പള്ളിയിലെ വികാരിയച്ചനും മററും അവനെ വലിയ താല്പയ്യമാണു്. ശനിയാഴ്ചതോറും കുമ്പസാരിച്ചു് വി. കുർബാന കൈക്കൊള്ളും; അല്ലെങ്കിൽ നിദ്രഅവനെ ആശ്ലേഷിക്കുകയില്ല. ജോർജ്ജ് എട്ടാംക്ലാസ്സിൽ പഠിക്കുന്നു. മുൻക്ലാസുകളിലൊക്കെ അവൻ ഒന്നാമനായിരുന്നു. എന്നാൽ ഇപ്പോളവൻ പാഠിപ്പിൽ അശ്രദ്ധനായി വരികയാണു്. അവൻെറ ജീവചരിത്രത്തിൻെറ പുത്തൻതാളുകൾ പിന്നിത്തുടങ്ങി. പഴയ പന്ഥാവുകൾവിട്ടു് പുതിയ വഴിത്താരയിലേക്കു കാൽവെച്ചുവരികയാണു്.

ജോർജ്ജ് കൂട്ടുകാരുമൊത്തു് കാശുവെച്ചു ചീട്ടുകളിയും മററുമായി നടക്കൽ ഒരു തൊഴിലാക്കിത്തീർത്തിരിക്കയാണു്. ദിവ്യബലിയിൽ സംബന്ധിക്കുകയെന്നതു് അവനൊരു ഭാരമായിത്തുടങ്ങി. പള്ളിയിലേക്കാണെന്നു പറഞ്ഞു് വീട്ടിൽനിന്നും പോയാൽ നേരം വളരെ ഇരുട്ടിയിട്ടേ തിരിച്ചുവരൂ. നാട്ടുകാരിൽ ചിലർ ജോർജ്ജിൻെറ ഈ സ്വഭാവമാററത്തെക്കുറിച്ചു് അവരാച്ചനോടും അന്നമ്മയോടും പറഞ്ഞുതുടങ്ങി. അതിനെപ്പററി അവനോടു് ചോദിക്കുവാൻ ആ മാതാപിതാക്കളുടെ നാവനങ്ങാറില്ല. കാരണം അവരുടെ വൽസലമകനാണവൻ.

ദിവസങ്ങളും, ആഴ്ചകളും, മാസങ്ങളും ആരേയും കാക്കാതെ കടന്നുപോയി. വർഷാന്ത്യപ്പരീക്ഷവന്നു. പരീക്ഷയിൽ ജോർജ്ജ് പരാജിതനായി. എന്തോ അവനതിൽ സാരമായി കുണ്ഠിതപ്പെട്ടില്ല.

"കാശുവെച്ചു് ചീട്ടുകളിച്ചുവെന്ന കാരണത്തിനു് ജോർജ്ജിനെ പോലീസുകാർ പിടിച്ചുകൊണ്ടുപോയി" അവരാച്ചൻ വിറകുവെട്ടിക്കൊണ്ടിരിക്കെ ആരോ പറഞ്ഞു.

"ഏ......എൻെറ മോൻ ജോജ്ജോ?" ആ സാധു കൂലിപ്പണിക്കാരൻ ഉൽകണ്ഠയോടുകൂടി ചോദിച്ചു.

"അതെ" മററവൻ പ്രത്യുത്തരം നൽകി. അവരാച്ചനു് സങ്കടവും ലജ്ജയും തോന്നി. ആ പാവപ്പെട്ട കൂലിപ്പണിക്കാരൻെറ കണ്ണിൽനിന്നും കണ്ണുനീർ ഇടതടവില്ലാതെ പ്രവഹിച്ചു.

അയാൾ ആ മഴു അലക്ഷ്യമായി അവിടെയിട്ടുകൊണ്ടു് മുതലാളിയുടെ ബംഗ്ലാവിലേക്കോടി; തൻെറ മകനെ ആപത്തിൽനിന്നും രക്ഷിക്കുവാൻ കഴിയുമെന്ന പ്രത്യാശയോടെ. മദ്ധ്യാഹ്നസൂര്യൻ കണ്ണിമയ്ക്കാതെ അതെല്ലാം നോക്കിക്കൊണ്ടിരുന്നു. അവരാച്ചൻെറ ഹൃദയം വെന്തുനീറി. ഹൃദയത്തിൽ, താൻ ഉപയോഗിച്ചിരുന്ന മഴു ആഞ്ഞിറങ്ങുകയാണെന്നു അയാൾ സംശയിച്ചു. കാലിന്നടിയിൽനിന്നും ഭൂമി വഴുതിപ്പോകുന്നതായി തോന്നി. അടുത്ത ക്ഷണത്തിൽ അയാൾ നിലംപതിച്ചു.

"എൻെറ......മോൻ.....ജോർജ്ജ്" എന്നുള്ള ഇടറിയസ്വരം കാർമേഘങ്ങളേയും തട്ടിമാററി സ്വർഗ്ഗത്തിലേക്കുയന്നിട്ടുണ്ടാകും.

ലേഖനം

## പ്രേഷിതവൃത്തി അഥവാ മിഷൻസേവനം

(Ouseph O. Kalaran
Reg. No. 15)

"നിങ്ങൾ പോയി എല്ലാ ജാതികളേയും പഠിപ്പിക്കുവിൻ. അനന്തരം പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുവിൻ." പത്തൊൻപതു നൂററാണ്ടുകൾക്കപ്പുറം ക്രിസ്തുനാഥൻ തൻെറ ശിഷ്യരോടു് ആജ്ഞാപിച്ച വാക്കുകളാണു് മേലുദ്ധരിച്ചതു്. ആ ആജ്ഞയനുസരിച്ചു് തൻെറ ശിഷ്യന്മാർ പന്ത്രണ്ടുപേരും ഓരോ രാജ്യങ്ങളിൽപോയി ക്രിസ്തുവിൻെറ ദൗത്യം പകന്നുകൊടുത്തു് അനേകായിരങ്ങളെ സത്യസഭയിലേക്കു തിരിച്ചുവിട്ടു. അങ്ങനെയാണല്ലോ വി. തോമ്മാശ്ലീഹാ ഭാരതത്തിൽ വന്നു് നമ്മുടെ പൂർവ്വികന്മാർക്കു് സത്യദീപത്തെ പ്രകാശിപ്പിച്ചുകൊടുത്തു് അവരെ മാനസാന്തരപ്പെടുത്തിയതു്. എന്നാൽ അന്നു ക്രിസ്തു തൻെറ പന്ത്രണ്ടു ശിഷ്യരോടു് ഇപ്രകാരം ആജ്ഞാപിച്ചെങ്കിലും അതവരോടു മാത്രമല്ല, അതു് നിറവേററുവാൻ കത്തോലിക്കരായ നമുക്കു ഓരോരുത്തർക്കും കടമയുണ്ടു് എന്നതു നാം മനസ്സിലാക്കണം. ഈ ആജ്ഞ പൂർത്തീകരിക്കുന്നതിനായി, മിഷൻപ്രവർത്തനത്തിനായി, നാടും വീടും വിട്ടു് ലോകസുഖങ്ങളൊക്കെ തൃണവൽഗണിച്ചു് ആത്മാക്കളുടെ രക്ഷയെ പ്രതി വിദേശങ്ങളിൽപോയി അത്യദ്ധ്വാനംചെയ്യുന്ന ക്രിസ്തുവിൻെറ ധീരയോദ്ധാക്കളായ മിഷനറിമാർ എത്രയെത്രയാണു് ഇന്നു കത്തോലിക്കാസഭയിലുള്ളതു്. അവർ ഏതെല്ലാം വിധത്തിലുള്ള കഷ്ടാരിഷ്ടതകളാണു് അനുഭവിക്കുന്നതു്.

എന്താണീ പ്രേഷിതവൃത്തി? ചുരുക്കിപ്പറയുകയാണെങ്കിൽ അവിശ്വാസികളെ വിശ്വാസത്തിലേക്കാനയിക്കുന്നതിനും വിശ്വാസികളെ അവരുടെ വിശ്വാസത്തിൽത്തന്നെ നിലനിറുത്തുന്നതിനുമുള്ള യത്നങ്ങളെ പ്രേഷിതവൃത്തി അഥവാ മിഷൻസേവനം എന്നുപറയാം. എങ്ങനെയാണു് അവിശ്വാസികളെ വിശ്വാസത്തിലേക്കാനയിക്കുന്നതു്. ഒരു വൈദികനായോ അഥവാ ഒരു അത്മായപ്രേഷിതനെന്ന നിലയ്ക്കോ മിഷൻകേന്ദ്രങ്ങളിൽപോയി അവിശ്വാസികളുടെ ഇടയിൽ സത്യസഭയെപ്പററി പഠിപ്പിച്ചും മനസ്സിലാക്കിയും അവരുടെ ദുഃഖാനത്ഥങ്ങളിൽ അവരെ ആശ്വസിപ്പിച്ചും ധനസഹായംചെയ്തും മററും അവരെ മാനസാന്തരപ്പെടുത്താം. ഇതൊന്നും കൂടാതെ പ്രാത്ഥനവഴിതന്നെ പ്രേഷിതപ്രവത്തനം നടത്താം. രാജ്യങ്ങളിലും രാജ്യാന്തരങ്ങളിലും ചുററിസഞ്ചരിച്ചു് നമ്മുടെ ഭാരതത്തിലും വന്നു അനേകമനേകം ആളുകളെ ക്രിസ്തുവിൻെറ സന്നിധിയിലേക്കു തിരിച്ചുവിട്ട വി. ഫ്രാൻസിസ് സേവിയറിനെക്കാൾ കൂടുതൽപേ

(ശേഷം 10-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-I